# താമരമൊട്ടുകൾ

വാല്യം 26 | ജൂലൈ 2024 | ലക്കം 07 | Price ₹ 20




## താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme


## July 2024


| | | |
|---|---|---|
| 02 | 10.30 | Thamarassery |
| | 17.00 | Karimbu |
| 03 | 07.00 | Kakkanadu |
| 04 | 06.30 | Marikunnu |
| | 18.00 | Kuppayakode |
| 05 | 06.30 | Thamarassery |
| | 11.30 | Kannoth |
| | 15.00 | Kozhikode |
| | 17.00 | Amalapuri |
| 06 | 10.00 | PMOC |
| | 15.00 | Kozhikode |
| 07 | 16.30 | Amalapuri |
| 07 - 12 | | Bethania |
| | 07.00 | PMOC |
| 13 | 10.00 | Devagiri |
| | 17.00 | Malaparamba |
| 14 | 07.00 | Parappanagady |
| 15 | 07.00 | Thamarassery |
| | 09.00 | Randamkadavu |
| 16 | 18.00 | Kondotty |
| 17 | 06.45 | Thottumukkam |
| 18 | 11.00 | Bethania |
| 19 | 10.00 | Chakkittapara |
| 21 | 06.00 | Kattipara |
| 22 | 07.00 | Thiruvambady |
| | 10.00 | Puthuppady |
| 23 | 11.30 | Bharananganam |
| 25 | 15.00 | Thamarassery |
| 26 | 06.30 | Thamarassery |
| 27 | 06.30 | Thamarassery |
| 28 | 06.00 | Mariapuram |
| | 19.00 | Thamarassery |
| 30 | 18.00 | Cheerattamala |

വാല്യം 26 താമരമൊട്ടുകൾ ജൂലൈ 2024 ലക്കം 07

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)




ജൂലൈ 26-ാം തിയതി ജന്മദിനം ആഘോഷിക്കുന്ന
മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്
താമരശ്ശേരി രൂപതാസമൂഹത്തിന്റെ
പ്രാർത്ഥനാശംസകൾ...

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 463 |
| 2. | പ്രോഗ്രാം ജൂലൈ 2024 | 466 |
| 3. | സർക്കുലർ 09/2024 | 467 |
| 4. | സർക്കുലർ 10/2024 | 469 |
| 5. | സർക്കുലർ 11/2024 | 471 |
| 6. | സീറോ മലബാർ സമൂഹത്തോടു പരിശുദ്ധ പിതാവ് നടത്തിയ പ്രസംഗം | 474 |
| 7. | സർക്കുലർ 08/2024 | 479 |
| 8. | കച്ചേരിക്കാര്യം | 482 |
| 9. | ലാളിത്യത്തിന്റെ നറുമലരുകൾ വിതറി പൂക്കുളം അച്ചൻ യാത്രയായി | 487 |
| 10. | റൂബിജൂബിലി | 493 |
| 11. | വിശ്വാസപരിശീലനം | 490 |
| 12. | മദ്ബഹ ശുശ്രൂഷാസംഘം (SMART) | 494 |
| 13. | ലിറ്റർജി കമ്മീഷൻ | 494 |
| 14. | ബൈബിൾ അപ്പോസ്തോലേറ്റ് | 495 |
| 15. | ഫാമിലി അപ്പോസ്തലേറ്റ് | 496 |
| 16. | കരുണാഭവൻ | 497 |
| 17. | സെമിനാരി വാർത്ത | 497 |
| 18. | ചെറുപുഷ്പ മിഷൻലീഗ് | 500 |
| 19. | തിരുബാലസഖ്യം | 503 |
| 20. | ആൽഫ മരിയ അക്കാദമി | 504 |
| 21. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 505 |
| 22. | സ്റ്റാർട്ട് | 507 |
| 23. | എയ്ഡർ എഡ്യൂകെയർ | 509 |
| 24. | കമ്മ്യൂണിക്കേഷൻ മീഡിയ | 510 |
| 25. | കെസിവൈഎം-എസ്എംവൈഎം | 511 |
| 26. | ഡിജിറ്റലൈസേഷൻ ഓഫ് ഡയോസിസ് പ്രൊജക്ട് | 516 |
| 27. | ജീസസ്സ്‌യൂത്ത് | 517 |
| 28. | ഇൻഫാം | 517 |
| 29. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 518 |
| 30. | സൊസൈറ്റി ഓഫ് സെന്റ് വൻസെന്റ് ഡി പോൾ | 520 |
| 31. | ബഥാനിയ ധ്യാനകേന്ദ്രം | 521 |
| 32. | വികസനവേദി | 523 |
| 33. | യേശുനിധി | 525 |
| 34. | അജപാലനക്കുറിപ്പുകൾ | 526 |

# BIRTH DAY Greetings

| | | | |
|---|---|---|---|
| Rev. Fathers | | | |
| | Kappil Joseph | July | 6 |
| | Ikolambil Kuriakose | | 7 |
| | Mundakal Chacko | | 9 |
| | Vayalil Abraham | | 8 |
| | Pallickavayalil John | | 12 |
| | Ezhanikattu Vincent | | 13 |
| | Pulickal Sebastian | | 14 |
| | Kavilpurayidathil Abraham | | 17 |
| | Njavallil Jose | | 17 |
| | Kizhakeveettil Jacob | | 19 |
| | Puramadathil Kurian | | 23 |
| | Choorapoikayil Mathew | | 24 |
| Bp. | Remigiose Inchananiyil | | 26 |
| Rev. Fathers | Embrayil Sebastian (Jr) | | 28 |
| | Moolechalil Varghese | | 29 |
| | Kadaplackal Thomas | | 31 |
| | Mangalamadathil Mathew | | 31 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | |
|---|---|
| Chakkittamuriyil Thomas (Sr) | July 3 |
| Chakkittamuriyil Thomas (Jr) | 3 |
| Chuvappunkal Thomas | 3 |
| Chilambikunnel Thomas | 3 |
| Eyyalil Thomas | 3 |
| Kadaplackal Thomas | 3 |
| Kalarickal Thomas | 3 |
| Kalapurackal Thomas | 3 |
| Kochukaipayil Thomas | 3 |
| Kochumuriyil Thomas | 3 |
| Kannampally Thomas | 3 |
| Kudiyirickal Thomas | 3 |
| Malapravanal Thomas | 3 |
| Nagaparambil Thomas | 3 |
| Parankulangara Thomas | 3 |
| Poriyath Thomas | 3 |
| Pulayamparambil Thomas | 3 |
| Puthiyaparambil Thomas | 3 |
| Thevadiyil Thomas | 3 |
| Vattottutharappel Thomas | 3 |

Rev. Fathers

| | |
|---|---|
| Chennamkulath Benedict | July 11 |
| Chemplani Kuriakose | 15 |
| Ikolambil Kuriakose | 15 |
| Pulickal Sibi Kurian | 15 |
| Puramadathil Kurian | 15 |
| Thalachirakuzhy Kurian | 15 |
| Thannickal Kurian | 15 |
| Thayyil Kurian | 15 |
| Panachickal Alex | 17 |
| Areethara Jacob | 25 |
| Cherickal James | 25 |
| Kappalumackal Jacob | 25 |
| Karakunnel Jacob | 25 |
| Kiliyananickal James | 25 |
| Kizhakeveettil Jacob | 25 |
| Kothanickal Chakko | 25 |
| Koothur Jacob | 25 |
| Koyipurath Jacob | 25 |
| Kuzhimattathil James | 25 |
| Mundackal Chacko | 25 |
| Plakkoottathil Jacob | 25 |
| Pulthakidiyil James | 25 |
| Puthenpurackal Jacob | 25 |
| Vallikunnel James | 25 |
| Vamattathil James | 25 |

**Mar Remigiose Inchananiyil**

## പ്രോഗ്രാം ജൂലൈ 2024

| | | |
|---|---|---|
| 03 | ബുധൻ | **ദുക്റാന** – കടമുള്ള ദിവസം |
| 07 | ഞായർ | വൈദികരുടെ വാർഷിക ധ്യാനം (7–12) |
| 15 | തിങ്കൾ | **കർമ്മലമാതാവ്** |
| 18 | വ്യാഴം | ചരമദിനം: ഫാ. ഫിലിപ്പ് പ്ലാത്തോട്ടം (2010) |
| 22 | തിങ്കൾ | **വി. മഗ്ദലേന മറിയം** |
| 23 | ചൊവ്വ | ചരമദിനം: ഫാ. ജോർജ്ജ് കഴിക്കച്ചാലിൽ (2019) |
| 25 | വ്യാഴം | **വി. യാക്കോബ് ശ്ലീഹാ** |
| 26 | വെള്ളി | **ജന്മദിനം – മാർ റെമീജിയോസ് ഇഞ്ചനാനിയിൽ** |
| | | വി. യോവാക്കിമും വി. അന്നായും |
| 27 | ശനി | ചരമദിനം: ഫാ. മാത്യു പൊയ്യക്കര (2008) |
| | | **വി. അൽഫോൻസാമ്മയുടെ തിരുനാൾ, രൂപത മദ്ധ്യസ്ഥ** |
| 29 | തിങ്കൾ | വി. മർത്താ |
| 30 | ചൊവ്വ | ചരമദിനം: ഫാ. ജോസ് മണിമലത്തറപ്പിൽ (2012), |
| | | മതബോധന ദിനം |
| 31 | ബുധൻ | വി. ഇഗ്നേഷ്യസ് ലയോള |

*സർക്കുലർ 09/2024*

# വൈദികരുടെ വാർഷിക ധ്യാനം

മിശിഹായിൽ പ്രിയപ്പെട്ടവരേ,

നമ്മുടെ രൂപതയിൽ വിവിധ ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്ന വൈദികരുടെ വാർഷികധ്യാനം പുല്ലൂരാംപാറ ബഥാനിയായിൽ വച്ച് 2024 ജൂലൈ മാസം 7 മുതൽ 12 വരെ തീയതികളിലാണ് നടക്കുന്നത്. വചനത്തിലൂടെയും കൂദാശകളിലൂടെയും ദൈവജനത്തെ പവിത്രീകരിക്കുന്ന പുരോഹിതർ തങ്ങളെതന്നെ വിശുദ്ധീകരിക്കാൻ വിനിയോഗിക്കുന്ന വിലപ്പെട്ട സമയമാണല്ലോ ഈ വാർഷിക വിചിന്തനത്തിന്റെ അവസരം.


പുരോഹിതരുടെ ആത്മീയ ഒരുക്കത്തിന്റെയും നവീകരണത്തിന്റെയും വേദിയായ വാർഷികധ്യാനം സുവിശേഷത്തിലെ അവിസ്മരണീയമായ എമ്മാവൂസ് അനുഭവമാകാൻ (ലൂക്കാ 24,13-35) വൈദികർക്കും ധ്യാനഗുരുവിനുംവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുമല്ലോ. എമ്മാവൂസിലേക്ക് പുറപ്പെട്ട ശ്ലീഹന്മാർ നിരാശരും ഭയചകിതരുമായിരുന്നു. തിരുവചനവ്യാഖ്യാനത്തിലും അപ്പംമുറിക്കൽ ശുശ്രൂഷയിലും തങ്ങളുടെ കർത്താവിനെ തിരിച്ചറിഞ്ഞ്, അവർ ആത്മാവിൽ പുതുജന്മമായി രൂപാന്തരപ്പെട്ടു. ശ്ലീഹന്മാരെപ്പോലെ ക്രിസ്തുവിന്റെ സ്നേഹവും തിരുവചനത്തിന്റെ ശക്തിയും വൈദികർക്ക് അനുഭവിക്കാനുള്ള അവസരമാകാൻ നിങ്ങളുടെ പ്രാർത്ഥന അവർക്ക് തുണയാകും. 'നാഥാ ഞങ്ങളോടൊത്ത് വസിച്ചാലും' (ലൂക്കാ 24,29) എന്ന എമ്മാവൂസ് സംഭവത്തിലെ ശ്ലീഹന്മാരുടെ സ്നേഹനിർഭരമായ അപേക്ഷ ഈ വർഷത്തെ ധ്യാന വിചിന്തനത്തിന് വിഷയമാകുമ്പോൾ സുവിശേഷത്തിൽ ആഴപ്പെട്ട നല്ലിടയന്മാരാകാൻ നമ്മുടെ രൂപതയിലെ വൈദികസമൂഹത്തിന് കൂടുതൽ സാധ്യമാകും. പൗരോഹിത്യജീവിതത്തിൽ നിരവധി വെല്ലുവിളികൾ അഭിമുഖികരിക്കുന്ന ഇക്കാലത്ത് വി. കൊച്ചുത്രേസ്യായെപ്പോലെ മറ്റെന്തിനെക്കാളും ഈശോയെ സ്വന്തമാക്കാനുള്ള ദാഹത്തിന് പ്രഥമസ്ഥാനം നൽകാൻ വിളിക്കപ്പെട്ടിരിക്കുന്നവരാണ് പുരോഹിതർ. "ഒരു സക്രാരിയിൽ എന്നപോലെ അവിടുന്ന് എന്നിൽ വസിക്കണമേ" എന്നുള്ള വിശുദ്ധയുടെ പ്രാർത്ഥന വൈദികരുടെ ജീവിതത്തിൽ യഥാർത്ഥ്യമാകാൻ ധ്യാനത്തിലുള്ള അവരുടെ സജീവമായ പങ്കാളിത്തത്തിലൂടെയും വൈദികരെ സ്നേഹിക്കുന്ന നിങ്ങളുടെ അത്മാർഥമായ പ്രാർത്ഥനയിലൂടെയും മാത്രമേ സാധിക്കുകയുള്ളൂ.

കർത്താവിനോടുള്ള വിശ്വസ്തതയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളോടുള്ള തുറവിയുമാണല്ലോ പൗരോഹിത്യത്തിന്റെ അനുഗ്രഹവും കൃപയും. ഫ്രാൻസീസ് മാർപാപ്പ ഇടവക വൈദികർക്കായി ഈ വർഷം പുറപ്പെടുവിച്ച സന്ദേശത്തിൽ ഇപ്രകാരം സൂചിപ്പിക്കുന്നു: “നമ്മെ വിളിക്കുകയും അഭിഷേചിക്കുകയും ചെയ്യുന്ന കർത്താവ്, പരിശുദ്ധാത്മാവിന്റെ സ്വരം ശ്രവിക്കാനും അവിടുന്ന് ഇന്ന് നമ്മെ നയിക്കുന്ന ദിശയിലേക്ക് മുന്നേറാനും ആഹ്വാനം ചെയ്യുന്നു”. തങ്ങളെ വിളിച്ച ക്രിസ്തു, ഈ വാർഷിക ധ്യാനാവസരത്തിൽ ചൊരിയുന്ന അനുഗ്രഹങ്ങളാണ് സുവിശേഷം സമൂഹമധ്യത്തിൽ പ്രഘോഷിക്കാനുള്ള ആത്മാഭിഷേകവും ദൈവത്തിനും ദൈവജനത്തിനുമായി ആത്മാർപ്പണം ചെയ്യാനുള്ള ആത്മശക്തിയും സ്വായത്തമാക്കുവാൻ വൈദികസമൂഹത്തിന് ശക്തി പകരുന്നത്.

ആഗോളസഭ ദൈവകരുണയുടെ വർഷത്തിലേക്ക് പ്രവേശിക്കുന്നതും മലബാർ കുടിയേറ്റത്തിന്റെ ശതാബ്ദിയും നമ്മുടെ രൂപത സ്ഥാപനത്തിന്റെ നാല്പതാം വാർഷികവും ആഗതമാകുന്ന വരുംനാളുകൾ കൂടുതൽ ദൈവാനുഗ്രഹപ്രദവും ഫലദായകവുമാകാൻ ഈ ധ്യാനാവസരം എല്ലാ വൈദികർക്കും സഹായകമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. വൈദികർക്കു വേണ്ടിയുള്ള പതിവ് പ്രാർത്ഥനകൾക്ക് പുറമേ ധ്യാനവിജയത്തിനായി കർത്താവിന്റെ സന്നിധിയിലുള്ള നിങ്ങളുടെ അപേക്ഷകൾക്ക് മുൻകൂട്ടി നന്ദിപറയുകയും ദൈവത്തിന് കൃതജ്ഞതയർപ്പിക്കുകയും ചെയ്യുന്നു.

വൈദികരുടെ രാജ്ഞിയായ പ. അമ്മയുടെയും വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെയും രൂപത മധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെയും മാധ്യസ്ഥ്യം നമ്മുടെ വൈദികരോടൊപ്പം ഉണ്ടായിരിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ 2024 ജൂലൈ 7-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

*സർക്കുലർ 10/2024*

# അൽഫോൻസ തീർത്ഥാടനം

മിശിഹായിൽ പ്രിയപ്പെട്ടവരേ,

നമ്മുടെ രൂപതയുടെ സ്വർഗീയ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാൾ ജൂലൈ 28 ാം തീയതി ആഘോഷിക്കുകയാണല്ലോ. “ഗോതമ്പുമണി നിലത്ത് വീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടി ഇരിക്കും. അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും” (യോഹ 12,24) : ക്രിസ്തുവിന്റെ ഈ വചനം സ്വന്തം ജീവിതത്തിൽ അന്വർത്ഥമാക്കി അനേകായിരങ്ങൾക്ക് ഇന്നും വിശ്വാസത്തിന്റെ പുത്തൻ ഉണർവും ആവേശവും പകരുന്ന സ്നേഹപ്രകാശമാണ് അൽഫോൻസാമ്മ. ലളിതവും സഹനപൂർണവുമായ ജീവിതം വഴി സുവിശേഷത്തിന് അനശ്വരമായ വ്യാഖ്യാനമാണ് അവൾ ഭാരതമണ്ണിൽ നല്കിയത്.


ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായ അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥതയിലുള്ള ലോകത്തിലെ പ്രഥമരൂപത താമരശ്ശേരിയാണല്ലോ. വിശുദ്ധയുടെ നാമധേയത്തിൽ നമ്മുടെ രൂപതയിൽ ധാരാളം ഇടവകകളും സ്ഥാപനങ്ങളും കോൺവെന്റുകളും വിദ്യാലയങ്ങളും പ്രവർത്തിക്കുന്നുണ്ട്. രൂപതയുടെ ഇന്നോളമുള്ള ചരിത്രം പരിശോധിക്കുമ്പോൾ വിശുദ്ധയുടെ മധ്യസ്ഥതയാൽ ദൈവപരിപാലനയുടെ ഊഷ്മളമായ അനുഭവമാണ് ദർശിക്കുവാൻ സാധിക്കുന്നത്. അൽഫോൻസാമ്മയിലൂടെ കഴിഞ്ഞ 38 വർഷങ്ങളിലായി രൂപതാകുടുംബത്തിന് ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദിയർപ്പിക്കാനുള്ള അവസരമാണ് പതിവായി ഭരണങ്ങാനത്തേക്ക് നമ്മൾ നടത്തുന്ന തീർത്ഥാടനം. അൽഫോൻസ തീർത്ഥാടന കേന്ദ്രത്തിൽ പ്രാർത്ഥിക്കുവാനായി ഒരു ദിവസം പൂർണ്ണമായി നമ്മുടെ രൂപതയ്ക്കു നൽകിയിട്ടുണ്ട്.

ഈ വർഷം ജൂലൈ 23-ാം തീയതി, ചൊവ്വാഴ്ചയാണ് ഭരങ്ങാനത്തേക്കുള്ള തീർത്ഥാടനം നടക്കുന്നത്. നമ്മൾ ഒന്നടങ്കം വി. അൽഫോൻസാമ്മയുടെ കബറിടത്തിൽ പോയി കൃതജ്ഞതയർപ്പിച്ച് പ്രാർത്ഥിക്കുവാൻ തക്കവിധം രാവിലെ 11 മണിക്ക് വി.കുർബാനയും അനു

ബന്ധശുശ്രൂഷകളും അവിടെ ക്രമീകരിച്ചിട്ടുണ്ട്. ഈ വർഷം, സാധിക്കുന്നവർ എന്നോടൊപ്പം തീർത്ഥാടനത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇടവകയിൽ നിന്നോ അല്ലെങ്കിൽ ഒന്നിലധികം ഇടവകകൾ ഒന്നുചേർന്നോ വാഹനസൗകര്യം ഒരുക്കിയാൽ തീർത്ഥാടനത്തിൽ പങ്കെടുക്കുന്നവർക്ക് ഉപകാരപ്രദമാകും. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അതിന് നേതൃത്വം നല്കുമല്ലോ. ഇടവകതലത്തിൽ ഒരുക്കുന്ന തിരുനാൾ ആഘോഷത്തിലും നൊവേനയിലും മറ്റ് ഭക്തകൃത്യങ്ങളിലും എല്ലാവരുടെയും സജീവമായ പങ്കാളിത്തമുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

ഭരണങ്ങാനം ഭാരതത്തിന്റെ ലിസ്യുവാക്കി മാറ്റിയ വി. അൽഫോൻസ, വിശുദ്ധിയിലേക്കുള്ള നമ്മുടെ പ്രയാണത്തിൽ എന്നും വഴിവിളക്കാകട്ടെയെന്ന് അശംസിക്കുന്നു. നിങ്ങൾക്കേവർക്കും എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു.

മിശിഹായിൽ സ്നേഹപൂർവം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ 2024 ജൂലൈ 14-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.



*Funeral of St. Alphonsa of the Immaculate Conception, gathered around her casket*

*സർക്കുലർ 11/2024*

# വൈദികദിനം
# വൈദിക ക്ഷേമനിധി

മിശിഹായിൽ പ്രിയപ്പെട്ടവരേ,

നമ്മുടെ രൂപതയിലെ ഇടവകകളിലും സ്ഥാപനങ്ങളിലും സേവനം ചെയ്യുന്ന വൈദികരെയും അജപാലന ശുശ്രൂഷയിൽ നിന്ന് വിരമിച്ച് വിശ്രമിക്കുന്ന വൈദികരെയും ഓർമ്മിക്കുവാനും പ്രാർത്ഥിക്കുവാനുമുള്ള ദിവസമാണ്, ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിവസമായ ആഗസ്റ്റ് 4-ാം തീയതി. കഴിഞ്ഞ വർഷങ്ങളിൽ ഈ ദിവസം വളരെ പ്രത്യേകമായി നിങ്ങൾ വൈദികരെ ഓർമിക്കു കയും പ്രാർത്ഥിക്കുകയും തിരുനാൾ ആശംസകൾ നേരുകയും ചെയ്തു. അതുപോലെ നമ്മുടെ വൈദികരുടെ സംരക്ഷണ ത്തിനായി എടുക്കുന്ന സ്തോത്രകാഴ്ചയിൽ നിങ്ങൾ ആത്മാർത്ഥ മായി സഹകരിച്ചു. രൂപതയിലെ വൈദികരുടെ പേരിൽ നിങ്ങൾക്ക് നന്ദി പറയുന്നു.

ഈ വർഷവും വി. വിയാനിയുടെ തിരുനാൾ ദിവസം വൈദിക ദിനമായി ആചരിക്കുകയാണ്. പൗരോഹിത്യമെന്ന വലിയ ദാനം സ്വീകരിച്ചുകൊണ്ട് ബലിയർപ്പണത്തിലൂടെയും ഇതര കൂദാശ കളുടെ പരികർമ്മങ്ങളിലൂടെയും ഈശോയുടെ രക്ഷാകര ദൗത്യത്തിന്റെ തുടർച്ച സഭയിൽ നിർവ്വഹിക്കുന്നവരാണ് പുരോ ഹിതർ. ആത്മീയതലത്തിൽ മാത്രം ഒതുങ്ങി നിൽക്കാതെ ഇടവക കളുടെയും സ്ഥാപനങ്ങളുടെയും സമഗ്രപുരോഗതിക്കു വേണ്ടി കഠിനാധ്വാനം ചെയ്യുന്ന വൈദികരാണ് നമ്മുടെ രൂപതയിലുള്ളത്. ഈശോയുടെ ദൗത്യം വിവിധ തലങ്ങളിൽ പ്രായോഗികമാക്കുന്നതിന്, പുരോഹിതർ മറ്റാർക്കും ചെയ്യാനാവാത്ത ഉത്തര വാദിത്തമാണ് നിർവ്വഹിക്കുന്നത്.

താമരശ്ശേരി രൂപതയിൽ ഇപ്പോൾ 210 വൈദികരുണ്ട്. ഇതിൽ 188 വൈദികർ ഇടവകകളിലും സ്ഥാപനങ്ങളിലും സേവനം ചെയ്യുന്നവരാണ്. ഏതാനും പുരോഹിതർ രൂപതയ്ക്കകത്തും പുറത്തുമായി ജോലിചെയ്യുകയും പഠിക്കുകയും ചെയ്യുന്നു. 22 വൈദികരാണ് രണ്ട് പ്രീസ്റ്റ് ഹോമുകളിലായി വിശ്രമജീവിതം നയിക്കുന്നത്. കോഴിക്കോട് മേരിക്കുന്നിലും ഈരൂട് ഇടവക

ദൈവാലയത്തോട് ചേർന്നും നിർമ്മിച്ചിട്ടുള്ള ഈ ഭവനങ്ങളിൽ താമസിക്കുന്ന ബഹുമാനപ്പെട്ട അച്ചന്മാർ നമ്മുടെ രൂപതയുടെ മാത്രമല്ല മലബാറിന്റെ തന്നെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് കാര്യമായ സംഭാവനകൾ ചെയ്തവരാണ്. അഭിവന്ദ്യ മങ്കുഴിക്കരി പിതാവും പോൾ ചിറ്റിലപ്പിള്ളി പിതാവും 43 വൈദി കരും നിത്യസമ്മാനത്തിനായി ഇതിനോടകം വിളിക്കപ്പെട്ടു. പ്രാർത്ഥനാപൂർവം അവരെയും നമുക്ക് അനുസ്മരിക്കാം. അതു പോലെ, ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുചേരുവാൻ രൂപീകരണ ത്തിലായിരിക്കുന്ന വൈദികവിദ്യാർത്ഥികളെയും അവരെ ഉദാരതയോടെ പിന്തുണയ്ക്കുന്ന മാതാപിതാക്കളെയും കുടുംബാംഗങ്ങളെയും ഉപകാരികളെയും നന്ദിയോടെ ഓർക്കുന്നു.

പ്രിയമുള്ളവരേ, നമ്മുടെ വൈദികരെ നമുക്ക് കൂടുതൽ സ്നേഹിക്കാം. ഒരു ഇടവക സമൂഹത്തിൽ വൈദികൻ തന്റെ പൗരോഹിത്യ ശുശ്രൂഷ സന്തോഷപ്രദമായി നിർവഹിക്കുന്നതിന് അനുകൂലമായ സാഹചര്യങ്ങൾ രൂപപ്പെടുത്തുന്നതിൽ നിരന്തരം ശ്രദ്ധിക്കണം. പൗരോഹിത്യത്തെ ബഹുമാനിക്കുന്നവർ ഈശോയെയാണ് ബഹുമാനിക്കുന്നത്. ഒരു പുരോഹിതന് ദൈവജനം നൽകേണ്ട ആദരവും ബഹുമാനവും അദ്ദേഹത്തിന്റെ വ്യക്തിപരമായ നേട്ടങ്ങളുടെയോ മികവിന്റെയോ അടിസ്ഥാനത്തി ലാകരുത്. മറിച്ച്, ഈശോ സ്വന്തമാക്കിയിരിക്കുന്ന വ്യക്തിയാണ് ഓരോ വൈദികനും എന്ന നിലയിലായിരിക്കണം. വൈദികരും മനുഷ്യരാണ്. എന്നാൽ അവരുടെ കുറവുകളും പോരായ്മകളും പെരുപ്പിച്ച് കാണിച്ച് മനസു തളർത്താതെ കൂടെനിന്ന് പിന്തുണ യ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമ്പോൾ കൂടുതൽ പ്രതിബദ്ധതയോടും വിശുദ്ധിയോടുംകൂടെ പൗരോഹിത്യ ശുശ്രൂഷ ചെയ്യുവാൻ വൈദികർക്ക് പ്രചോദനം ലഭിക്കും.


വൈദികക്ഷേമനിധിയിലേക്ക് നിങ്ങൾ നൽകുന്ന സംഭാവ നകൾ രോഗികളും വിശ്രമജീവിതം നയിക്കുന്നവരുമായ വൈദിക രുടെ സംരക്ഷണത്തിന് വേണ്ടിയാണ് ചിലവഴിക്കുന്നത്. മുൻ വർഷങ്ങളി ലേതുപോലെ വൈദിക ക്ഷേമനിധിയിലേക്കുള്ള നിങ്ങളുടെ സംഭാവന ആഗസ്റ്റ് 4-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ സ്തോത്രക്കാഴ്ച യായി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ ഭവനങ്ങളിൽ എത്തി ക്കുന്ന കവറിലാണ് സംഭാവന നൽകേണ്ടത്. ഒരു വർഷം ശരാശരി ഒരു കോടിയോളം രൂപ വൈദികർക്ക് മെഡിക്കൽ ആവശ്യത്തിനു മാത്രമായി ചില വാകുന്നുണ്ട്. പലവിധ മാർഗങ്ങളിലൂടെയാണ് ചികിത്സയ്ക്കാവശ്യമുള്ള ഈ

തുക സ്വരൂപിക്കുന്നത്. അതിലേറ്റവും പ്രധാനപ്പെട്ടത് വൈദിക ക്ഷേമനിധിയിലേക്ക് നിങ്ങൾ നൽകുന്ന ഉദാരമായ സംഭാവനയാണ്. 43 ലക്ഷത്തോളം രൂപയാണ് വൈദിക ക്ഷേമനിധിയിലേക്ക് സംഭാവനായി കഴിഞ്ഞവർഷം നിങ്ങൾ നൽകിയത്. “ഈ ചെറിയവരിൽ ഒരുവന്, ശിഷ്യന് എന്ന നിലയിൽ ഒരു പാത്രം വെള്ളമെങ്കിലും കൊടുക്കുന്നവന് പ്രതിഫലം ലഭിക്കാതിരിക്കയില്ലെന്ന് സത്യമായി ഞാൻ നിങ്ങളോട് പറയുന്നു” (മത്താ 10,42). വൈദികരുടെ ചികിത്സയ്ക്കും സംരക്ഷണത്തിനുമായി നിങ്ങളോരോരുത്തരും സന്തോഷത്തോടെ സമർപ്പിക്കുന്ന കാഴ്ചകൾ നൂറുമടങ്ങായി ദൈവം തിരികെനൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വൈദികദിനത്തിൽ നമ്മുടെ വികാരിയച്ചന്മാരെയും കൊച്ചച്ച ന്മാരെയും വിവിധ മേഖലകളിൽ സേവനം ചെയ്യുന്നവരെയും ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. വൈദികദിനത്തിന്റെ ആശംസകൾ അച്ചന്മാർക്ക് നേരുന്നത് സന്തോഷകരമായ കാര്യമാണ്. പ്രീസ്റ്റ് ഹോമിൽ വിശ്രമിക്കുന്ന മുൻ വികാരിയച്ചന്മാരെ സമയം കിട്ടുമ്പോൾ സന്ദർശിക്കാൻ മറക്കരുത്. നമ്മുടെ കുടുംബങ്ങളിൽ ദൈവവിളി പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന തെല്ലാം ചെയ്യുമല്ലോ.

രൂപതയിലെ എല്ലാ വൈദികർക്കും രൂപതയിൽ സേവനം ചെയ്യുന്ന സമർപ്പിതവൈദികർക്കും അവർ ചെയ്യുന്ന സേവന ങ്ങളെപ്രതി നന്ദി പറയുവാൻ ഈ അവസരം വിനിയോഗിക്കുന്നു. വൈദികരുടെ രാജ്ഞിയായ പരിശുദ്ധ അമ്മയും സ്വർഗീയ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയും രൂപത മധ്യസ്ഥയായ വി. അൽഫോൻസാമ്മയും നമ്മുടെ വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരുടെ ശുശ്രൂഷ ഫലമണിയിക്കുകയും ചെയ്യട്ടെ.

സ്നേഹപൂർവം



**✠ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ 2024 ജൂലൈ 28-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

# സീറോമലബാർ സഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ ആദ്യത്തെ ഔദ്യഗിക സന്ദർശനവേളയിൽ മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരും ഉൾപ്പെട്ട സീറോമലബാർ സമൂഹ ത്തോടു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ നടത്തിയ പ്രസംഗം

ആദരണീയ മേജർ ആർച്ചുബിഷപ്പ്, വന്ദ്യപിതാക്കന്മാരേ, പ്രിയ സഹോദരീസഹോദരന്മാരേ,

അങ്ങയെയും അങ്ങയുടെ സഹോദരമെത്രാന്മാരെയും മേജർ ആർച്ചുബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം അങ്ങു നടത്തുന്ന ആദ്യത്തെ റോമായാത്രയിൽ അങ്ങയെ അനുധാവനം ചെയ്യുന്നവരെയും സ്വാഗതംചെയ്യാൻ എനിക്ക് ഏറെ സന്തോഷമുണ്ട്. ഈ തെരഞ്ഞെടുപ്പു നടന്നതു നന്നായി. റോമിലെ സീറോമലബാർസമൂഹത്തിന്റെ പ്രതിനിധികളെയും ഞാൻ സാഹോദര്യത്തോടെ അഭിവാദ്യം ചെയ്യുന്നു.

നിങ്ങളുടെ പ്രിയ സഭയുടെ വിശ്വാസികൾ ഇന്ത്യയിൽ മാത്രമല്ല, ലോകത്താകമാനം വിശ്വാസത്തിന്റെയും ഭക്തിയുടെയും തീക്ഷ്ണതയാൽ അറിയപ്പെടുന്നവരാണ്. ഭാരതത്തിന്റെ അപ്പോസ്തലനായ തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വസാക്ഷ്യത്തിൽ വേരൂന്നിയിരിക്കുന്നതിനാൽ അതിപുരാതനമാണ് നിങ്ങളുടെ വിശ്വാസത്തിന്റെ ഉത്ഭവം. നിങ്ങളെല്ലാവരും അദ്ദേഹത്തിന്റെ അപ്പസ്തോലിക പ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും അവകാശികളുമാണ്. നിങ്ങളുടെ ദീർഘവും ദുഷ്കരവുമായ ചരിത്രത്തിൽ, വിശ്വാസകൂട്ടായ്മയിലെ ചില അംഗങ്ങൾ, അഭിവൃദ്ധി പ്രാപിക്കുന്ന നിങ്ങളുടെ സഭയുടെ പ്രത്യേകസ്വഭാവം മനസ്സിലാക്കാതെ, നിങ്ങൾ ക്കെതിരെ നിർഭാഗ്യകരമായ പ്രവൃത്തികൾ ചെയ്യുന്നതുൾപ്പെടെയുള്ള നിരവധി വെല്ലുവിളികൾ നിങ്ങൾക്ക് നേരിടേണ്ടിവന്നിട്ടുണ്ട്. എന്നിട്ടും നിങ്ങൾ പത്രോസിന്റെ പിൻഗാമിയോട് എന്നും അചഞ്ചലമായ കൂറുപുലർത്തി . അതുകൊണ്ട്, നിങ്ങളെയെല്ലാവരെയും സ്വാഗതം ചെയ്യുന്നതിനും നിങ്ങൾ സ്വീകരിച്ചതും മുന്നോട്ടുകൊണ്ടുപോവുകയുംചെയ്യുന്ന നിങ്ങളുടെ മഹത്ത്വപൂർണ്ണമായ പാരമ്പര്യത്തിൽ നിങ്ങളെ സ്ഥിരീകരിക്കുന്നതിനും എനിക്കു വലിയ ആനന്ദം തോന്നുന്നു. നിങ്ങൾ അനുസരണയുള്ളവരാണ്; അനുസരണയുള്ളിടത്ത് സഭയുണ്ട്. അനുസരണക്കേടുള്ളിടത്ത് ശീശ്മ ഉണ്ടാവും. നിങ്ങൾ അനുസരണയുള്ളവരാണ്; അനുസരണം നിങ്ങളുടെ വലിയ ഗുണങ്ങളിൽ ഒന്നാണ്. ഇത് സഹനം ഇല്ലാതെ അല്ല എന്നെനിക്കറിയാം, എന്നാലും തുടർന്നും മുന്നോട്ടുപോവുക.

അനന്യവും അമൂല്യവുമാണ് നിങ്ങളുടെ ചരിത്രം; അതു ദൈവത്തിന്റെ എല്ലാ വിശുദ്ധ ജനതകളുടെയും ഒരു പ്രത്യേക പൈതൃകമാണ്. പൗരസ്ത്യപാരമ്പര്യങ്ങൾ സഭയുടെ ജീവിതത്തിലെ മാറ്റിനിർത്താനാവാത്ത നിധികളാണ് എന്ന് ഉറപ്പിച്ചുപറയാൻ ഈ അവസരം ഞാൻ ഉപയോഗിക്കുന്നു. കഴിഞ്ഞകാലവുമായി നമ്മെ ബന്ധിപ്പിക്കുന്ന കണ്ണികൾ മുറിച്ചുകളയുകയും എന്താണ് ഉപകാരപ്രദവും അടിയന്തരവും എന്നുമാത്രം കണക്കാക്കി തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്ന നമ്മുടേതുപോലെയുള്ള ഒരു കാലഘട്ടത്തിൽ അതു സവിശേഷമായി അനുസ്മരിക്കുന്നത് ഏറെ പ്രസക്തമാണ്. നിർഭാഗ്യവശാൽ  മതപരമായ സമീപനങ്ങളിലും ഈ മനോഭാവം ഉണ്ട്. പൗരസ്ത്യ ക്രൈസ്തവർ നമ്മെ ആത്മീയതയുടെ പ്രാചീനവും നിത്യനൂതനമായ സ്രോതസുകളിൽനിന്നു നുകരാൻ അനുവദിക്കുന്നു; സഭയ്ക്കു ചലനാത്മകത പകരുന്ന പുത്തൻ ഉറവകളായി അതു മാറുകയാണ്. അതുകൊണ്ടു റോമിലെ മെത്രാൻ എന്ന നിലയിൽ സീറോമലബാർ കത്തോലിക്കാസഭാംഗങ്ങളായ നിങ്ങളെ, മഹത്തായ ആരാധനാപരവും ആത്മീയവും സാംസ്കാരികവുമായ നിങ്ങളുടെ പൈതൃകം എന്നും ഏറെ തിളക്കത്തോടെ പ്രകാശിതമാകുന്നതിനുവേണ്ടി,  നിങ്ങൾ എവിടെയായാലും നിങ്ങളുടെ സ്വയംഭരണാവകാശമുള്ള സഭയോടു ചേർന്നുനില്ക്കാൻ നിങ്ങളെ ഞാൻ പ്രോത്സാഹിപ്പിക്കുന്നു. മധ്യപൂർവദേശത്തുള്ള നിങ്ങളുടെ എല്ലാ കുടിയേറ്റക്കാരുടെമേലും ഭരണാധികാരം ലഭിക്കുന്നതിനായി ചോദിക്കാൻ മേജർ ആർച്ചുബിഷപ്പിനോടു ഞാൻ പറഞ്ഞിട്ടുണ്ട്. ഈ ഭരണാവകാശത്തിനായി രേഖാമൂലം ആവശ്യപ്പെടാനാണ് ഞാൻ പറഞ്ഞത്, എന്നാൽ ആ അധികാരം ഇന്നു നിങ്ങൾക്കു ഞാൻ നല്കുന്നു; അത് നിങ്ങൾക്ക് വിനിയോഗിച്ചു തുടങ്ങാവുന്നതാണ്.  അതു രേഖാമൂലം ആക്കേണ്ടതുണ്ട്, പക്ഷേ നിങ്ങൾക്ക് ഇന്നുമുതൽ അതു വിനിയോഗിക്കാം. ഞാൻ നിങ്ങളെ മറികടക്കാനല്ല, സഹായിക്കുന്നതിനാണ് ആഗ്രഹിക്കുന്നത്; കാരണം നിങ്ങളുടെ സഭയുടെ സ്വയംഭരണാവകാശ സ്വഭാവമനുസരിച്ച് നിങ്ങൾ നേരിടുന്ന സാഹചര്യങ്ങളെയും  വെല്ലുവിളികളെയും ശ്രദ്ധയോടെ വിലയിരുത്തുന്നതിനുമാത്രമല്ല മേജർ ആർച്ചുബിഷപ്പിന്റെയും സിനഡിന്റെയും നിർദ്ദേശത്തോടു വിശ്വസ്തതപുലർത്തിക്കൊണ്ട്, ഉത്തരവാദിത്തത്തോടും സുവിശേഷധീരതയോടുംകൂടി അവയെ നേരിടുന്നതിനുവേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും നിങ്ങൾക്ക് അധികാരമുണ്ട്. ഇതാണ് സഭ ആവശ്യപ്പെടുന്നത്; പത്രോസിനെകൂടാതെ, മേജർ ആർച്ചുബിഷപ്പിനെകൂടാതെ  സഭയില്ല.

ഈ ലക്ഷ്യത്തോടെ, ഒരു കാര്യത്തിൽ മാത്രം കേന്ദ്രീകരിച്ചുകൊണ്ടു, സഭയുടെ നന്മയ്ക്ക് അപകടം വരുത്തിക്കൊണ്ടുപോലും, വിട്ടുവീഴ്ചയില്ലാതെ കടുംപിടുത്തത്തിനുള്ള പ്രലോഭനം ഉണ്ടാക്കുന്ന ആപത്തിനെക്കുറിച്ചു മുന്നറിയിപ്പുനല്കിക്കൊണ്ട് അടുത്തകാലത്തായി ഞാൻ വിശ്വാസികൾക്കു കത്തുകളും

വീഡിയോസന്ദേശവും അയക്കുകയുണ്ടായി. ഈ പ്രലോഭനം മുളയെടുക്കുന്നതു തന്റേതല്ലാത്ത മറ്റൊരു ചിന്താരീതിയെയും ശ്രദ്ധിക്കാത്ത, സ്വയം മാനദണ്ഡമാക്കുന്ന ശൈലിയിൽനിന്നുമാണ്. സ്പാനിഷ് ഭാഷയിൽ സ്വയം മാനദണ്ഡമാക്കുന്ന ശൈലിയെ ഞങ്ങൾ ഇങ്ങനെ വിവരിക്കാറുണ്ട്: 'ഞാൻ, എനിക്ക്, എന്റെകൂടെ, എനിക്കുവേണ്ടി, എല്ലാം എനിക്കുവേണ്ടി. ഇവിടെയാണ് പിശാച്, ഭിന്നിപ്പിക്കുന്നവൻ, യഥാർഥത്തിൽ നിലനില്ക്കുന്നവനായ അവൻ, നുഴഞ്ഞുകയറി, നമ്മുടെ കർത്താവു മരിക്കുന്നതിനുമുമ്പു പ്രകടിപ്പിച്ച, വിഭജനമോ കൂട്ടായ്മയുടെ തകർച്ചയോ ഇല്ലാതെ, അവിടുത്തെ ശിഷ്യരായ നമ്മൾ ഒന്നാകണം (യോഹ. 17:21) എന്ന ഏറ്റവും ഹൃദയസ്പർശിയായ ആഗ്രഹത്തെ തകിടംമറിക്കുന്നത്. ഇക്കാരണത്താൽ, ഐക്യം നിലനിറുത്തുക എന്നതു കേവലം ഒരു നല്ല ഉപദേശം മാത്രമല്ല, കർത്തവ്യമാണ്; പ്രത്യേകിച്ചും അനുസരണ വാഗ്ദാനംചെയ്തിട്ടുള്ളതും, പെരുമാറ്റത്തിൽ ഉപവിയും ശാന്തതയും വിശ്വാസികൾ പ്രതീക്ഷിക്കുന്നതുമായ വൈദികരുടെ കാര്യത്തിൽ.

ആദരണീയ മേജർ ആർച്ചുബിഷപ്പ്, കൂട്ടായ്മ പരിപാലിക്കുന്നതിനു നിശ്ചയദാർഢ്യത്തോടെ നമുക്കു പ്രവർത്തിക്കുകയും കാർക്കശ്യത്തിലേക്കും ഭിന്നിപ്പിലേക്കും നയിക്കുന്ന ലൗകികതയാൽ പ്രലോഭിക്കപ്പെടുന്ന നമ്മുടെ സഹോദരീസഹോദരന്മാർ, തങ്ങളെ സ്നേഹിക്കുകയും തങ്ങൾക്കായി കാത്തിരിക്കുകയും ചെയ്യുന്ന വലിയ കുടുംബത്തിന്റെ ഭാഗമാണു തങ്ങളെന്നു തിരിച്ചറിയുന്നതിനായി അക്ഷീണം പ്രാർഥിക്കുകയും ചെയ്യാം. ഒരിക്കൽ അനുതപിക്കുമ്പോൾ അവർക്കു തിരികെപ്രവേശിക്കുന്നതിനു (cf. സുവിശേഷത്തിന്റെ ആനന്ദം, 46) ഒരു തടസവും ഉണ്ടാകാതിരിക്കാൻ ധൂർത്തപുത്രന്റെ ഉപമയിലെ പിതാവിനെപ്പോലെ നമുക്കു വാതിലുകൾ തുറന്നുതന്നെയിടാം; നമ്മുടെ ഹൃദയങ്ങളും തുറന്നിടാം; നാം അവർക്കുവേണ്ടി കാത്തിരിക്കുന്നു. ഭയം കൂടാതെ നമുക്ക് ഒരുമിച്ചുവരികയും ചർച്ചചെയ്യുകയും ചെയ്യാം, അതു നല്ലതാണ്; എന്നാൽ എല്ലാറ്റിനുമുപരി, ഭിന്നതകളെ അനുരഞ്ജിപ്പിക്കുകയും സംഘർഷങ്ങളെ ഐക്യത്തിലേക്കു തിരികെ കൊണ്ടുവരികയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ പ്രകാശം തർക്കങ്ങൾ പരിഹരിക്കുന്നതിനായി നമുക്കു പ്രാർഥിക്കാം. ഒരു കാര്യം ഉറപ്പാണ്: അഹങ്കാരവും പരസ്പരമുള്ള കുറ്റപ്പെടുത്തലുകളും അസൂയയും കർത്താവിൽനിന്നുള്ളതല്ല; അവ ഒരിക്കലും യോജിപ്പിലേക്കും സമാധാനത്തിലേക്കും നയിക്കില്ല. നമുക്കിടയിലെ അവിടത്തെ സാന്നിധ്യത്തിന്റെ പരമോന്നത രൂപമായ, സ്നേഹത്തിന്റെയും ഐക്യത്തിന്റെയും കൂദാശയായ പരിശുദ്ധ കുർബാന യോട്, അതിന്റെ അർപ്പണത്തെക്കുറിച്ചുള്ള വിശദാംശങ്ങളെക്കുറിച്ചുള്ള തർക്കംമൂലം കാണിക്കുന്ന കടുത്ത അനാദരവ് ക്രൈസ്തവവിശ്വാസത്തിനു വിരുദ്ധമായ പ്രവൃത്തിയാണ്. നമ്മെ വഴിനയിക്കേണ്ട മാനദണ്ഡം, പരിശു

ദ്ധാത്മാവിൽനിന്നു വരുന്ന യഥാർഥ ആത്മീയതയുടെ മാനദണ്ഡമായ കൂട്ടായ്മ യാണ്: ഇത് ഐക്യത്തിനായുള്ള നമ്മുടെ സമർപ്പണത്തെയും നമുക്കു ലഭിച്ച ദാനങ്ങളോടുള്ള വിശ്വസ്തവും വിനയാന്വിതവും ആദരപൂർവകവുമായ സമീ പനത്തെയുംകുറിച്ച് ആത്മപരിശോധന നടത്താൻ നമ്മോട് ആവശ്യപ്പെടുന്നു.

ബുദ്ധിമുട്ടുകളുടെയും പ്രതിസന്ധികളുടെയും സമയങ്ങളിൽ നിരുത്സാഹമോ നിസഹായതാബോധമോ നിങ്ങളെ കീഴ്പ്പെടുത്താൻ അനുവദിക്കരുതെന്ന് എ ല്ലാവരോടും പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സഹോദരീസഹോദരന്മാരേ, നമു ക്കു പ്രത്യാശകെടുത്താതെയും ക്ഷമകാണിക്കുന്നതിൽ തളർന്നുപോകാതെയും വിദ്വേഷം ഊട്ടിവളർത്തുന്ന മുൻവിധികളാൽ അടച്ചുപൂട്ടപ്പെടാതെയുമിരിക്കാം. പിന്നെയോ, കർത്താവു നമ്മെ ഏല്പ്പിച്ചിരിക്കുന്ന വിശാലമായ ഉത്തരവാദിത്ത ങ്ങളെക്കുറിച്ച്, അവിശ്വാസികൾക്കു ഇടർച്ചയാകാതെ, ലോകത്തിൽ അവിടത്തെ സാന്നിധ്യത്തിന്റെ അടയാളമാകുന്നതിനുള്ള വിളിയെക്കുറിച്ചു ചിന്തിക്കാം. തീ രുമാനങ്ങൾ എടുക്കുമ്പോൾ ഇന്ത്യയിലും പുറത്തുമുള്ള പാവങ്ങളെയും പരി ത്യക്തരെയും പാർശ്വവത്ക്കരിക്കപ്പെട്ടവരെയും അസ്തിത്വപ്രതിസന്ധി നേരി ടുന്നവരെയുംകുറിച്ചു നമുക്കു ചിന്തിക്കാം. പ്രത്യാശയുടെയും സാന്ത്വനത്തി ന്റെയും അടയാളങ്ങൾക്കായി കാത്തിരിക്കുന്ന വേദന അനുഭവിക്കുന്നവരെ ന മുക്കു കണക്കിലെടുക്കാം. പലസ്ഥലത്തും ക്രൈസ്തവരുടെ ജീവിതം വലിയ ബുദ്ധിമുട്ടിലാണെന്ന് എനിക്കറിയാം; എന്നാൽ ക്രൈസ്തവരായ നാം തിന്മയോടു പ്രതികരിക്കുന്നത് നന്മ കൊണ്ടാണ് എന്നതും എല്ലാ വിശ്വാസികൾക്കുമൊപ്പം നാം മാനവകുലത്തിന്റെ നന്മക്കായി അക്ഷീണം പ്രയത്നിക്കുന്നു എന്നതുമാണ് നമ്മുടെ വ്യത്യാസം.

കുടുംബരൂപീകരണം, മതബോധനം എന്നീ മേഖലകളിൽ നിങ്ങളുടെ സഭ പുലർത്തുന്ന പ്രതിബദ്ധതയ്ക്കു നന്ദിപറയാൻ ഞാൻ ആഗ്രഹിക്കുന്നതോടൊപ്പം യുവജനങ്ങളെയും ദൈവവിളികളെയും ലക്ഷ്യമാക്കിയുള്ള നിങ്ങളുടെ അജ പാലനപ്രവർത്തനങ്ങളെ ഞാൻ പിന്തുണക്കുന്നു. പ്രാർഥനയിൽ ഞാൻ നിങ്ങളോ ടൊപ്പമുണ്ട്; എന്റെ ഹൃദയത്തിൽ എല്ലാദിവസവും നിങ്ങളെ സംവഹിക്കുകയും ചെയ്യുന്നു. എന്റെ ഈ പ്രോത്സാഹനം നിങ്ങളുടെ സഹോദരീസഹോദരന്മാ രിലേക്കും എത്തിക്കുക.

നമ്മെ സ്നേഹിക്കുകയും നമ്മെ ഒന്നാക്കുകയുംചെയ്യുന്ന, അൾത്താരയ്ക്കു ചുറ്റും നാം ഒരു കുടുംബമായി ഐക്യത്തിൽ ആകണമെന്ന് ആഗ്രഹിക്കുന്ന, ക്രൂശിതനും ഉത്ഥാനംചെയ്തവനുമായ ഈശോയിലേക്കു നമുക്ക് ഒരുമിച്ചു നോക്കാം. തോമ്മാശ്ലീഹായെപ്പോലെ നമുക്ക് അവിടത്തെ മുറിവുകളിലേക്കു നോക്കാം. വിശക്കുന്നവന്റെയും ദാഹിക്കുന്നവന്റെയും പരിത്യക്തന്റെയും തട വറയിലും ആശുപത്രികളിലും തെരുവോരങ്ങളിലും കഴിയുന്നവരുടെയും ശരീ

രങ്ങളിൽ ഇന്നു നാം അതു കാണുന്നു. ഈ സഹോദരീസഹോദരന്മാരെ നാം ആർദ്രതയോടെ സ്പർശിക്കുമ്പോൾ ജീവിക്കുന്നദൈവത്തെ നമുക്കിടയിലേക്ക് നാം സ്വാഗതംചെയ്യുകയാണ്. അപ്പസ്തോലന്മാരെ സ്തബ്ധരാക്കുകയും പ്രത്യാശയില്ലാത്ത കുറ്റബോധത്തിലേക്ക് എറിയപ്പെടാൻ കാരണവുമായിരുന്ന ഈശോയുടെ മുറിവുകളിലേക്കു തോമ്മാശ്ലീഹായെപ്പോലെ നമുക്കു നോക്കുകയും ആ മുറിവുകളിൽനിന്നാണ് കർത്താവ് ക്ഷമയുടെയും കരുണയുടെയും നീർച്ചാലുകൾ പ്രവഹിപ്പിച്ചത് എന്നതു മനസിലാക്കുകയും ചെയ്യാം. ഒരു വലിയ ഹൃദയം; എല്ലായ്പ്പോഴും ഒരു വലിയ ഹൃദയം! അവയെക്കുറിച്ച് ധ്യാനിക്കുകയും തന്റെ സംശയങ്ങളും ഭയങ്ങളും അവിടുത്തെ മഹത്ത്വത്തിനുമുന്നിൽ അപ്രത്യക്ഷമായത് കാണുകയും ചെയ്തപ്പോൾ തോമ്മാശ്ലീഹായ്ക്ക് എത്ര വലിയ വിസ്മയമായിരിക്കും ഉണ്ടായത്! പ്രത്യാശ ജനിപ്പിക്കുന്ന വിസ്മയമാണത്; പുറത്തേക്കിറങ്ങാൻ, പുതിയ അതിർത്തികൾ മറികടക്കാൻ, അങ്ങനെ വിശ്വാസത്തിൽ നിങ്ങളുടെ പിതാവാകാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച വിസ്മയം! എല്ലാ തടസ്സങ്ങ ളെയും മറികടക്കാൻ നമ്മെ പ്രാപ്തരാക്കുന്ന വിശ്വാസത്തിന്റെ ഈ വിസ്മയം നമുക്കും വളർത്തിയെടുക്കാം.

പത്രോസിന്റെയും പൗലോസിന്റെയും നഗരമായ റോമിലെ മാർത്തോമ്മായുടെ മക്കളായ, റോമിലെ പ്രിയ സീറോമലബാർ വിശ്വാസികളേ, നിങ്ങൾക്ക് ഒരു പ്രത്യേക ദൗത്യം നിറവേറ്റാനുണ്ട്. ഉപവിയുടെ സാർവത്രികകൂട്ടായ്മയിൽ അധ്യക്ഷ്യം വഹിക്കുന്ന (cf. അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസിന്റെ റോമാക്കാർക്കുള്ള കത്ത്) ഈ സഭയിൽനിന്നു, കേരളത്തിൽ മാത്രമല്ല ഭാരതത്തിലും ലോകം മുഴുവനിലും നിങ്ങളുടെ സഭയിലെ ഐക്യത്തിനുവേണ്ടി പ്രാർഥിക്കാനും പ്രത്യേക വിധത്തിൽ സഹകരിക്കുവാനുംവേണ്ടി നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. ദൈവവിളികളുടെ നിധിശേഖരമാണ് കേരളം! അത് അങ്ങനെ തുടരാൻ നമുക്കു പ്രാർഥിക്കാം.

ആദരണീയ മേജർ ആർച്ചുബിഷപ്, അങ്ങയുടെ സഹോദരനിർവിശേഷമായ സന്ദർശനത്തിനു നന്ദി. അതിൽ എനിക്ക് ഏറെ ആനന്ദമുണ്ട്. പ്രിയ സഹോദരീസഹോദരന്മാരേ, ഹൃദയത്തിന്റെ അഗാധതയിൽനിന്നു ഞാൻ നിങ്ങളെ ആശീർവദിക്കുകയും പരിശുദ്ധ കന്യകാമറിയത്തിനും മാർത്തോമ്മാശ്ലീഹായ്ക്കും നിങ്ങളുടെ വിശുദ്ധർക്കും രക്തസാക്ഷികൾക്കും ഞാൻ നിങ്ങളെ ഭരമേൽപ്പിക്കുകയും ചെയ്യുന്നതോടൊപ്പം എനിക്കുവേണ്ടി പ്രാർഥിക്കാൻ മറക്കരുതേ എന്ന് അഭ്യർഥിക്കുകയും ചെയ്യുന്നു. എല്ലാവർക്കും നന്ദി, ഒത്തിരി നന്ദി.

*2024 മെയ് 13 , തിങ്കളാഴ്ച പുറപ്പെടുവിച്ചത്*

*സർക്കുലർ 08/2024*

# വിശ്വാസപരിശീലന വർഷാരംഭം 2024-25

മിശിഹായിൽ പ്രിയപ്പെട്ടവരേ,

ജൂൺ ആരംഭത്തിൽ നമ്മുടെ കുഞ്ഞുങ്ങളുടെ പുതിയ അധ്യയനവർഷം ആരംഭിക്കുകയാണല്ലോ. കുട്ടികളായ നിങ്ങൾക്കെല്ലാവർക്കും ദൈവാനുഗ്രഹവും പ്രാർത്ഥനയും ഈയവസരത്തിൽ നേരുന്നു. "ദൈവഭക്തിയാണ് അറിവിന്റെ ഉറവിടമെന്ന്" (1, 7) സുഭാഷിതങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. ഈ അധ്യയന വർഷം ഏറ്റവും വിജയപ്രദമാകാൻ ദൈവത്തിന്റെ കരങ്ങളിൽ നമ്മെ ഓരോരുത്തരെയും പ്രത്യേകിച്ച് വിദ്യാർത്ഥികളെയും മാതാപിതാക്കളെയും അധ്യാപക-അനധ്യാപകരെയും വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന സർവ്വരെയും സമർപ്പിക്കുന്നു. ജൂൺ 2 ഞായറാഴ്ചയാണല്ലോ ഇക്കൊ ല്ലത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ ആരംഭിക്കുന്നത്. മിശിഹായുടെ രക്ഷാകര രഹസ്യങ്ങളെ അടുത്തറിയാനും ക്രിസ്തുവിനോടും സഭയോടുമുള്ള സ്നേഹത്തിൽ വളരാനും പുതിയ അധ്യയനവർഷം സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഈ വർഷം മതബോധന പ്രമേയമായി സ്വീകരിച്ചിരിക്കുന്നത് വി. മർക്കോസിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന **"സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (1, 15)** എന്ന ഈശോയുടെ വാക്കുകളാണ്. ധ്യാനത്തിനും പഠനത്തിനുമായി പ്രസ്തുത വചനത്തെ നമുക്ക് ചേർത്തുപിടിക്കാം. തന്റെ ദൗത്യം ആരംഭിക്കുന്നതിന് ഒരുക്കമായി വിജാതിയദേശമായ ഗലീലിയിൽ വച്ചാണ് "സുവിശേഷത്തിൽ വിശ്വസിക്കുവിൻ" എന്ന് ഈശോ ആഹ്വാനം ചെയ്തത്. വിശ്വാസത്തിലും ദൈവസ്നേഹത്തിലും ആഴപ്പെടാൻ അവിശ്വാസികളായ അന്നത്തെ ഗലീലിയക്കാർ ക്രിസ്തുവിന്റെ സുവിശേഷത്തെ ആശ്ലേഷിച്ചതുപോലെ ഇന്നുമുതൽ ആരംഭിക്കുന്ന വിശ്വാസപരിശീലനത്തെ ആത്മാർത്ഥതയോടും സന്തോഷത്തോടുംകൂടെ നമുക്ക് സ്വീകരിക്കാം. ഈയവസരത്തിൽ കുട്ടികളുടെ വിശ്വാസരൂപീകരണത്തിൽ ഇടവകസമൂഹം നല്കുന്ന പിന്തുണയും മതബോധന രംഗം അതിന്റെ സജീവതയിൽ നിലനിറുത്താൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പ്രകടിപ്പിക്കുന്ന അജപാലനശ്രദ്ധയും കൃതഞ്ഞതയോടെ അനുസ്മരിക്കുന്നു.

'സുവിശേഷത്തിൽ വിശ്വസിക്കുന്നവർ' കർത്താവിനെ പ്രഘോഷിക്കുന്നവരാണ്. ക്രിസ്തുവിനു നാം സാക്ഷ്യമാകേണ്ടതിന്റെ ആവശ്യകത ഫ്രാൻസീസ് മാർപ്പാപ്പയുടെ വാക്കുകളിൽ വ്യക്തമാണ്: "നമ്മുടെ ജീവിതത്തിന് അർത്ഥം നൽകുന്ന കർത്താവിന്റെ രക്ഷാകരസ്നേഹത്തിന്റെ സ്പഷ്ടമായ സാക്ഷ്യം മറ്റു

ള്ളവർക്ക് നൽകാൻ നാമെല്ലാരും വിളിക്കപ്പെട്ടിരിക്കുന്നു.'' അപ്രകാരം സുവിശേഷത്തിന്റെ പങ്കുവയ്ക്കൽ സാധ്യമാകുന്നത് വിശ്വാസം പരസ്യമായി പ്രഘോഷിക്കാനും ആരാധനക്രമത്തിലുടെയും പ്രാർത്ഥനയിലൂടെയും അത് ആഘോഷിക്കാനും സാഹോദര്യത്തിന്റെ അപ്പം പങ്കുവയ്ക്കാനും നാം തയാറാകുമ്പോഴാണ്. വിശ്വാസത്തിന്റെ ചിട്ടയായ പരിശീലനത്തിലൂടെ മാത്രമേ ഈ ക്രിസ്തീയശൈലി നാം സ്വന്തമാക്കൂ. വിശ്വാസത്തിന്റെ ഈ അടിസ്ഥാന പാഠങ്ങൾ ബാല്യത്തിൽതന്നെ കുഞ്ഞുങ്ങളുടെ മനസ്സിൽ രൂപപ്പെടണം. സഭയുടെ ആന്തരിക വളർച്ചയും ദൈവിക പദ്ധതിയോടുള്ള സഹകരണവും കുട്ടികളുടെ ഇപ്രകാരമുള്ള വിശ്വാസരൂപീകരണത്തെ ആശ്രയിച്ചിരിക്കുന്നു.

പ്രിയപ്പെട്ട വിശ്വാസപരിശീലകരേ, നിരന്തരമായ പഠനത്തി ലൂടെയും സാക്ഷ്യ ജീവിതത്തിലൂടെയും ക്രിസ്തുവിലുള്ള വിശ്വാസത്തെ കുഞ്ഞുമനസ്സുകളിൽ ആലേഖനം ചെയ്യുന്നവരാണു നിങ്ങൾ. ഓരോ വർഷവും നിങ്ങളുടെ കരങ്ങളിലൂടെ കടന്നുപോകുന്ന കുട്ടികൾ പിതാവായ ദൈവത്തിന്റെ സ്നേഹം അനുഭവിച്ചറിയട്ടെ. സഭാതലത്തിലും സാമൂഹ്യരംഗത്തും പൊതുനന്മ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അവരെ പരിശീലിപ്പിക്കണം. കൂടാതെ, കഴിഞ്ഞകാലത്തെപ്പോലെ ഈ വർഷവും മതാധ്യാപകരുടെ തുടർപരിശീലനപരിപാടികളിൽ നിങ്ങൾ സജീവമാകുമല്ലോ.

സ്നേഹം നിറഞ്ഞ മാതാപിതാക്കളേ, കൃപാവരത്തിന്റെയും സുകൃതങ്ങളുടെയും പരിശീലന കളരിയായ നിങ്ങളുടെ ഭവനത്തി ലാണ് മക്കൾ വിശ്വാസത്തിന്റെ ബാലപാഠങ്ങൾ അഭ്യസിക്കുന്നത്. കുട്ടികളെ മതബോധന ക്ലാസുകളിൽ പങ്കെടുപ്പിക്കുന്നതിലും അവരുടെ പഠനഭാഗങ്ങൾ താൽപര്യത്തോടെ അന്വേഷിക്കുന്നതിലും തുടർന്നും നിങ്ങൾ ശ്രദ്ധ കാണിക്കുമല്ലോ. ഇത്തരത്തിലുള്ള സജീവമായ ഇടപെടലുകളിലൂടെ നിങ്ങളുടെ ജീവിതസാക്ഷ്യംവഴി വരുംതലമുറയെ വിശ്വാസപരിശീലനത്തിൽ പ്രോൽസാഹിപ്പിക്കാനാകും. രണ്ടാം വത്തിക്കാൻ സൂനഹദോസ് മാതാപിതാക്കന്മാരുടെ ഈ ദൗത്യത്തെ വിസ്മരിക്കുന്നില്ല: "ദൈവത്തോടും സകല മനുഷ്യ രോടുമുള്ള സ്നേഹം ബാല്യം മുതലേ കുട്ടികളെ ഗ്രഹിപ്പിക്കാൻ കുടുംബങ്ങളിൽ വച്ചുതന്നെ അവർ പരിശീലിപ്പിക്കപ്പെടണം. അതിന് ഏറ്റവും സഹായകം നിങ്ങളുടെ മാതൃകയാണ്.'' വ്യക്തിപരമായ ഉദാഹരണങ്ങളിലൂടെ നിങ്ങളുടെ കുടുംബവും കുടുംബജീവിതവും പ്രേഷിതാഭിമുഖ്യമുള്ള പഠനക്കളരിയായി മാറട്ടെ.


വാത്സല്യമുള്ള കുഞ്ഞുങ്ങളേ, 'സുവിശേഷത്തിൽ വിശ്വസിക്കു വിൻ' (മർക്കോ 1, 15) എന്ന ഈ വർഷത്തെ പ്രമേയത്തിന്റെ പൊരുള റിഞ്ഞ് വിശ്വാസ പരിശീലനത്തിൽ പങ്കുചേരാൻ നിങ്ങൾ പരിശ്രമിക്കുമല്ലോ. സുവിശേഷ മൂല്യങ്ങൾക്കനുസൃതമായി ജീവിതത്തെ രൂപപ്പെടുത്തുന്ന മതബോധനത്തെ പൂർണമായും നിങ്ങൾക്ക് പ്രയോജനപ്പെടുത്താനാകട്ടെ. സാങ്കേതിക വിദ്യയുടെ വളർച്ച ക്രിസ്തുവിനെ അറിയാനും സമൂഹത്തിൽ സുവിശേഷം പ്രഘോഷി

ക്കാനും പ്രയോജനപ്പെടുത്തിയ കൗമാരക്കാരനായ വാഴ്ത്തപ്പെട്ട കാർലോ അക്യുട്ടീസിന്റെ പ്രേഷിത തീക്ഷ്ണത കുട്ടികളായ നിങ്ങൾക്ക് ഈ ലക്ഷ്യം കൈവരിക്കാൻ എന്നും പ്രചോദനമാകും.

വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ കുട്ടികൾക്കും മാതാപിതാക്കൾക്കും മതബോധന അധ്യാപകർക്കും വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും രൂപത മധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെയും മധ്യസ്ഥ്യമുണ്ടാകട്ടെ.

ഏവർക്കും ദൈവാനുഗ്രഹപ്രദമായ വിശ്വാസപരിശീലന വർഷം ആശംസിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,
നിങ്ങളുടെ വത്സലപിതാവ്



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ



# കച്ചേരിക്കാര്യം

## 1. പുതിയ നിയമനങ്ങളും സ്ഥലം മാറ്റവും

| | | |
|---|---|---|
| Rev. Fr. Stephen Thaliyan RCJ | : | Asst. Vicar, Thottumukkam |
| Rev. Fr. Varghese Mangalath OFMCap. | : | Relieved from Asst. Vicar Perambra |
| Rev. Fr. Mathew Mattapally CMI | : | Asst. Vicar, Devagiri |

## KCYM - SMYM - Mekhala Directors

| | | |
|---|---|---|
| Rev. Fr. Thomas Melattu HGN | : | Kodanchery |
| Rev. Fr. George Vellackakudiyil | : | Thamarassery |
| Rev. Fr. Joseph Peedikayil CST | : | Karuvarakundu |
| Rev. Fr. Sebastian Pattasseril | : | Perinthalmanna |
| Rev. Fr. Joseph Puthanpurakkal | : | Koorachundu |
| Rev. Fr. Joseph Panthaladickal | : | Paroppady |

## CML- Mekhala Directors

| | | |
|---|---|---|
| Rev. Fr. Mathew Thittayil | : | Kodanchery |
| Rev. Fr. Mathew Chunayammakkal CMF | : | Paropady |
| Rev. Fr. Jacob Koyipurath | : | Vilangadu |
| Rev. Fr. Augustine Thuravackal | : | Malappuram |
| Rev. Fr. Mathew Mangalamadathil | : | Thamarassery |
| Rev. Fr. Thomas Pulayamparambil | : | Karuvarakundu |

## 2. ജൂലൈ 3 - സഭാദിനം, സഭാദിന പിരിവ്

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ മരണത്തിരുനാളായ ജൂലൈ 3-ാം തീയതി സീറോ മലബാർ സഭാദിനമായി ആചരിക്കുന്നു. നമ്മുടെ സഭയുടെ ഐക്യത്തിനും വിശ്വാസികളുടെ നന്മയ്ക്കും വേണ്ടി മാർ തോമാശ്ലീഹായുടെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കാം. അന്നേദിവസം വി. കുർബാനമദ്ധ്യേ എടുക്കുന്ന സീറോ മലബാർ സഭാദിന പിരിവ് (ആൾ ഒന്നിന് 2 രൂപ പ്രകാരം) രൂപതാകേന്ദ്രത്തിൽ നൽകേണ്ടതാണ്.

## 3. വൈദികരുടെ വാർഷിക ധ്യാനം

നമ്മുടെ രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനം പുല്ലൂരാംപാറ ബഥാനിയ സെന്ററിൽ 2024 ജൂലൈ 7-ാം തീയതി വൈകുന്നേരം ആരംഭിച്ച് 12-ാം

തീയതി രാവിലെ സമാപിക്കുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. പാലാ രൂപതാംഗം ബഹു. ഡോ. ജോസഫ് കടുപ്പിൽ അച്ചനാണ് ധ്യാനം നയിക്കുന്നത്. ധ്യാനത്തിൽ സംബന്ധിക്കാൻ ആർക്കെങ്കിലും കാര്യമായ അസൗകര്യം ഉണ്ടെങ്കിൽ മുൻകൂട്ടി രൂപതാകാര്യാലയത്തിൽ അറിയിക്കുകയും അനുവാദം വാങ്ങുകയും ചെയ്യേണ്ടതാണ്. പിന്നീട് വാർഷികധ്യാനം നടത്തിയ വിവരം രൂപതാകാര്യാലയത്തെ അറിയിക്കേണ്ടതാണ്. ധ്യാനത്തിനു വരുമ്പോൾ കുർബാനക്കണക്കുപുസ്തകം പരിശോധനയ്ക്കായി കൊണ്ടുവരുവാൻ ഓർമിക്കുമല്ലോ.

**4. യുവജന ഞായർ – ജൂലൈ 14**

ജൂലൈ 14–ാം തീയതി സഭ യുവജന ഞായറായാണ് ആചരിക്കുന്നത്. നമ്മുടെ ഇടവകയിലെ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും സംഘടനകളിൽ ചേർന്ന് പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതാണ്.

**5. വി. ജൊവാക്കീം–അന്ന ദമ്പതികളുടെ തിരുനാൾ – ജൂലൈ 26**

"ഞാൻ എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് വി. ജൊവാക്കീം–അന്ന ദമ്പതികളുടെ തിരുനാൾ ദിവസമായ ജൂലൈ 26 ആഗോളസഭ ഗ്രാന്റ് പേരൻസ് ഡേ ആയി ആചരിക്കുന്നു. നമ്മുടെ ഇടവകകളിലെ വല്യപ്പന്മാരെയും വല്യമ്മമാരെയും ആദരിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ദൈവജനത്തെ ഓർമിപ്പിക്കേണ്ടതാണ്.

**6. അഭിവന്ദ്യ പിതാവിന്റെ ജന്മദിനം – ജൂലൈ 26**

ജൂലൈ 26–ാം തീയതി നമ്മുടെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ ജന്മദിനമാണല്ലോ. തന്റെ ശുശ്രൂഷകളിലൂടെ രൂപതയ്ക്കും ദൈവജനത്തിനും പൊതുസമൂഹത്തിനും ഇനിയും നന്മകൾ വർഷിക്കാൻ ആവശ്യമായ ദൈവാനുഗ്രഹം പിതാവിനു ലഭിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**7. വി. അൽഫോൻസാമ്മയുടെ തിരുനാൾ – ജൂലൈ 28**

രൂപതയുടെ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാ ളാണ് ജൂലൈ 28. നമ്മുടെ രൂപതയ്ക്കുവേണ്ടിയും രൂപതയുടെ വിവിധ ആവശ്യങ്ങൾക്കുവേണ്ടിയും വിശുദ്ധയുടെ മാദ്ധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം.

**8. വൈദിക ദിനം, വൈദിക ക്ഷേമനിധി**

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളായ ആഗസ്റ്റ് 4–ാം തീയതി വൈദികദിനമായി ആചരിക്കുന്നു. ബഹു. വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ആശംസകളർപ്പിക്കുവാനും പരിശ്രമിക്കുമല്ലോ.

വൈദിക ക്ഷേമനിധിയിലേയ്ക്കുള്ള ഇടവകാംഗങ്ങളുടെ സംഭാവനകൾ സ്വീകരിക്കുന്നതിന് വിതരണം ചെയ്യുവാനുള്ള കവറുകൾ വാർഷികധ്യാനത്തോടനുബന്ധിച്ച് ബഥാനിയ ധ്യാനകേന്ദ്രത്തിൽ എത്തിക്കുന്നതാണ്. ബഹുമാനപ്പെട്ട അച്ചന്മാർ ഓരോ ഇടവകയിലേക്കും ആവശ്യമായ കവറുകൾ കൊണ്ടുപോകാൻ

ശ്രദ്ധിക്കുമല്ലോ. ആഗസ്റ്റ് 4-ാം തീയതി സ്തോത്രക്കാഴ്ച സമർപ്പിക്കുവാനുള്ള കവറുകൾ നേരത്തെതന്നെ ഭവനങ്ങളിലെത്തിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. ക്ഷേമനിധിയിലേയ്ക്കുള്ള സംഭാവനകൾ ആഗസ്റ്റ് 15 ന് മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

### 9. പുതിയ മേൽവിലാസം

**Fr.George Thomas Chelackal**
St.Anthony of Padua Catholic Church
41 Bee Lane, Fordhouses
Wolverhampton, WV10 6LE, U.K.
Ph: 0044 7455307570

Fr. Jibi Pongnpara James
Infant Jesus Syro Malabar Church
6200 McMahon Dr
Sacramento
California, USA 95824

### 10. പുതിയ ഫോൺ നമ്പർ:

ഫാ. വിൻസെന്റ് ഏഴാനിക്കാട്ട് - +91 79078 61535
ഫാ. തോമസ് കളപ്പുര - +91 9778547583

### 11. ആദരാഞ്ജലികൾ

ബഹു. മാത്യു കുളത്തിങ്കൽ അച്ചന്റെ പിതാവ് **മാത്യു കുളത്തിങ്കൽ (82)** 2024 ജൂൺ 8 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ജൂൺ 9-ാം തീയതി തോട്ടുമുക്കം ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് രൂപത വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. മാത്യു അച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ബഹു. അബ്രാഹം മഴുവഞ്ചേരി അച്ചന്റെ പിതാവ് **ജോസഫ് മഴുവഞ്ചേരി (79)** 2024 ജൂൺ 11 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ജൂൺ 12-ാം തീയതി പാലാ രൂപതയിലെ കുറവിലങ്ങാട് ഇടവകയിൽ മൃതസംസ്കാര ശുശ്രൂഷകൾ നടന്നു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. അബ്രാഹം അച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ബഹു. വിൻസെന്റ് ഏഴാനിക്കാട്ട് അച്ചന്റെ മാതാവ് **ബ്രിജിത്ത ജോസഫ് ഏഴാനിക്കാട്ട് (98)** 2024 ജൂൺ 21 ന് നിത്യസമ്മാ നത്തിനായി വിളിക്കപ്പെട്ടു. ജൂൺ 22-ാം തീയതി കോടഞ്ചേരി ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂ ഷകൾക്ക് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. വിൻസെന്റ് അച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മശാ ന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**12. സ്മരണാഞ്ജലി**

15.07.1999 – റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ
16.07.1981 – റവ. ഫാ. അബ്രാഹം മൂക്കനോലിൽ
**18.07.2010 – റവ. ഫാ. ഫിലിപ്പ് പ്ലാത്തോട്ടത്തിൽ**
**23.07.2019 – റവ. ഫാ. ജോർജ്ജ് കഴിക്കച്ചാലിൽ**
26.07.2003 – റവ. ഫാ. മാത്യു കൊട്ടുകാപ്പള്ളിൽ
**27.07.2008 – റവ. ഫാ. മാത്യു പൊയ്യക്കര**
28.07.1970 – റവ. ഫാ. ജേക്കബ്ബ് വെള്ളക്കട
**30.07.2012 – റവ. ഫാ. ജോസ് മണിമലത്തറപ്പിൽ**

**പ്രോട്ടോസിഞ്ചെല്ലൂസ്**



# പാവനസ്മരണയ്ക്ക്




റവ. ഫാ. ഫിലിപ്പ്
പ്ലാത്തോട്ടത്തിൽ
18.07.2010



റവ. ഫാ. ജോർജ്ജ്
കഴിക്കച്ചാലിൽ
23.07.2019



റവ. ഫാ. മാത്യു
പൊയ്യക്കര
27.07.2008



റവ. ഫാ. ജോസ്
മണിമലത്തറപ്പിൽ
30.07.2012

# ലാളിത്യത്തിന്റെ നറുമലരുകൾ വിതറി പൂക്കുളം അച്ചൻ യാത്രയായി...



1940 ജൂലൈ 23ന് പാലാ രൂപതയിലെ കൊഴുവനാൽ ഇടവകയിൽ പരേ തരായ ജോൺ - അന്ന ദമ്പതികളുടെ അഞ്ചു മക്കളിൽ നാലാമനായി ജനിച്ചു. കുളത്തു വയൽ എൽ.പി., യു.പി., ഹൈസ് ക്കൂൾ എന്നിവിടങ്ങളിൽ നിന്നും സ്കൂൾ വിദ്യാ ഭ്യാസം പൂർത്തിയാക്കിയ ശേഷം തല ശ്ശേരി രൂപത യുടെ സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽ വൈദിക പരിശീലനം ആരംഭിച്ചു. തുടർന്ന് ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ മേജർ സെമിനാരിയിൽ തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. വൈദിക പരിശീലന ത്തിനൊടുവിൽ തല ശ്ശേരിയിൽ വെച്ച് 1967 ഡിസംബർ 17ന് തല ശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാ വിൽ നിന്ന് വൈദികപട്ടം സ്വീകരിക്കുകയും ഡിസംബർ 18ന് കുളത്തുവയൽ ഇടവക ദൈവാലയത്തിൽ വെച്ച് പ്രഥമ ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

1968ൽ അവിഭക്ത തലശ്ശേരി അതിരൂപതയിലെ ആലക്കോട് ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി അജപാലന ദൗത്യം ആരംഭിച്ചു. തുടർന്ന് ഈരൂട്, ഷീരാടി, മാടത്തിൽ, പൂഴിത്തോട്, കണ്ണിവയൽ, മാനടുക്കം, പടുപ്പ്, കല്ലാനോട്, കക്കയം, കട്ടിപ്പാറ, വിളക്കാംതോട്, കണ്ണോത്ത്, കൂരാച്ചുണ്ട്, കൂടരഞ്ഞി, തിരുവ മ്പാടി, കോടഞ്ചേരി, മരിയാപുരം, മഞ്ഞുവയൽ, കുപ്പായക്കോട് എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ പേർസണൽ ബോർഡ് അംഗം, കോർപ്പറേറ്റ് ഏജൻസി അഡ്വൈസറി ബോർഡ് അംഗം, കൺസൾട്ടർ, എപ്പാർക്കിയൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ അംഗം എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2018 മുതൽ ഔദ്യോഗിക അജപാലന ജീവിതത്തിൽ നിന്ന് വിരമിച്ച് ഈരൂട് വിയാനി പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിത ത്തിലായിരുന്നു. അതിനിടയിൽ മരഞ്ചാട്ടി ഇടവകയിൽ താൽക്കാലിക വികാരി യായും സേവനം ചെയ്തു.

ലാളിത്യവും വിനയവും കൈമുതലാക്കിയ വ്യക്തിത്വമായിരുന്നു ബഹു.

സെബാസ്റ്റ്യൻ പൂക്കുളം അച്ചന്റേത്. ആരോടും ഹൃദയം തുറന്ന് ഇടപെടുന്ന പ്രകൃതം. കണ്ടുമുട്ടുന്ന എല്ലാവരെയും സഹോദരനായും സഹോദരിയായും സുഹൃത്തായും നിറപുഞ്ചിരിയോടെ സ്വീകരിക്കു വാൻ അച്ചനു കഴിയുമായിരുന്നു. അദ്ദേഹത്തിന്റെ ശാന്തത അവസാന കാലം വരെയും മുഖത്ത് നിന്നും മാഞ്ഞി രുന്നില്ല. ഒരപ്പനെപ്പോലെയും അമ്മയെപ്പോലെയും ജ്യേഷ്ഠനെപ്പോലെയും സുഹൃത്തിനെപ്പോ ലെയും കൊച്ചുകുഞ്ഞുങ്ങളെപ്പോലെയും പെരുമാറുവാൻ സെബാസ്റ്റ്യൻ അച്ചന് പ്രത്യേക കഴിവ് ഉണ്ടായിരുന്നു. 'ദൈവജനത്തിനായി' എന്ന ആപ്തവാക്യം ജീവിതം കൊണ്ടു കാണിച്ചുതന്ന വൈദികനായി രുന്നു സെബാസ്റ്റ്യൻ അച്ചൻ. കുടിയേറ്റത്തിന്റെ ആദ്യ നാളുകളിൽ അസൗകര്യങ്ങൾ മാത്രം കൈമുതലായുണ്ടായിരുന്ന കുടിയേറ്റ ഇടവകകളെ ധീരമായി മുന്നോട്ടു നയിക്കുവാൻ അദ്ദേഹം നടത്തിയ പരിശ്രമങ്ങൾ ഏറെയാണ്. അച്ചന്റെ കൃത്യനി ഷ്ഠയും ആദ്ധ്യാത്മിക കാര്യങ്ങളിലെ നേതൃത്വവും എല്ലാവരും സ്മരിക്കപ്പെ ടുന്ന ഒന്നാണ്. കൂടാതെ തികഞ്ഞ കായിക പ്രേമികൂടിയായിരുന്നു ബഹു. സെബാ സ്റ്റ്യൻ അച്ചൻ. അദ്ദേഹം ആരംഭിച്ച ഫാ. ജോർജ്ജ് വട്ടുകുളം മെമ്മോറിയൽ ഫുട് ബോൾ ടൂർണ്ണമെന്റ് മലയോര മേഖലയിൽ ഇന്നും ഇത്രയധികം ആവേശം നൽകുന്ന കായികമേളയായി നിലനില്ക്കുന്നു.

2018 മുതൽ ഈരൂട് വിയാനി വൈദിക മന്ദിരത്തിൽ വിശ്രമ ജീവിതം നയിച്ചു വരികയായിരുന്ന സെബാസ്റ്റ്യനച്ചൻ ജൂൺ മാസം 10-ാം തിയ്യതി പെട്ടെന്നുണ്ടായ സ്ട്രോക്കിനെത്തുടർന്ന് കോഴിക്കോട് മിംസ് ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കു കയും ആവശ്യമായ പരിചരണം നല്കുകയുമായിരുന്നു. രോഗാവസ്ഥ അല്പം കൂടി മോശമായപ്പോൾ ആത്മാവിനുവേണ്ടുന്ന അന്ത്യകൂദാശകളെല്ലാം സ്വീക രിച്ച് മരണത്തിനായി ഒരുങ്ങുകയായിരുന്നു ബഹു. സെബാസ്റ്റ്യനച്ചൻ. ആരോടും ഒരു പരിഭവവും പരാതിയും പറയാത്ത സെബാസ്റ്റ്യനച്ചൻ എല്ലാവരേയും സ്നേഹിക്കുകയും കരുതുകയും ചെയ്യുമായിരുന്നു. നാടിനും നാട്ടുകാർക്കും ഇട വകജനത്തിനും ആദ്ധ്യാത്മിക സേവനങ്ങൾ നല്കിക്കൊണ്ടിരുന്ന സെബാസ്റ്റ്യ നച്ചൻ 2024 ജൂൺ 19ന് രാവിലെ 11.17ന്, തന്നെ ഇത്രനാളും വഴിനടത്തിയ ദിവ്യ നാഥനോട് ചേരാൻ യാത്രയായി.

ധന്യമായ ജീവിതം നയിച്ച് ശാന്തമായി കടന്നുപോയി, നമുക്കേ വർക്കും മാതൃകയായ സെബാസ്റ്റ്യൻ അച്ചന്റെ ഓർമ്മകൾക്കു മുമ്പിൽ പ്രണാമം. അദ്ദേഹ ത്തിന്റെ ലാളിത്യവും വിനയവും ആദർശ ശുദ്ധിയും സാത്വിക ജീവിതവും വരും തലമുറയ്ക്ക് എന്നും മാർഗ്ഗദർശനമാകട്ടെ.

# റൂബിജൂബിലി

**റൂബിജൂബിലിക്ക് ഒരുക്കമായുള്ള നാല്പതു മണി ആരാധന 2024 ജൂലൈ 15 മുതൽ സെപ്റ്റംബർ 18 വരെ തിരുവമ്പാടി ഫൊറോനയിൽ**

| | | |
|---|---|---|
| തിരുവമ്പാടി | - | ജൂലൈ 15,16, 17,18 |
| ആനക്കാംപൊയിൽ | - | ജൂലൈ 19, 20, 22, 23 |
| കല്ലുരുട്ടി | - | ജൂലൈ 24, 25,26,27 |
| കരിമ്പ് | - | ജൂലൈ 29, 30, 31, ആഗസ്റ്റ് 1 |
| കൂടരഞ്ഞി | - | ആഗസ്റ്റ് 2,3,5,6 |
| കുളിരാമുട്ടി | - | ആഗസ്റ്റ് 7,8,9, 10 |
| മഞ്ഞക്കടവ് | - | ആഗസ്റ്റ് 12, 13,14, 16 |
| മുക്കം | - | ആഗസ്റ്റ് 17, 19, 20, 21 |
| മുത്തപ്പൻപുഴ | - | ആഗസ്റ്റ് 22, 23, 24,26 |
| പൂവാറൻതോട് | - | ആഗസ്റ്റ് 27, 28,29, 30 |
| പുല്ലൂരാംപാറ | - | ആഗസ്റ്റ് 31, സെപ്റ്റംബർ 2, 3,4 |
| തേക്കുംകുറ്റി | - | സെപ്റ്റംബർ 5, 6,7, 9 |
| വേനപ്പാറ | - | സെപ്റ്റംബർ 10, 11, 12, 13 |
| വിളക്കാംതോട് | - | സെപ്റ്റംബർ 14, 16, 17, 18. |

## നാല്പതു മണി ആരാധന

*നിർദ്ദേശങ്ങൾ :*

- ഒരു ഫൊറോനയിലെ ഓരോ ഇടവകയ്ക്കും 4 ദിവസങ്ങളാണ് നൽകിയിരിക്കുന്നത്. ഈ നാല് ദിവസങ്ങളിൽ സൗകര്യപ്രദമായ സമയം തിരഞ്ഞെടുത്ത് 40 മണി ആരാധന പൂർത്തിയാക്കാവുന്നതാണ്. അതായത്, രണ്ടു ദിവസങ്ങളിൽ അടുപ്പിച്ചോ നാലു ദിവസങ്ങളിൽ നിശ്ചിതമണിക്കൂറുകൾ തിരഞ്ഞെടുത്തോ 40 മണി ആരാധന പൂർത്തിയാക്കാവുന്നതാണ്.
- ഞായറാഴ്ചകളും പ്രധാനപ്പെട്ട തിരുനാൾ ദിനങ്ങളും ഒഴിവാക്കിയിട്ടുണ്ട്.
- ഓരോ ഇടവകയ്ക്കും തന്നിരിക്കുന്ന തീയതികളിൽ 40 മണി ആരാധന നടത്താൻ ഏതെങ്കിലും ഇടവകയ്ക്ക് ബുദ്ധിമുട്ടുണ്ടെങ്കിൽ ആ ഇടവക ഉൾപ്പെടുന്ന ഫൊറോനയ്ക്ക് നൽകിയിട്ടുള്ള മറ്റ് തീയതികളിലെ സൗകര്യപ്രദമായ ദിവസങ്ങൾ തിരഞ്ഞെടുത്ത് നാല്പതു മണി ആരാധന നടത്താവുന്നതാണ്.

**ഫാ. ജോൺ ഒറവുങ്കര**

ജനറൽ കൺവീനർ

# വിശ്വാസപരിശീലനം

## വിശ്വാസപരിശീലന വർഷാരംഭം

"സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1,15) മതബോധന പ്രമേയവുമായി 2024 - 2025 വിശ്വാസപരിശീലന വർഷം ജൂൺ 2 ഞായറാഴ്ച്ച ആരംഭിച്ചു. ഓരോ ഇടവകകളിലും വിശ്വാസ പരിശീലനവർഷാരംഭം ഉദ്ഘാടനം ചെയ്യുകയും, കുട്ടികളെ എഴു ത്തിന് ഇരുത്തുകയും കുടുംബവിശ്വാസപരിശീലനം ആരംഭിക്കു കയും ചെയ്തു. അന്നേ ദിവസം രാത്രി കുടുംബങ്ങളിൽ തിരി തെളിച്ച് മാതാപിതാക്കൾ കുട്ടികൾക്കായി പ്രാർത്ഥന നടത്തുകയും മാതാ വിന്റെ വിമലഹൃദയപ്രതിഷ്ഠ നടത്തുകയും ചെയ്തു.

## സ്റ്റാഫ് മീറ്റിങ് & അധ്യാപകരുടെ ഒരുക്കം

2024 മെയ് 26 ഞായറാഴ്ച്ച പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ ദിവസം ഓരോ ഇടവകയിലേയും വികാരിയച്ചൻമാരുടെ അധ്യക്ഷ തയിൽ അധ്യാപകർ ഒരുമിച്ചുകൂടുകയും, സ്റ്റാഫ് മീറ്റിങ് നടത്തുകയും, ഓരോ ക്ലാസ്സിലേക്കുമുള്ള അധ്യാപകരെ നിയമിക്കുകയും, വിശ്വാസ പരിശീലന വർഷം കൂടുതൽ സജീവമാക്കാനുള്ള തീരുമാനങ്ങളെടു ക്കുകയും ചെയ്തു. അന്നേദിവസം അധ്യാപകർ ഒരു മണിക്കൂർ ദിവ്യ കാരുണ്യ ആരാധന നടത്തി. ബഹു. വികാരിയച്ചന്മാർ വിശ്വാസ പരിശീലകരെ ആശീർവദിച്ച് നല്ല തുടക്കത്തിനായി ആത്മീയമായി ഒരുക്കി.

## ACC 15 അധ്യാപക Online Meet

2024 ജൂൺ 08 ശനിയാഴ്ച്ച വൈകുന്നേരം 9 ന് ACC 15 ലെ അധ്യാ പകർക്കായുള്ള Online Meeting നടന്നു. ഓൺലൈൻ വിശ്വാസപരിശീ ലനത്തെ കുറിച്ചുള്ള നിർദ്ദേശങ്ങളും ചർച്ചകളും നടന്നു. അധ്യാപക രുടെ സംശയങ്ങൾ ദുരീകരിച്ചു.

## ACC 14 അധ്യാപക Online Meet

2024 ജൂൺ 11 ചൊവ്വാഴ്ച്ച വൈകുന്നേരം 9 ന് ACC 14 ലെ അധ്യാപ കർക്കായുള്ള Online Meeting നടന്നു. ഏകദേശം 600 കുട്ടികൾ ACC 13 ൽ നിന്ന് 14 ലേക്ക് പ്രവേശിച്ചു.

## ACC 13 അധ്യാപക Online Meet

2024 ജൂൺ 13 വ്യാഴാഴ്ച്ച വൈകുന്നേരം 9 ന് Online Meeting 13 ലെ അധ്യാപകർക്കായുള്ള Online Meeting നടന്നു. HCC 12 കഴിഞ്ഞ എല്ലാ കുട്ടികളും ACC 13 ൽ ചേരണമെന്ന നിർദ്ദേശം ഉണ്ടായി.

**ലൂമിന**

2024-2025 വിശ്വാസപരിശീലന വർഷത്തെ 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായുള്ള ലൂമിന പ്രോഗ്രാം ആരംഭിച്ചു. ജൂൺ 16 ഞായറാഴ്ച്ച വിലങ്ങാട് മേഖലയിലെ യുവജനങ്ങൾക്കായുള്ള ലൂമിന പ്രോഗ്രാം വിലങ്ങാട് ഫൊറോന ദേവാലയത്തിൽ വച്ച് നടന്നു. 82 യുവജനങ്ങൾ പങ്കെടുത്തു.

### Faith Mates STD XI പഠനശിബിരം

പതിനൊന്നാം ക്ലാസ്സിലെ പുതിയ പാഠപുസ്തകം പഠിക്കുന്നതിനും, പരിചയപ്പെടുന്നതിനും വേണ്ടി പതിനൊന്നാം ക്ലാസ്സിലെ എല്ലാ അധ്യാപകർക്കായുള്ള പഠനശിബിരം 2024 ജൂൺ 15 ന് ബിഷപ്പ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. രൂപതാ മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ എല്ലാവരേയും സ്വാഗതം ചെയ്തു. താമരശ്ശേരി രൂപതാ ചാൻസലർ ഫാ. സെബാസ്റ്റ്യൻ കവളക്കാട്ട് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് റിസോഴ്സ് ടീം അംഗങ്ങളായ സണ്ണി കോക്കാപ്പിള്ളി, ബെർണാഡ് ജോസ്, ബോണി ആനത്താനം, അലീന ചെട്ടിപ്പറമ്പിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

### Faith @ Parish

2024 ജൂൺ 9 ഞായറാഴ്ച്ച രൂപതാ മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ പുതുപ്പാടി ഇടവകയിൽ സന്ദർശനം നടത്തി. വി. ബലി അർപ്പിച്ചു പ്രാർത്ഥിക്കുകയും, മാതാപിതാക്കൾക്ക് ക്ലാസ്സ് എടുക്കുകയും, അധ്യാപകരേയും കുട്ടികളേയും കണ്ട് വിശ്വാസ പരിശീലനം വിലയിരുത്തുകയും ചെയ്തു.

### ACC 13, 14, 15 Online Class

**ACC 13 :** "ബൈബിൾ ദൈവനിവേശിത ഗ്രന്ഥം' എന്ന വിഷ യത്തെ കുറിച്ച് ഫാ. ജോസഫ് പുത്തൻപുരക്കലും, "തോമാ ശ്ലീഹാ ഭാരതത്തിലെത്തിയതിനു തെളിവുകൾ" എന്ന വിഷയത്തെക്കുറിച്ച് ഫാ. ജോർജ് പുരയിടത്തിലും ക്ലാസ്സ് എടുത്തു.

**ACC 14 :** "ബൈബിൾ എന്തിനു വായിക്കണം" എന്ന വിഷയത്തെ കുറിച്ച് ഫാ. ജോസഫ് പുത്തൻപുരക്കലും, "ഏകദൈവവിശ്വാസം ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം" എന്ന വിഷയത്തെ കുറിച്ച് ഫാ. ജോർജ് പുരയിടത്തിലും ക്ലാസ്സ് എടുത്തു.

**ACC 15 :** "ക്രിസ്തീയ ജീവിതത്തിൽ വചനത്തിന്റെ പ്രാധാന്യം", "ത്രിതൈ്വക ദൈവവിശ്വാസം യുക്തിഭദ്രമോ" എന്ന വിഷയങ്ങളെ കുറിച്ച് ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സ് എടുത്തു.

### Media Catechesis

ACC 13, 14, 15 ന്റെ Online ക്ലാസ്സുകൾ, ലൂമിന, Faith @ Parish, Faith Mates, എന്നിവയുടെ വീഡിയോകൾ കാറ്റക്കിസം ചാനലിൽ സംപ്രേ ക്ഷണം ചെയ്തു.

### ആമുഖ സെമിനാർ

2024-2025 അധ്യായനവർഷത്തിലെ നവാഗതരായ അധ്യാപകർ ക്കായുള്ള ആമുഖസെമിനാർ ജൂൺ 28, 29, 30 (വെള്ളി, ശനി, ഞായർ) തിയതികളിൽ പി. എം. ഒ. സി യിൽ വച്ച് നടന്നു.

### Online Webinar

സീറോ മലബാർ സഭാതലത്തിൽ മുഴുവൻ വിശ്വാസപരിശീല കർക്കും വേണ്ടിയുള്ള ഓൺലൈൻ വെബിനാർ ജൂലൈ 16 മുതൽ 25 വരെ വൈകുന്നേരം 8.30 മുതൽ 9.30 വരെ ഉണ്ടായിരിക്കുന്നതാണ്.

### JULY 2024

| | | |
|---|---|---|
| 03. 07. 24 | ബുധൻ | മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ (കടമുള്ള ദിവസം) |
| 04. 07. 24 | വ്യാഴം | Power Cell 1 : കുപ്പായക്കോട് സെന്റർ (കോടഞ്ചേരി, ഈരൂട്, തെയ്യപ്പാറ, കണ്ണോത്ത്, കുപ്പായക്കോട്) |
| 06. 07. 24 | ശനി | പ്രാഥമിക റിപ്പോർട്ട്, മതാധ്യാപക സർവേ, വാർഷിക റിപ്പോർട്ട് (2023-2024) എന്നിവ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തീയതി |
| 07. 07. 24 | ഞായർ | കൈത്താക്കാലം 1-ാം ഞായർ ലൂമിന 3: കോടഞ്ചേരി മേഖല @ കോടഞ്ചേരി |
| 14. 07. 24 | ഞായർ | കൈത്താക്കാലം 2-ാം ഞായർ<br>ACC 13, 14, 15 Online Class 3 ലൂമിന 4: തോട്ടു മുക്കം @ തോട്ടുമുക്കം |
| 16. 07. 24 | ചൊവ്വ | Power Cell 2 : കൊണ്ടോട്ടി സെന്റർ (കൊണ്ടോട്ടി, കോട്ടക്കൽ, മലപ്പുറം, ഊരകം, തിരൂർ)<br>കർമല മാതാവ് |
| 20. 07. 24 | ശനി | HCC, ACC ക്ലാസുകളിലെ ആപ്ലിക്കേഷൻ ഫോമുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തീയതി |
| 21. 07. 24 | ഞായർ | കൈത്താക്കാലം 3-ാം ഞായർ<br>ലൂമിന 5 : താമരശ്ശേരി മേഖല @ താമരശ്ശേരി |

| | | |
|---|---|---|
| 22. 07. 24 | തിങ്കൾ | വി. മഗ്ദലേന മറിയം |
| 25. 07. 24 | വ്യാഴം | വി. യാക്കോബ് ശ്ലീഹാ |
| 26. 07. 24 | വെള്ളി | വി. യൊവാക്കിമും വി. അന്നയും (വയോധിക ദിനം) |
| 28. 07. 24 | ഞായർ | കൈത്താക്കാലം 4-ാം ഞായർ<br>വി. അൽഫോൻസാമ്മ (രൂപതാ മധ്യസ്ഥ)<br>മതബോധനദിനം (ഇടവകയിൽ മതബോധനത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്ന പ്രോഗ്രാം നടത്തുക)<br>ACC 13, 14, 15 Online Class 4 |
| 30. 07. 24 | ചൊവ്വ | Power Cell 3 : ചീരട്ടാമല സെന്റർ (മാലാപറമ്പ്, ചീരട്ടാമല, മരിയാപുരം, മങ്കട, വലമ്പൂർ, കുറ്റിപ്പുറം, പാലൂർക്കോട്ട) |
| 31. 07. 24 | ബുധൻ | വി. ഇഗ്നേഷ്യസ് ലയോള |

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം




O Lord Jesus,

Hide me in the wound of your sacred heart.
Free me from my desire to be loved and esteemed.
Guard me from my evil attempts to win fame and honor.
Make me humble till I become a small spark in the flame of love in your Sacred Heart.
Grant me the grace to forget myself and all worldly things.
Jesus, sweet beyond words, convert all worldly consolations into bitterness for me.
O my Jesus, Sun of Justice, enlighten my intellect and mind with your sacred rays. Purify my heart, consume me with burning love for you, and make me one with you. Amen

lordofsick.wordpress.com

# മദ്ബഹ ശുശ്രൂഷാസംഘം (SMART)

## ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

അൾത്താര ശുശ്രൂഷകർക്ക് ബഹു. അച്ചന്മാർ നല്കുന്ന പരിശീലനത്തിനും പ്രോത്സാഹനത്തിനും ഏറെ സ്നേഹത്തോടെ നന്ദി പറയുന്നു. എല്ലാ ഇടവകയിലും യൂണിറ്റ് ഡയറക്ടർ, ആനിമേറ്റർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ഉണ്ടായിരിക്കണം. ജൂലൈ 8 ന് മുൻപ് ഭാരവാഹികളുടെ പേരുകൾ അറിയിക്കേണ്ടതാണ്. ആഗസ്റ്റ് മാസത്തിലെ സൗകര്യപ്രദമായ ദിവസങ്ങളിൽ അൾത്താര ശുശ്രൂഷാ ഭാരവാഹികളെ ഫൊറോനാ അടിസ്ഥാനത്തിൽ ഒരുമിച്ചു കൂട്ടുവാൻ ആഗ്രഹിക്കുകയാണ്. മേഖലാ ഡയറക്ടേഴ്സ് വഴി സ്ഥലം അച്ചന്മാരെ അറിയിക്കുന്നതാണ്. അൾത്താര ശുശ്രൂഷാ ഭാരവാഹികളെല്ലാവരെയും ഇതിൽ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഇടവകയിലുള്ള അൾത്താര ശുശ്രൂഷകരുടെ ഒരു ലിസ്റ്റും വരുമ്പോൾ കൊണ്ടുവരേണ്ടതാണ്.

**ഫാ. പീറ്റർ പൂതർമണ്ണിൽ**
ഡയറക്ടർ, മദ്ബഹ ശുശ്രൂഷസംഘം (SMART)

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ക്ലാസ് രണ്ടാം ഭാഗം

വിശുദ്ധ കുർബാനയാകുന്ന മഹാരഹസ്യത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ വിശ്വാസികളെ സഹായിക്കുന്ന ഓൺലൈൻ പഠന പരമ്പരയായ മർഗാനീസയുടെ രണ്ടാം ഭാഗത്തിൽ ജൂൺ മാസ ത്തിലെ ക്ലാസുകൾ നയിച്ചത് സീറോ മലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി അംഗവും പ്രസിദ്ധ ആരാധനക്രമ പണ്ഡിതനുമായ ഡോ. ലോനപ്പൻ അരങ്ങാശേരി അച്ചനാണ്. 'ദൈവിക രഹസ്യങ്ങളുടെ ആഘോ ഷം പൗരസ്ത്യ സുറിയാനി സഭയിൽ' എന്ന വിഷയത്തെ ആസ്പദമാക്കി ജൂൺ 8, 29 എന്നീ ശനിയാഴ്ചകളിലാണ് അദ്ദേഹം ക്ലാസ്സുകൾ നയിച്ചത്. വൈകിട്ട് 8:30 മുതൽ 9:30 വരെ സൂം മീറ്റിലൂടെ നടത്തിയ ഈ ക്ലാസുകളിൽ വിവിധ സ്ഥലങ്ങളിൽ നിന്നായി അമ്പതോളം പേർ സംബന്ധിച്ചു.

ഈ ക്ലാസുകൾ നടത്താൻ ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും നൽകിയ പോപ്പ് ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബഹു. കുര്യൻ പുരമഠത്തിൽ, കോട്ടക്കൽ ലിറ്റിൽ ഫ്ളവർ ഇടവക പാരിഷ് സെക്രട്ടറി ശ്രീ.ഷിജു കുഴിക്കത്തിൽ എന്നിവർക്ക് പ്രത്യേകം നന്ദി അർപ്പിക്കുന്നു.

എല്ലാ മാസത്തെയും രണ്ടാമത്തെയും നാലാമത്തെയും ആഴ്ചയിൽ നടക്കുന്ന ഈ ക്ലാസുകളിൽ പങ്കെടുക്കാൻ ബഹു. അച്ചന്മാർ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഇതുമായി ബന്ധപ്പെട്ട് അയച്ചുതരുന്ന പോസ്റ്ററുകൾ ഇടവക വാട്സ്ആപ്പ് കൂട്ടായ്മകളിൽ ഷെയർ ചെയ്യുകയും ചെയ്യുമല്ലോ.

**ഫാ. ജോസഫ് കളത്തിൽ**
ലിറ്റർജി കമ്മീഷൻ

# ബൈബിൾ അപ്പോസ്തോലേറ്റ്

സ്നേഹമുള്ളവരേ, ലോഗോസ് ക്വിസ് 2024 പരീക്ഷയിൽ പങ്കെടുക്കാനുള്ള രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട് വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

## 1. പ്രായവിഭാഗങ്ങൾ

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

A വിഭാഗം : 1-1-2013-നും അതിനുശേഷവും ജനിച്ചവർ
B വിഭാഗം : 1-1-2008-നും 31-12-2012-നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം : 1-1-1993-നും 31-12-2007-നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം : 1-1-1973-നും 31-12-1992-നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം : 1-1-1960-നും 31-12-1972-നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം : 31-12-1959-നും അതിനു മുമ്പും ജനിച്ചവർ

## 2. പഠനഭാഗങ്ങൾ

ന്യായാധിപന്മാർ 1-10, പ്രഭാഷകൻ 34-40, ലൂക്ക 9-16, 2 കോറിന്തോസ് 7-13

### 3. പഠനത്തിനായി ഉപയോഗിക്കേണ്ട ബൈബിൾ

മലയാളത്തിന് : പി.ഒ.സി. ബൈബിൾ

ഇംഗ്ലീഷിന് : NRSV Catholic Edition

### 4. രജിസ്ട്രേഷൻ

ഓൺലൈൻ രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്യേണ്ടതാണെന്ന് ഓർമിപ്പിക്കുന്നു. ഓൺലൈൻ രജിസ്ട്രേഷൻ 2024 ജൂൺ 1 മുതൽ ആരംഭിച്ചിട്ടുണ്ട്. 2024 ജൂലൈ 31 ന് രജിസ്ട്രേഷൻ സമയം അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ ആണ്.

### 5. പരീക്ഷ തീയതികൾ

രൂപതതലത്തിലുള്ള പൊതുപരീക്ഷ 2024 സെപ്റ്റംബർ 29 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ നടത്തപ്പെടുന്നു. തുടർന്ന് സെമിഫൈനൽ പരീക്ഷകൾ മൂന്ന് മേഖലകളായി (കോഴിക്കോട്, എറണാകുളം, കൊല്ലം) 2024 നവംബർ 10 നും, മെഗാഫൈനൽ പരീക്ഷ പി.ഒ.സി.യിൽ വച്ച് 2024 നവംബർ 23-24 തീയതികളിലും നടത്തപ്പെടുന്നു.

ബൈബിൾ പഠിക്കാനുള്ള അവസരം വിനിയോഗിക്കുവാൻ ആളുകളെ പ്രോത്സാഹിപ്പിക്കുമല്ലോ.

**ഫാ. മാറ്റസ് കോരംകോട്ട്**
ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ്

## ഫാമിലി അപ്പോസ്തോലേറ്റ്

### പ്രീകാനാ കോഴ്സുകൾ 2024

ജൂലൈ 11-13

ഓഗസ്റ്റ് 8-10

സെപ്റ്റംബർ 12-14

കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനും: 8075935240 (whatsup)

**ഫാ. മാറ്റസ് കോരംകോട്ട്**
ഡയറക്ടർ, ഫാമിലി അപ്പോസ്തൊലേറ്റ്

# കരുണാഭവൻ

കരുണാഭവന്റെ പ്രവർത്തനങ്ങൾ നന്നായി നടക്കുന്നു. പുതിയ രണ്ട് അന്തേവാസികൾക്കൂടി എത്തിച്ചേർന്നു. കരുണാഭവൻ സ്ഥാപക പിതാവായ അഭി. സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ ചരമവാർഷി കത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും ഒപ്പീസ് ചൊല്ലുകയും പിതാവിനെ അനുസ്മരിക്കുകയും ചെയ്തു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, കരുണാഭവൻ

# സെമിനാരി വാർത്ത

### ഒന്നാംവർഷ വൈദിക വിദ്യാർത്ഥികൾ

വൈദിക പരിശീലനത്തിനായി ഈ വർഷം രൂപതയുടെ വിവിധ ഇടവകകളിൽ നിന്നും 18 സഹോദരന്മാർ ജൂൺ എട്ടാം തീയതി രൂപത മൈനർ സെമിനാരിയിൽ ചേർന്നു. കുഞ്ഞനുജന്മാർക്ക് സ്വാഗതം.

1. Alayil Joseph (Abin), Kattippara
2. Elavunkal Abraham (Alfi), Pandalloor Hills
3. Karukamalil Abraham (Angelo), Maruthonkara
4. Kavilpurayidathil Sebastian (Alex), Valook
5. Kilivallickal Thomas (Biyon), Kannoth
6. Kokkappillil Noha (Noha), Puthuppady
7. Koonamparambil Joseph (Alan), Vadakara
8. Koyithanathu John (Johnson), Karimbu
9. Kunnathupothiyil Mathew (Salvin), Karimbu
10. Kunnumpurathu Joseph (John), Kodencherry

11. Kumblanikkal Thomas (Ashil), Koorachundu
12. Madikkangal Mathew (Albin), Parathode
13. Mulangothra Sebastian (Milen), Chakkittapara
14. Mundakkattu (Albin), Chakkittapara
15. Oril Antony (Anto), Kattippara
16. Pulluvelil Joseph (Benjamin), Valiyakolly
17. Vadakkel Jacob (Geehon), Valillapuzha
18. Valavannikkal Philip (Clince), Chamal

### അധ്യയനവർഷ ഉദ്ഘാടനം

202425 വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങൾ 10.06.2024 ന് ആരംഭിച്ചു. അന്നേദിവസം രാവിലെ 6.30ന് താമരശ്ശേരി രൂപത വികാരി ജനറാൾ മോൺ. അബ്രഹാം വയലിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. രാവിലെ 10.30 ന് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ സെമിനാരി റെക്ടർ ഫാദർ കുര്യൻ താന്നിക്കൽ സ്വാഗതം പറഞ്ഞു. രൂപത വികാരി ജനറാൾ അബ്രഹാം വയലിൽ ഈ വർഷത്തെ അക്കാദമിക പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. ബഹു. ഫിലിപ്പ് ചക്കുമൂട്ടിൽ അച്ചൻ 'ഫ്രാൻസിസ് മാർപാപ്പയുടെ പൗരോഹിത്യ ദർശനങ്ങൾ' എന്ന വിഷയത്തിൽ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ് എടുത്തു. വൈസ് റെക്ടർ ബഹു. പാലക്കീൽ അന്വേഷച്ചൻ, ആത്മീയ പിതാവ് ബഹു. കൊച്ചിലാത്ത് ജോൺസണച്ചൻ എന്നിവർ സംസാരിച്ചു.

### മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി ദിന അനുസ്മരണം

താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ ചരമദിനമായ ജൂൺ പതിനൊന്നാം തീയതി കത്തീഡ്രൽ പള്ളിയിൽ വച്ച് നടന്ന അനുസ്മരണ കുർബാനയിൽ സെമിനാരിയിലെ വൈദികരും സഹോദരന്മാരും പങ്കെടുത്തു.

### SEMINARY STAFF 2024-25

MEMBERS OF STAFF

Very. Rev. Fr. Kurian Thannickal : Malayalam, Priesthood, Rhetoric

Rev. Fr. Kuriakose Palakeel : Church History, Good Manners, Sociology, History

Rev. Fr. Abraham Kocheelath : History, Spirituality, Liturgy

Rev. Fr. Brijin Poothermannil : Vocation Promoter

Bro. Regent : G.K

## VISITING TEACHERS

Very. Rev. Fr. Thomas Nagaparambil : Malayalam
Rev. Fr. Vincent Ezhanikkattu : Politics
Rev. Fr. Sebastian Purayidathil : Spoken English, Music
Rev. Fr. Mathew Kulathingal : Syriac
Rev. Fr. Thomas Chilambikkunnel : Bible
Rev. Fr. Jinto Varakil : Latin
Rev. Fr. Mathew Mangalamadathil : English
Rev. Fr. Joel Kumbukkal : Politics (Temporary), Games
Mr. Sebastian Antheenattu : Economics
Mr. Jossy Francis Edakalathur : English

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ, അൽഫോൻസ സെമിനാരി



# ചെറുപുഷ്പ മിഷൻലീഗ്

'ദൈവകേന്ദ്രീകൃത കുടുംബം ദൈവവിളികളുടെ ഉറവിടവും ശക്തിയും' എന്ന പഠന വിഷയവുമായി പുതിയ പ്രവർത്തന വർഷ ത്തിലേക്ക് പ്രവേശിച്ചു.

### പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗരേഖ പ്രകാശനവും

ചെറുപുഷ്പ മിഷൻലീഗിന്റെ 2024-25 പ്രവർത്തനവർഷം മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. 2024 ജൂൺ 2 ന് പാറോപ്പടി സെന്റ് ആന്റണീസ് ദേവാലയത്തിൽ വച്ച് ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം സംഘടനകളുടെ മാർഗ്ഗരേഖ പ്രകാശനം രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളാരംകാലായിൽ, ഫൊറോന വികാരി ഫാ. സൈമൺ കിഴക്കേകുന്നേൽ എന്നിവരുടെ സാന്നിധ്യത്തിൽ രൂപത ചാൻസലർ ഫാ. സെബാസ്റ്റ്യൻ കവളക്കാട്ട് നിർവഹിച്ചു.

### പ്രേഷിത കൂടാരം ഉദ്ഘാടനം

താമരശ്ശേരി രൂപത വിശ്വാസ പരിശീലന കേന്ദ്രവും മിഷൻ ലീഗ്, തിരുബാല സഖ്യം സംഘടനകളും ചേർന്ന് ഇടവകകളിൽ നടത്തുന്ന ഏകദിന പ്രോഗ്രാം 'പ്രേഷിത കൂടാരം' രൂപത തല ഉദ്ഘാടനം കുപ്പായക്കോട് ഇടവകയിൽ വച്ച് CML, KCYM, തിരുബാലസഖ്യം മുൻ ഡയറക്ടർ റവ. ഫാ. ജെയിംസ് കുഴിമറ്റത്തിൽ നിർവഹിച്ചു.

### ലോക പരിസ്ഥിതി ദിനാഘോഷം

'കുടുംബത്തോടൊപ്പം വീടിന്റെ പരിസര വൃത്തിയാക്കി ഒരു മരത്തൈ നടൂ.... പ്രകൃതിയുടെ പ്രേക്ഷിതരാകൂ...' എന്ന പ്രമേയത്തിൽ മത്സരങ്ങൾ സംഘടിപ്പിച്ചു.

**ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിൽ നടത്തിയ മത്സരത്തിൽ വിജയികളായവർ**

1st ആഷേർ ജോസഫ് മാളിയേക്കൽ, താഴെക്കോട്
2nd ജോസ് കാനാത്തിൽ, പുഷ്പഗിരി
3rd ഫാൻസ തെങ്ങുംപള്ളിയിൽ പുല്ലൂരാംപാറ, എയ്ഞ്ചൽ നൈസൺ കാവിൽപുരയിടത്തിൽ, വാളൂക്ക്.

പങ്കെടുത്ത എല്ലാവർക്കും നന്ദിയും വിജയികൾക്ക് അഭിനന്ദനങ്ങളും.

### കൈയെഴുത്ത് മാസിക നിർമ്മാണ മത്സരം

'വിളയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്' എന്ന പഠന വിഷ യത്തെ അടിസ്ഥാനമാക്കി നടത്തിയ കൈയെഴുത്ത് മാസിക തയ്യാറാ ക്കൽ മത്സരത്തിൽ പങ്കെടുത്ത എല്ലാ ടീമിനും നന്ദിയും വിജയികളാ യവർക്ക് അഭിനന്ദനങ്ങളും.

### സമ്മാനാർഹരായവർ

1st കണ്ണോത്ത്

2nd അമലാപുരി, കൂടരഞ്ഞി

3rd വിലങ്ങാട്, ചക്കിട്ടപാറ, കോടഞ്ചേരി

ജൂൺ മാസത്തിൽ ഈശോയുടെ തിരുഹൃദയ ഭക്തി കുഞ്ഞു മിഷനറിമാരിൽ രൂപപ്പെടുത്തുന്നതിനായി ഓരോ ദിവസവും തിരു ഹൃദയ വണക്ക പ്രാർത്ഥന പങ്കുവെച്ചു.

### മാർ മങ്കുഴിക്കരി മെമ്മോറിയൽ ലേഖന മത്സരം

താമരശ്ശേരി രൂപതാ ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യ ത്തിൽ എല്ലാ വർഷവും നടത്തി വരുന്ന മാർ മങ്കുഴിക്കരി മെമ്മോറി യൽ ലേഖന മത്സരം ജൂൺ 30 ഞായറാഴ്ച സംഘടിപ്പിച്ചു.

### രൂപത മാനേജിംഗ് കമ്മിറ്റിയും ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് സംഗമവും

ഈ വർഷത്തെ പ്രഥമ മാനേജിംഗ് കമ്മറ്റിയും ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ് സംഗമവും, തിരുബാലസഖ്യം വൈസ് ഡയറക്ടേഴ്സ് സംഗമവും ജൂൺ 17 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ രൂപതാ ഭവൻ ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. മോൺ അബ്രഹാം വയലിൽ ഉദ്ഘാടനം നിർവഹിക്കുകയും, ശ്രീ. തോമസ് ബാബു കല്ലറയ്ക്കൽ സെമിനാർ നയിക്കുകയും ചെയ്തു. പുതിയ രൂപത ഭാരവാഹികളുടെ സത്യപ്രതിജ്ഞ നടത്തുകയും, വിവിധ മത്സരങ്ങൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. 180 തോളം പേർ ഈ മീറ്റിങ്ങിൽ പങ്കെടുത്തു.

### എയ്ഞ്ചലോസ് 2K24

സി.എം.എൽ സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ ജൂൺ 17 തിങ്കളാഴ്ച രാത്രി 7 മണിക്ക് ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്കുവേണ്ടി 'എയ്ഞ്ചലോസ് 2K24' ഓൺലൈൻ മെഗാ സംഗമം നടത്തി. മാനന്തവാടി രൂപത മെത്രാൻ മാർ. ജോസ് പോരുന്നേടം വിശിഷ്ടാതിഥിയായിരുന്നു.

## പുതിയ മേഖല ഡയറക്ടേഴ്സ്

- കരുവാരകുണ്ട് ഫാ. തോമസ് പുലയൻപറമ്പിൽ
- മലപ്പുറം ഫാ അഗസ്റ്റിൻ തുറവയ്ക്കൽ
- കോടഞ്ചേരി ഫാ. മാത്യു തിട്ടയിൽ
- താമരശ്ശേരി ഫാ. മാത്യു മംഗലാമഠത്തിൽ
- പാറോപ്പടി ഫാ. ബിനോയ് ചുനയംമാക്കൽ
- വിലങ്ങാട് ഫാ. ജേക്കബ് കോയിപ്പുറത്ത്

പുതിയ മേഖല ഡയറക്ടർമാർക്ക് പ്രാർത്ഥനാശംസകൾ നേരുന്നു.

## ജൂലൈ മാസപ്രോഗ്രാം

03 ബുധൻ – മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ (കടമുള്ള ദിവസം) അംഗത്വ സ്വീകരണം, അസാധാരണ സമ്മേളനം, വിശേഷാൽ പൊതു ദിവ്യകാരുണ്യ സ്വീകരണം

07 ഞായർ - യുവജനദിനം. എല്ലാ യുവജനങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുന്നു. മാതൃകാ യുവജന പ്രവർത്തകരെ ആദരിക്കുന്നു.

12 വെള്ളി - വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാൾ. ശാഖ തലത്തിൽ കൂടുതൽ മക്കളുള്ള കുടുംബത്തെയും കൂടുതൽ സന്യസ്തരുള്ള കുടുംബത്തെയും ആദരിക്കുക. (സൗകര്യപ്രദമായ രീതിയിൽ തൊട്ടടുത്ത ഞായറാഴ്ച ഈ ആദരിക്കൾ നടത്താം)

13 ശനി - മിസ്സിയോ ഫാമിലി മീറ്റ് 2K24 - മരുതോങ്കര മേഖല - 9.30 am, വിലങ്ങാട്ട് മേഖല 2 pm

14 ഞായർ - എക്സിക്യൂട്ടീവ് മീറ്റിംഗ്

16 ചൊവ്വ - 5 മക്കളിൽ കൂടുതലുള്ള കുടുംബങ്ങളുടെ സംഗമം ശാഖകളിൽ, കർമ്മലമാതാവിന്റെ തിരുനാൾ

22 തിങ്കൾ - വി. മഗ്ദലേനമറിയം

25 വെള്ളി - വി. യാക്കോബ്

17 ബുധൻ - മിസ്സിയോ ഫാമിലി മീറ്റ് 2K24 - കരുവാരകുണ്ട് - 9.30am, മലപ്പുറം മേഖല 2 pm

26 വെള്ളി - മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ ജന്മദിനം, മിഷൻലീഗ് ഉദ്ഘാടകൻ മാർ തോമസ് തറയിൽ 49-ാം ചരമ വാർഷികം

28 ഞായർ - വി. അൽഫോൻസാമ്മയുടെ തിരുനാൾ, അസാധാരണ സമ്മേളനം, വിശേഷാൽ പൊതുദിവ്യകാരുണ്യ സ്വീകരണം, വൈസ് ഡയറക്ടേഴ്സ് ദിനം/ വിവിധ തലങ്ങളിൽ വൈസ് ഡയറക്ടേഴ്സിനെ ആദരിക്കുന്നു. ആശംസ, തിരിനാളം (Skit മത്സരം).

30 ചൊവ്വ - ശാഖകൾ, മേഖലകൾ തയ്യാറാക്കിയ മാർഗ്ഗരേഖ 2024 ആഗസ്റ്റ് 4 ന് മുമ്പ് രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

### പ്രവർത്തനങ്ങൾ

* ഏയ്ഞ്ചൽസ് മീറ്റ് മേഖലാ തലങ്ങളിൽ ആരംഭിക്കുന്നു.
* ശാഖാതലത്തിൽ ദൈവവിളി ലക്ഷ്യമിട്ട് 'വൊക്കേഷൻ ബേങ്ക്' ആരംഭിക്കുന്നു. ശാഖ സെക്രട്ടറി ഒരു മതാധ്യാപകൻ, അധ്യാപിക, ഒരു സിസ്റ്റർ എന്നിവരടങ്ങുന്ന ഒരു ടീമിനെ ഉത്തരവാദിത്വം ഏൽപ്പിക്കുക.
* മിഷൻ ഗ്രാമങ്ങളിലെ ആവശ്യങ്ങൾ അറിയുന്നു, സഹായിക്കുവാനുള്ള പ്രവർത്ത നങ്ങൾ ആരംഭിക്കുന്നു.
* എല്ലാ തലങ്ങളിലും വൈസ് ഡയറക്ടേഴ്സിനെ ആദരിക്കുന്നു.
* മാതൃകാപരമായ പ്രവർത്തനങ്ങൾ ചെയ്യുന്ന സിസ്റ്റേഴ്സിന്റെ അഭിമുഖം /അനുഭവം പങ്കുവയ്ക്കൽ.
* അഞ്ചുമക്കളിൽ കൂടുതലുള്ള കുടുംബങ്ങളുടെ പേരുകൾ ശേഖരിക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്

## തിരുബാലസഖ്യം

- 2024 ജൂൺ 17 ന് വൈസ് ഡയറക്ടേഴ്സ് സംഗമം നടത്തി. രാവിലെ 9.30 മുതൽ 1 മണി വരെ ബിഷപ്പ് ഹൗസ് ഓഡിറ്റോറിയത്തിൽ വച്ചായിരുന്നു മീറ്റിംഗ് നടത്തിയത്. കുട്ടികളുമായി ഈ ആധുനിക കാലഘട്ടത്തിൽ നാം എങ്ങനെ ഇടപെടെണം, എങ്ങനെ ആയിരി ക്കണം അവരോടുള്ള സമീപനം എന്നീ വിഷയങ്ങളെ ഉൾപ്പെ ടുത്തി ശ്രീ. തോമസ് ബാബു കല്ലറക്കൽ ക്ലാസ്സ് നയിച്ചു.
- താമരശ്ശേരി രൂപതയിൽ തിരുബാലസംഖ്യം കുട്ടികൾക്കുള്ള ബാഡ്ജ് അന്നേ ദിനം വിതരണം ചെയ്തു. ഉണ്ണിശോയുടെ കാശു രൂപത്തോടൊപ്പം നീല, വെള്ള, ചുവപ്പ് എന്നീ നിറങ്ങളാണ് ബാഡ് ജിൽ ഉൾപെടുത്തിയിരിക്കുന്നത്.

നീല നിറം പരിശുദ്ധ കന്യകാമറിയത്തെ സൂചിപ്പിക്കുന്നു.

വെള്ള നിറം വിശുദ്ധിയും, കാവൽ മാലാഖയേയും സൂചിപ്പിക്കുന്നു.

ചുവപ്പ് നിറം വി. യൗസേപ്പ് പിതാവിനെ സൂചിപ്പിക്കുന്നു.

പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ യൗസേപ്പിതാവിന്റെയും കാവൽ മാലാഖയുടയുടെയും സഹായത്താൽ ഉണ്ണീശോയെ ജീവിതത്തിൽ മാതൃകയാക്കി തിരുബാലസഖ്യം സംഘടനയിലെ അംഗങ്ങൾ വിശുദ്ധിയിലേക്ക് വളരുന്നു.

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# ആൽഫ മരിയ അക്കാദമി

**സൗജന്യ ജർമൻ ഭാഷാ പരിശീലനം പുതിയ ബാച്ചുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

- ജർമ്മനിയിൽ നഴ്സിംഗ് ജോലി ആഗ്രഹിക്കുന്ന നഴ്സുമാർക്ക് തികച്ചും സൗജന്യമായി ജർമ്മൻ ഭാഷ പരിശീലത്തിന്റെ A1, A2, B1, ആ2 വിന്റെ പുതിയ ബാച്ചുകളും, B2 വിന് മുന്നോടിയായുള്ള പ്രീപറേഷൻ കോഴ്സുകളും കുന്നമംഗലം ആൽഫ മരിയ അക്കാദമിയിൽ ആരംഭിച്ചിരിക്കുന്നു. BSC/ GNM നഴ്സുമാർക്കാണ് പരിശീലനം നൽകുന്നത്. അതിനുശേഷം സൗജന്യമായി ജർമ്മനിയിൽ ജോലിയും ഉറപ്പും നൽകുന്നു. Online / Offline ക്ലാസുകൾ ലഭ്യമായിരിക്കും.
- പ്ലസ് ടു അല്ലെങ്കിൽ മറ്റെന്തെങ്കിലും കോഴ്സുകളോ കഴിഞ്ഞ് ജർമ്മനിയിൽ ഉന്നത പഠനത്തിനായി പോകുന്നവർക്ക് ആൽഫാ മരിയ അക്കാദമിയിൽ മിതമായ നിരക്കിൽ ജർമൻ ഭാഷ പഠിക്കാം.
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് : 9497567689, 8157044071

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

മാനസികാരോഗ്യം പരിപോഷിപ്പിക്കുന്നതിനും കൗൺസലിങ് രംഗത്തേക്ക് പുതുതലമുറയെ വാർത്തെടുക്കുന്നതിനുമായി കോഴി ക്കോട് മേരിക്കുന്ന് ആസ്ഥാനമായി പ്രവർത്തിക്കുന്ന പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെ റാപ്പിയിൽ ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ ദിവസേന കൗൺസിലിങ്ങും കൗൺസിലിംഗ് ക്ലാസ്സുകളും, ഓഫ് ലൈനായും ഓൺലൈനായും നടക്കുന്നു. വർദ്ധിച്ചു നരുന്ന മാന സിക സംഘർഷങ്ങളെ ക്രിയാത്മകമായി സമീപിക്കുവാനും മാനസിക പിരിമുറുക്കത്തിൽ നിന്നും ആനന്ദകരമായ ഒരു ജീവിത ത്തിലേക്ക് നടന്നടുക്കുവാനും വളരെ സഹായകരമാകുന്ന ഈ കൗൺസിലിംഗ് സേവനം ജാതിമത ഭേദമന്യേ കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവർക്ക് ഇവിടെ സംലഭ്യമാണ്. സൗജന്യ കൗൺസിലിംഗ് സേവനവും ഇവിടെ നല്കപ്പെടുന്നു.

### അറിയിപ്പുകൾ

### 1. വ്യക്തിത്വ വികസന ക്യാമ്പ്

കുട്ടികളുടെ ഭാവി നശിപ്പിക്കുന്ന അലസത, ലക്ഷ്യബോധമില്ലാ യ്മ, മൊബൈൽ ഫോണിന്റെ അമിത ഉപയോഗം, തെറ്റായ കൂട്ടുകെട്ടു കളിലും സ്നേഹബന്ധങ്ങളിലുംപെട്ടുള്ള അപകടങ്ങൾ, ലഹരി വസ് തുക്കളുടെ ഉപയോഗം, മാതാപിതാക്കളോടുള്ള ബന്ധങ്ങളിലെ വിള്ളൽ, മറ്റ് വ്യക്തിത്വ വൈകല്യങ്ങൾ തുടങ്ങിയവ മാറ്റി ജീവിത ത്തിന് പുതിയ കാഴ്ചപ്പാടും ലക്ഷ്യബോധവും നൽകി. സ്വന്തം കഴിവു കൾ കണ്ടെത്തി അവ വളർത്തി ഉത്തമ പൗരന്മാരായി മാറുവാൻ സഹാ യിക്കുക എന്ന ലക്ഷ്യത്തോടെ 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടി കൾക്കായി 2024 മെയ് 17, 18, തീയതികളിൽ, കോഴിക്കോട് പി.എം.ഒ. സിയിൽ വച്ച്, പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട്, വ്യക്തിത്വ വികസന ക്യാമ്പ് സംഘടിപ്പിച്ചു. കേരളത്തിനകത്തും പുറത്തു നിന്നുമുള്ള നിരവധി കുട്ടികൾ ഈ ക്യാമ്പിൽ പങ്കെടുത്തു. പ്രസ്തുത ക്യാമ്പിൽ സംബന്ധിച്ച എല്ലാ കുട്ടികളും വ്യക്തിപരമായ കൗൺസിലിംഗിനും ഗൈഡൻസിനുമുള്ള സൗകര്യം പ്രയോജനപ്പെടുത്തി.

### 2. ഇന്റർനാഷണൽ കൗൺസലേഴ്സ് ട്രൈനിംഗ് പ്രോഗ്രാം

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ നടത്തപ്പെടുന്ന മാസ്റ്റേഴ്സ് പ്രോഗ്രാം (കൗൺസിലിംഗ് സൈക്കോളജി, ഗൈഡൻസ് & കൗൺസിലിംഗ്) ചെയ്തുകൊണ്ടിരിക്കുന്നവർക്കായി 2024 മേയ് 20 മുതൽ ജൂൺ 3 വരെയുള്ള തീയതികളിൽ 2 ആഴ്ചത്തെ ഇന്റൻസീവ് കൗൺസലിംഗ് പരിശീലന പരിപാടി

നടത്തി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, വിവിധ തുറകളിൽ പ്രവർത്തിക്കുന്ന നാനാജാതി മതസ്ഥരായ 115 പ്രമുഖ വ്യക്തികൾ ഈ പ്രോഗ്രാമിൽ പങ്കെടുത്തു. ബഹുമാനപ്പെട്ട ശ്രീ. ജോസി ചെറിയാൻ (Vigilance anty correction Sp Palakkad & Thrissur) പ്രോഗ്രാം ഉത്ഘാടനം ചെയ്ത് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. JPI ഡയറക്ടർ ഫാ. കുര്യൻ പുരമഠം സ്വാഗതവും, ഫാ. ജോജി (എച്ച്.ഒ.ഡി അസിസ്റ്റന്റ് പ്രൊഫസർ & സൈക്കോതെറാപ്പിസ്റ്റ്), മിസ്സിസ്സ് ശാലിനി ജോസ് - (പ്രോഗ്രാം കോ-ഓർഡിനേറ്റർ) എന്നിവർ ആശംസകളും അർപ്പിച്ചു.

### 3. യൂണിവേഴ്സിറ്റി എക്സാമിനേഷൻ

2023-24 അധ്യയന വർഷത്തെ ക്ലാസ്സുകൾ പൂർത്തിയാക്കി, എം.എസ്.സി ഇൻ കൗൺസിലിംഗ് സൈക്കോളജി, എം.എസ്.സി ഇൻ ഗൈഡൻസ് & കൗൺസിലിംഗ് ഒന്നാം വർഷ രണ്ടാം വർഷ വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി പരീക്ഷ നടന്നുകൊണ്ടിരിക്കുന്നു.

### 4. കോഴ്സുകൾ

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തപ്പെടുന്ന മാസ്റ്റേഴ്സ് (ഓൺലൈൻ/ഓഫ്‌ലൈൻ) പ്രോഗ്രാമിന്റെ 6th (2024-25) ബാച്ചിലേ ക്കുള്ള രജിസേട്രേഷൻ ആരംഭിച്ചിരിക്കുന്നു.

1. എം.എസ്.സി. ഇൻ കൗൺസിലിംഗ് സൈക്കോളജി
2. എം.എസ്.സി. ഇൻ ഗൈഡൻസി & കൗൺസിലിംഗ്

കൗൺസിലിംഗ് കോഴ്സ് പഠിക്കാൻ താത്പര്യമുള്ളവരും കൗൺസലിംഗ് സേവനം ആവശ്യമുള്ളവരും താഴെകൊടുത്തിരിക്കുന്ന നമ്പറിൽ ഓഫീസുമായി ബന്ധപ്പടാവുന്നതാണ്.

Contact No: 9037379180, 9496575018

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# സ്റ്റാർട്ട്

## INTERNATIONAL GOOGLE MEET

താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ടും ഇടുക്കി രൂപതയുടെ മതബോധന വിഭാഗവും സംയുക്ത മായി ഇന്റർനാഷൻനൽ ഗൂഗിൾ മീറ്റ് മെയ് 26 – ന് സംഘടിപ്പിച്ചു. സ്റ്റാർട്ടിലെ കോഴ്സുകളെ പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നടത്തിയ ഗൂഗിൾ മീറ്റിൽ രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നുമായി 250 ഓളം ആൾക്കാർ പങ്കെടുത്തു. ഇടുക്കി രൂപതയിലെ 10, +2 ക്ലാസ്സു കളിലെ മതാധ്യാപകരുടെയും പ്രധാനാധ്യാപകരുടെയും സാന്നിധ്യം മീറ്റിനെ കൂടുതൽ മികവുറ്റതാക്കി. ഇടുക്കി രൂപത മതബോധന ഡയ റക്ടർ ഫാ. ഫിലിപ്പ് അയിക്കര യോഗത്തിന് സ്വാഗതമരുളി. മാറുന്ന കാലഘട്ടത്തിൽ സ്വഭാവരൂപീകരണം ആത്മവിശ്വാസം, ആത്മഭിമാനം, കർത്തവ്യബോധം, സമൂഹത്തോടും തന്നോട് തന്നെയുമുള്ള ഉത്തര വാദിത്വം, സുവിശേഷത്തെയും, ഇന്ത്യൻ സംസ്കാരത്തെയും അടി സ്ഥാനമാക്കിയുള്ള പഠനം, മറ്റ് അടിസ്ഥാന മൂല്യങ്ങൾ എന്നിവ സ്റ്റാർട്ട് പാഠ്യപദ്ധതിയുടെ അവിഭാജ്യ ഘടകമാണെന്ന് സ്റ്റാർട്ട് ഡയറക്ടർ ഡോ. സുബിൻ കിഴക്കേവീട്ടിൽ വ്യക്തമാക്കി. ഡോ. ജോർജ് പൈമ്പള്ളി, ഡോ. ജെറാർഡ് ബ്രൂഗ്ഗിങ്ക്, ഫാ. ജോസഫ് കള ത്തിൽ, സി. ടിജി SKD, ശ്രീ. രഞ്ജി ജോൺ, ശ്രീമതി ജാക്കിലിൻ തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു. സ്വദേശത്തും വിദേശത്തുമുള്ള വിദ്യാഭ്യാസ – തൊഴിൽ സാദ്ധ്യതകൾ, സ്വഭാവരൂപീകരണ ത്തിന്റെ പ്രാധാന്യം, ഇന്ത്യൻ വിദ്യാർത്ഥികൾ വിദേശത്ത് നേരിടുന്ന വെല്ലുവിളികൾ, നിർമിത ബുദ്ധിയുടെ സാധ്യതകളും വെല്ലുവിളികളും തുടങ്ങിയ വിഷയങ്ങളും യോഗത്തിന്റെ ഭാഗമായി.

## START CARE SOLUTIONS – INTERNATIONAL CARE CERTIFICATE COURSE

ഹെൽത്ത് സെക്ടർ മേഖലയിലെ ജോലിസാധ്യതകളെ മുൻ നിർത്തി കൊണ്ട് സ്റ്റാർട്ട് ആരംഭിക്കുന്ന ത്രൈമാസ നൈപുണ്യ പരി ശീലന കോഴ്സായ START CARE SOLUTION -ന്റെ ക്ലാസുകൾ ജൂലൈ 15 -ന് ആരംഭിക്കുന്നു. കാനഡ, യൂറോപ്പ്, ന്യൂസിലൻഡ്, ഓസ്ട്രേലിയ, യുകെ തുടങ്ങിയ രാജ്യങ്ങളിലെ Elderly Care, Disability Care, Mental Health Care മേഖലകളിലേക്കുള്ള സമർത്ഥരായ ഉദ്യോഗാർത്ഥികളെ സൃഷ്ടിക്കുകയെന്നതാണ് കോഴ്സിന്റെ ലക്ഷ്യം. വിദേശരാജ്യങ്ങളിലെ വിദഗ്ദ്ധരായ സേവനദാതാക്കളുടെ സഹകരണ ത്തോടെയാണ് ഈ കോഴ്സ് സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് www.startcare.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്കായുള്ള ഏകവത്സര കോഴ്സ്

സ്വഭാവ വൈശിഷ്ട്യവും സാമൂഹിക പ്രതിബദ്ധതയും ഉയർന്ന ധാർമിക നിലവാരവുമുള്ള നേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമ പാലകരെയും നമ്മുടെ സമുദായത്തിൽ നിന്ന് ദേശീയ അന്തർദേശീയ തലങ്ങളിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ഏകവത്സര കോഴ്സിന്റെ പത്തൊൻപതാമത്തെ ബാച്ചിലേക്കുള്ള അഡ്മിഷൻ അവസാന ഘട്ടത്തിലേക്ക്. അഖിലേന്ത്യാ തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കേന്ദ്ര സർവ്വകലാശാലകളിലും മറ്റ് പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലും അഡ്മിഷൻ നേടി, മികവുറ്റ വിധം പഠനം പൂർത്തിയാക്കി, ഓരോ വിദ്യാർത്ഥിയിലും അന്തർലീനമായ കഴിവുകളും അഭിരുചികളും കണ്ടെത്തുവാനും അതിനു അനുയോജ്യമാ യി മാത്രം ഉപരിപഠനത്തിനുള്ള വിഷയങ്ങളും സ്ഥാപനങ്ങളും തെര ഞ്ഞെടുക്കുവാനും ഏകവത്സര കോഴ്സ് കുട്ടികളെ സഹായിക്കുന്നു.

## Integrated Residential PLUS TWO Course

റെസിഡൻഷ്യൽ പ്ലസ് ടു കോഴ്സ് അഡ്മിഷൻ അവസാനഘട്ട ത്തിലേക്ക്. ഉന്നത മികവോടെ നാട്ടിലോ വിദേശത്തോ ജീവിതം കരു പ്പിടിപ്പിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് അന്തരാഷ്ട്ര നിലവാര ത്തോടെ പഠിക്കുവാനും അവരുടെ ഭാവിജീവിതം ശോഭനമാക്കു വാനും, പ്ലസ്റ്റു പഠനത്തോടൊപ്പം ഫ്രഞ്ച്, ജർമ്മൻ ഭാഷകളിൽ ബി 2 ഗ്രേഡ് പരീക്ഷ കൂടി പാസാകാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. ഈ ഭാഷകൾ സംസാരിക്കുന്ന വിദേശികളായ അദ്ധ്യാപകരുടെയും ക്ലാസു കൾ ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്: 04952357843, 9037107843, 97444458111 (Director)
www.startindia.org

**ഫാ. സുബിൻ കിഴക്കേവീട്ടിൽ**
ഡയറക്ടർ സ്റ്റാർട്ട്

# എയ്ഡർ എഡ്യൂക്കെയർ

## എയ്ഡർ കണക്ട് - പാരിഷ് വിസിറ്റ്

എയ്ഡർ എഡ്യു കെയർ പാരിഷ് വിസിറ്റ് ജൂൺ മാസം 9 ന് ആരംഭിച്ചു. കൂരാച്ചുണ്ട്, മരുതോങ്കര, വിലങ്ങാട് ഫൊറോനകളിലെ 23 ഇടവകകൾ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ സന്ദർശിക്കുകയും ഒൻപത്, പത്ത്, പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലെ വിദ്യാർത്ഥികളെ സന്ദർശിക്കുകയും ചെയ്തു. എയ്ഡർ എഡ്യു കെയറിന്റെ പ്രവർത്തനം, സാധ്യതകൾ, സഹായങ്ങൾ എന്നിവയെ ക്കുറിച്ച് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മാതാപിതാക്കൾക്കും അറിവ് ലഭിക്കത്തക്കവിധം ഷോർട്ട് ഇൻഫർമേഷൻ സെഷൻസ് നടത്തി. അഞ്ഞൂറോളം കുട്ടികളെ ജൂൺ മാസത്തിൽ കണക്ട് ചെയ്യാനും ഫോളോ ചെയ്യാനും സാധിച്ചു. എഡ്യു കണക്ട് ടീം അംഗങ്ങളായ സി. സ്നേഹ മെറിൻ സി.എം.സി, സി. സജിനി ജോർജ്ജ് ഡി.പി.എം.റ്റി, സി. റ്റിൻസ ജോർജ്ജ് എം.എസ്.എം.ഐ, സി. സോന മരിയ എഫ്.സി.സി, സി. റ്റിസി ജോസ് എസ് എച്ച്, സി. ക്രിസ്റ്റീന റോസ് എം.എസ്.എം.ഐ എന്നിവർ സന്ദർശനം നടത്തി വരുന്നു. എല്ലാ സഹകരണങ്ങളും ചെയ്ത് നൽകുന്ന ബഹു. വികാരി യച്ചൻമാർക്കും വേദപാഠ അധ്യാപകർക്കും ഹൃദയപൂർവ്വം നന്ദി.

## എയ്ഡർ എഡ്യു - എക്സ്റ്റന്റ്

പാരിഷ് സന്ദർശനത്തിൽ ഇ.ഡബ്ല്യു.എസ്, സ്കോളർഷിപ്പുകൾ, ലോണുകൾ, മറ്റ് ആനുകൂല്യങ്ങൾ, മോട്ടിവേഷൻ എന്നിങ്ങനെ ഇടവക യിലെ കുട്ടികളുടെ പൊതു സ്ഥിതിവിശേഷം മനസിലാക്കി അവർക്ക് ആവശ്യമായ അറിവുകൾ എത്തിക്കത്തക്കവിധം സെമിനാർ സെഷ ൻസ് എയ്ഡർ എഡ്യു - എക്സറ്റന്റ് എന്ന പേരിൽ സംഘടിപ്പിക്കുന്നു. ഓൺ ലൈനായും ഓഫ് ലൈനായും ഈ സെഷൻസ് ചെയ്യാൻ ആഗ്രഹിക്കുന്നു. ഓരോ ഇടവകയിലെയും വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും പൊതുബോധവും ആവശ്യകതയും മനസി ലാക്കിയാണ് വിഷയങ്ങൾ നിർണ്ണയിക്കുക. ഏതെങ്കിലും ഇടവക കളിൽ പ്രത്യേക വിഷയങ്ങളെ സംബന്ധിച്ച് അറിവ് ലഭിക്കണമെന്ന് താത്പര്യപ്പെടുന്നുണ്ടെങ്കിൽ ബഹു. വികാരിയച്ചൻമാർ അറിയിക്കു മല്ലോ.

## ടീം ഗാദറിങ്, ഫോർമേഷൻ

ജൂൺ 6.7 തിയ്യതികളിൽ എയ്ഡർ എഡ്യു- കണക്ട് ടീം അംഗ ങ്ങൾക്ക് രണ്ട് ദിവസത്തെ ഫോർമേഷൻ പി.എം.ഒ.സി യിൽ സംഘ ടിപ്പിച്ചു. പ്രസന്റേഷൻ മെത്തേഡ്, റാപ്പോ ബിൽഡിങ്, യൂത്ത് ട്രന്റുകൾ, ഇന്റഗ്രേറ്റഡ് ഡിഗ്രി, റിക്രൂട്ട്മെന്റ്

സാധ്യതകൾ എന്നിവയെ സംബ ന്ധിച്ച് വിവിധ സെഷനുകൾ സംഘടിപ്പിച്ചു. ജൂൺ 8, ജൂൺ 15 തിയ്യതി കളിൽ ടീം മീറ്റ് നടത്തി. ജൂൺ 26 ന് താമരശ്ശേരിയിൽ വെച്ച് ടീം ഗാദ റിങ്ങും എ.ഐ, ഭിന്നശേഷി വിഭാഗം എന്നിവയെ സംബന്ധിച്ച് പഠ നവും നടത്തി.

### എയ്ഡർ എഡ്യു കെയർ സോഷ്യൽ മീഡിയ പേജുകൾ

ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം എന്നീ സോഷ്യൽ മീഡിയകളിൽ പബ്ലിക് പേജുകൾ ആരംഭിക്കുകയും എഡ്യുകെയറിന്റെ ഔദ്യോഗിക അറിയിപ്പുകൾ നൽകി വരികയും ചെയ്യുന്നു.

### അറിയിപ്പ്

### ജൂലൈ മാസത്തെ പാരിഷ് വിസിറ്റ്

ജൂലൈ മാസത്തിൽ താമരശ്ശേരി കോടഞ്ചേരി, തിരുവമ്പാടി ഫൊറോനകളിൽ റഷ് വിസിറ്റ് - നടത്താൻ ആഗ്രഹിക്കുന്നു. ബഹു. വികാരിയച്ചൻമാരുടെ പിന്തുണ അഭ്യർത്ഥിക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
ഏയ്ഡ എഡ്യൂകെയർ

## കമ്മ്യൂണിക്കേഷൻ മീഡിയ

### മലബാർ വിഷൻ ജൂലൈ ഓഗസ്റ്റ് ലക്കം

മലബാർ വിഷൻ ജൂലൈ ഓഗസ്റ്റ് ലക്കം തയ്യാറായി കഴിഞ്ഞു. സ്വാതന്ത്ര്യം നേരിടുന്ന വെല്ലുവിളികളെ വിശകലനം ചെയ്യുന്ന ലേഖ നമാണ് ഇത്തവണത്ത കവർ സ്റ്റോറി.

എപ്പാർക്കിയൽ അസംബ്ലിയെക്കുറിച്ചുള്ള സമഗ്രമായ റിപ്പോർട്ട് ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂൾതലം മുതൽ ബിരുദാനന്തര തലം വരെയുള്ള വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന വിവിധ സ്കോളർഷിപ്പുകളെക്കുറിച്ച് വിശദമായി ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ പരിചയപ്പെടുത്തുന്ന പംക്തി ഈ ലക്കം മുതൽ ആരംഭിച്ചു. പ്രധാന മന്ത്രി കിസാൻ സമ്മാന നിധി യോജനയെക്കുറിച്ചുള്ള വിവരങ്ങളും ഈ ലക്കത്തെ കൂടുതൽ ഈടുറ്റതാക്കുന്നു. ആശോകപുരം

ഇടവകാംഗങ്ങളായ രണ്ടു സഹോദരിമാർ കോവിഡ് കാലത്ത് ആരംഭിച്ച്, ഇപ്പോൾ നിരവധി ആളുകളുടെ ഇഷ്ട ഭക്ഷണ കേന്ദ്രമായി മാറിയ മഡ്ക റസ്റ്റോറന്റിനെക്കുറിച്ചുള്ളരങ്ങളും ഈ ലക്കത്തിന്റെ പ്രത്യേകതയാണ്. കൂടാതെ പതിവ് പംക്തികളും രൂപതാ വാർത്തകളും ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇൻഫർമേറ്റീവായ നിരവധി ലേഖനങ്ങൾ ഉൾക്കൊള്ളുന്ന ഈ ലക്കം മലബാർ വിഷൻ ജൂലൈ ആദ്യവാരം ഇടവകകളിൽ എത്തുന്നതാണ്.

**ഫാ. സിബി കുഴിവേലിൽ**
ഡയറക്ടർ, കമ്മ്യൂണിക്കേഷൻ മീഡിയ

# കെ.സി.വൈ.എം
# എസ്.എം.വൈ.എം

## മേഖല യൂത്ത് കോൺഫറൻസ് (MYC)

മേഖല യൂത്ത് കോൺഫറൻസ് പത്താം ദിനം മെയ് 25 ന് വിലങ്ങാട് മേഖലയിൽ വിലങ്ങാട് സെന്റ് ജോർജ്ജ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. വിലങ്ങാട് ഫൊറോന വികാരി ഫാ. വിൽസൺ മുട്ടത്തുകുടി ഉദ്ഘാടനം ചെയ്തു.

MYC പതിനൊന്നാം ദിനം മെയ് 26 ന് തിരുവമ്പാടി മേഖലയിൽ തിരുവമ്പാടി അൽഫോൻസ കോളജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. തിരുവമ്പാടി മേഖല ഡയറക്ടർ ഫാ. ആൽബിൻ വിലങ്ങുപാറ ഉദ്ഘാടനം ചെയ്തു.

## മേഖല യൂത്ത് കോൺഫറൻസ് സമാപനം

കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ രൂപതയിലെ 11 മേഖലകളിലായി നടത്തി വന്ന മേഖല യൂത്ത് കോൺഫറൻസുകൾ (എം. വൈ. സി.) മെയ് 26 ന് സമാപിച്ചു. തിരുവമ്പാടി മേഖലയുടെ ആതിഥേയത്വത്തിൽ തിരുവമ്പാടി അൽഫോൻസ കോളേജിൽ നടന്ന സമാപന സമ്മേളനം കോഴിക്കോട് കോർപ്പറേഷൻ മേയർ ഡോ. ബീന ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. ക്രൈസ്തവയുവത്വം സമൂഹത്തിന്റെ പ്രതീക്ഷയാണെന്നും കാലഘട്ടത്തിനനുസരിച്ച മാറ്റങ്ങളുടെ വക്താക്കളാണെന്നും ഡോ. ബീന ഫിലിപ്പ് അഭിപ്രായപ്പെട്ടു. രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ അധ്യക്ഷത വഹിച്ചു. കഴിഞ്ഞ 6 വർഷക്കാലമായി കെ.സി.വൈ.എം. താമരശ്ശേരി രൂപത ഡയറക്ടർ

ആയിരുന്ന ഫാ. ജോർജ്ജ് വെള്ളക്കാക്കുടിയിലിന് യാത്രയയപ്പും ഈ സമ്മേളന വച്ച് വേദിയിൽ നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. മാത്യൂ തെക്കേക്കരമറ്റത്തിൽ, ജനറൽ സെക്രട്ടറി അലീന മാത്യു, മേഖല ഡയറക്ടർ ഫാ. ആൽബിൻ വിലങ്ങുപാറ, ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, മേഖല പ്രസിഡന്റ് അജിത്ത്, LDS പ്രതിനിധി ആൽബിൻ സഖറിയാസ്, വൈസ് പ്രസിഡന്റ് അലോണ ജോൺസൻ എന്നിവർ സംസാരിച്ചു. ഏപ്രിൽ 6ന് പാറോപ്പടിയിൽ ആരംഭിച്ച മേഖല യൂത്ത് കോൺഫറൻസ് മെയ് 26 ന് തിരുവമ്പാടിയിൽ അവസാനിക്കുമ്പോൾ 11 മേഖലകളിലായി 1500 ലധികം യൂണിറ്റ് നേതാക്കൾ പങ്കെടുത്തു.

### ദർശൻ

താമരശ്ശേരി രൂപതയിലെ 120 യൂണിറ്റുകളുടെയും പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും സംഗമം ജൂൺ 2 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്റർ, താമരശ്ശേരിയിൽ വെച്ച് നടത്തപ്പെട്ടു. വരുംകാല പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ അദ്ധ്യക്ഷം വഹിച്ച സംഗമം രൂപത ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി അലീന മാത്യു, വൈസ് പ്രസിഡന്റ് അലൻ ബിജു എന്നിവർ സംസാരിച്ചു. സംസ്ഥാന സെനറ്റ് അംഗം അലീന ലെയ്സൺ, ഡെൽബിൻ സെബാസ്റ്റ്യൻ, അനീഷ് കെ ജോസ്, അബിൻ പാലാട്ട്, അബ്രഹാം ജോസഫ് എന്നിവർ നേതൃത്വം നൽകി.

### ഖോറാ മരം

ലോകത്തെ ഏറ്റവും പ്രസിദ്ധമായ ക്രൈസ്തവ ദേവാലയങ്ങളിലൊന്നായ തുർക്കിയിലെ ഖോറാ പള്ളി തകർത്ത് ബാങ്കുവിളികളുയരുന്ന ഇടമാക്കി മാറ്റിയതിനെതിരെ താമരശ്ശേരി രൂപതയിലെ കെ. സി. വൈ. എം. യൂണിറ്റുകളിൽ ജൂൺ 5, പരിസ്ഥിതി ദിനത്തിൽ ഖോറാ മരമെന്ന് പേരിട്ട വൃക്ഷത്തൈ നട്ട് കൊണ്ട് പ്രതിഷേധിച്ചു. രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ, രൂപത ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ എന്നിവർ ഒരുമിച്ച് ഖോറാ മരം നട്ടുകൊണ്ട് പ്രതിഷേധം ഉദ്ഘാടനം ചെയ്തു.

### നന്ദിയോടെ

നാളിതുവരെ വിവിധ മേഖല സമിതികളെ ശക്തമായി നയിച്ച് പുതിയ കർമ്മവീഥികളിലേക്ക് കടക്കുന്ന ഡയറക്ടർ അച്ചന്മാർക്ക് ഒരായിരം നന്ദി.

കൂരാച്ചുണ്ട് - ഫാ. കുര്യാക്കോസ് കൊച്ചുകൈപ്പയിൽ
താമരശ്ശേരി - ഫാ. ജോസഫ് കളപ്പുരയ്ക്കൽ
പാറോപ്പടി - ഫാ. അബ്രഹാം സ്രാമ്പിക്കൽ
കോടഞ്ചേരി - ഫാ. ജോസഫ് അന്തീനാട്
പെരിന്തൽമണ്ണ - ഫാ. ജോസഫ് ഏഴാനിക്കാട്ട്
കരുവാരകുണ്ട് - ഫാ. മാത്യു കോട്ടക്കൽ

### സ്വാഗതം

വിവിധ മേഖല സമിതികളെ നയിക്കാനായി നിയമിതരായ ഡയറക്ടർ അച്ചന്മാർക്ക് യുവജന കുടുംബത്തിലേക്ക് സ്വാഗതം.

കൂരാച്ചുണ്ട് - ഫാ. ജോസഫ് പുത്തൻപുരക്കൽ
താമരശ്ശേരി - ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ
പാറോപ്പടി - ഫാ. ജോസഫ് പന്തലാടിക്കൽ
കോടഞ്ചേരി - ഫാ. തോമസ് മേലാട്ട് HGN
പെരിന്തൽമണ്ണ - ഫാ. സെബാസ്റ്റ്യൻ പാട്ടശ്ശേരിയിൽ
കരുവാരകുണ്ട് - ഫാ. ജോസഫ് പീടികയിൽ CST

### സ്നേഹപൂർവ്വം കെ.സി.വൈ.എം.

പൊതിച്ചോറ് വിതരണത്തിന്റെ അഞ്ചാം അധ്യായം കോടഞ്ചേരി മേഖലയുടെ നേതൃത്വത്തിൽ ജൂൺ 8, ശനിയാഴ്ച കോഴിക്കോട് ഗവ. മെഡിക്കൽ കോളേജിലെ രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കുമായി പൊതിച്ചോറ് വിതരണം ചെയ്തു.

### എസ്.എം.വൈ.എം. സംസ്ഥാന കൗൺസിൽ

ജൂൺ 9 ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടന്ന എസ്.എം.വൈ.എം. സംസ്ഥാന കൗൺസിലിലും സംസ്ഥാന തിരഞ്ഞെടുപ്പിലും രൂപത ഡയറക്ടർ ഫാ. ജോബിൻ തേക്കേക്കരമറ്റത്തിൽ, പ്രസിഡന്റ് റിച്ചാൾഡ് ജോൺ , ജനറൽ സെക്രട്ടറി അലീന മാത്യു, സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായ അഭിലാഷ് കുടിപ്പാറ, ആഗി മരിയ ജോസഫ്, എസ്.എം.വൈ.എം. സംസ്ഥാന പ്രസിഡന്റ് വിശാഖ് തോമസ് എന്നിവർ പങ്കെടുത്തു. അന്ന് നടന്ന സംസ്ഥാന തിരഞ്ഞെടുപ്പിൽ സീറോ മലബാർ യുവജന പ്രസ്ഥാനത്തിന്റെ സംസ്ഥാന നേതൃത്വത്തിലേക്ക്, എസ്.എം.വൈ.എം. സംസ്ഥാന സെക്രട്ടറിയായി താമരശ്ശേരി രൂപതയുടെ ശക്തമായ വനിതാ സാന്നിധ്യമായി മലപ്പുറം യൂണിറ്റ് അംഗവും

കെ.സി.വൈ.എം. സംസ്ഥാന സിൻഡിക്കേറ്റ് അംഗവുമായ ആഗി മരിയ ജോസഫ് തിരഞ്ഞെടുക്കപ്പെട്ടു.

എസ്.എം.വൈ.എം. സംസ്ഥാന സമിതിയെ നാളിതുവരെ നയിച്ച വിശാഖ് തോമസിന് താമരശ്ശേരി രൂപത യുവജന പ്രസ്ഥാനത്തിന്റെ ഒരായിരം നന്ദി.

### മേഖല അർദ്ധ വാർഷിക സെനറ്റ് സമ്മേളനങ്ങൾ

മേഖല പ്രവർത്തനങ്ങളെ വിലയിരുത്താനും ഏകോപിപ്പിക്കുവാനുമായി മേഖല അർദ്ധ വാർഷിക സെനറ്റ് സമ്മേളനങ്ങൾ ആരംഭിച്ചു.

ജൂൺ 16 മുതൽ ജൂലൈ 7 വരെ വിവിധ മേഖലകളിൽ സംഘടനയുടെ പരമോന്നത വേദിയായ സെനറ്റ് സമ്മേളനങ്ങൾ നടത്ത പ്പെടുന്നു.

ജൂൺ 16 ന് ഉച്ചക്ക് 1 മണിക്ക് പാറോപ്പടി മേഖല അർദ്ധ വാർഷിക സെനറ്റ് സമ്മേളനം ചേവായൂർ യൂണിറ്റിൽ വെച്ച് നടത്തപ്പെട്ടു. യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, നിർദ്ദേശങ്ങൾ നൽകുകയും മേഖല റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

ജൂൺ 16 ന് ഉച്ച കഴിഞ്ഞ് 3 മണിക്ക് താമരശ്ശേരി മേഖല അർദ്ധ വാർഷിക സെനറ്റ് സമ്മേളനം മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്റർ (MMPC), താമരശ്ശേരിയിൽ വച്ച് നടത്തപ്പെട്ടു. യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, നിർദ്ദേശങ്ങൾ നൽകുകയും മേഖല റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

സെനറ്റ് സമ്മേളനത്തിൽ വെച്ച് താമരശ്ശേരി മേഖലയുടെ പുതിയ സെക്രട്ടറിയായി ചിപ്പിലിത്തോട് യൂണിറ്റ് അംഗം അരുൺ വി ആന്റണിയും ജോയിന്റ് സെക്രട്ടറിയായി പുതുപ്പാടി യൂണിറ്റ് അംഗം ആൻഷിയും തിരഞ്ഞെടുക്കപ്പെട്ടു.

ജൂൺ 23, ഞായറാഴ്ച

11 AM: മരുതോങ്കര

1 PM: വിലങ്ങാട്

3 PM: കൂരാച്ചുണ്ട്

ജൂൺ 30, ഞായറാഴ്ച

11 AM: കോടഞ്ചേരി

1 PM: തിരുവമ്പാടി

3 PM: തോട്ടുമുക്കം

ജൂലൈ 7, ഞായറാഴ്ച

11 AM: മലപ്പുറം

1 PM: പെരിന്തൽമണ്ണ

3 PM: കരുവാരകുണ്ട്

## ടാസ്ക് ഫോഴ്സ് മീറ്റിംഗ്

ജൂൺ 17 ന് ടാസ്ക് ഫോഴ്സ് മേഖല കോ-ഓർഡിനേറ്റേസിന്റെ മീറ്റിംഗ് ഓൺലൈൻ ആയി നടത്തപ്പെട്ടു. വരുംകാല പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

## അഭിനന്ദനങ്ങൾ, ആശംസകൾ

* മെയ് 26 പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ മംഗളങ്ങൾ നേർന്നു.
* മെയ് 30 പരിശുദ്ധ കുർബാനയുടെ തിരുനാൾ മംഗളങ്ങൾ നേർന്നു.
* മെയ് 31 താമരശ്ശേരി രൂപത യുവജന പ്രസ്ഥാനത്തിന്റെ ട്രഷറർ ബോണി സണ്ണിക്കും എക്സിക്യൂട്ടീവ് അംഗം സെബിൻ ജോസിനും ജന്മദിനാശംസകൾ നേർന്നു.
* ജൂൺ 5 പരിസ്ഥിതി ദിനാശംസകൾ നേർന്നു.
* ജൂൺ 7 ഈശോയുടെ തിരുഹൃദയ തിരുനാൾ മംഗളങ്ങൾ നേർന്നു.
* ജൂൺ 8 മാതാവിന്റെ വിമല ഹൃദയ തിരുനാൾ മംഗളങ്ങൾ നേർന്നു.
* എസ്.എം.വൈ.എം. സംസ്ഥാന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ആഗി മരിയ ജോസഫിന് അഭിനന്ദനങ്ങൾ നേർന്നു.
* നാളിതുവരെ എസ്.എം.വൈ.എം. പ്രസ്ഥാനത്തിന്റെ സംസ്ഥാന പ്രസിഡന്റ് ആയിരുന്ന വിശാഖ് തോമസിന് നന്ദി.
* എസ്.എം.വൈ.എം. സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഇടുക്കി രൂപതാംഗം അലക്സ് തോമസിന് അഭിവാദ്യങ്ങൾ
* ജൂൺ 11 സ്വർഗ്ഗീയ യാത്രയുടെ 30-ാം വർഷത്തിൽ താമരശ്ശേരി രൂപതയുടെ പ്രഥമ ഇടയൻ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന് രൂപത യുവജന കുടുംബത്തിന്റെ പ്രാർത്ഥനാനറുമലരുകൾ.
* ജൂൺ 11 താമരശ്ശേരി രൂപത യുവജന പ്രസ്ഥാനത്തിന്റെ എക്സിക്യൂട്ടീവ് അംഗം ഡെൽബിൻ സെബാസ്റ്റ്യന് ജന്മദിനാശംസകൾ നേർന്നു.
* ജൂൺ 13 അത്ഭുത പ്രവർത്തകനായ പാദുവായിലെ വി. അന്തോണീസിന്റെ തിരുനാൾ മംഗളങ്ങൾ നേർന്നു

**ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ**
ഡയറക്ടർ, കെ.സി.വൈ.എം - എസ്.എം.വൈ.എം

# ഡിജിറ്റലൈസേഷൻ ഓഫ് ഡയോസിസ് പ്രൊജക്ട്

## കാറ്റക്കിസം - ഡിജിറ്റലൈസേഷൻ

കാറ്റക്കിസം ഡിപ്പാർട്ട്മെന്റ് ഡിജിറ്റലൈസേഷന്റെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. എല്ലാ ഇടവകയിൽ നിന്നും ഒരു കോ- ഓർഡിനേറ്ററെ ഇതിനായി കണ്ടെത്തുക. അവർക്കുള്ള ഫോർമേഷൻ ഓൺലൈനായി നൽകുന്നു. ജൂൺ 30 ഞായറാഴ്ച വൈകിട്ട് കൂരാച്ചുണ്ട്, മരുതോങ്കര, വിലങ്ങാട് ഫൊറോനകളിലെ കോ- ഓർഡിനേറ്റേഴ്സിന്റെ ഫോർമേഷൻ നടത്തുന്നതായിരിക്കും. ഒൻപത്, പത്ത്, പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലെ വിദ്യാർത്ഥികളുടെ വിവരങ്ങളാണ് ആദ്യ ഘട്ടത്തിൽ ഡിജിറ്റലൈസ് ചെയ്യുക.

## പ്രീസ്റ്റ് പ്രൊഫൈൽ

രൂപതയിലെ വൈദികരുടെ പ്രൊഫൈൽ, ടൈം ലൈൻ പ്രാഥമിക വിവരങ്ങൾ എന്നിവ അടങ്ങുന്ന പ്രൊഫൈലിലേക്ക് വൈദികരുടെ ക്ലാരിറ്റിയും നിലവാരവുമുള്ള ഫോട്ടോ ഉൾപെടുത്തേണ്ടതുണ്ട്. അതിനായി വാർഷിക ധ്യാനത്തിന് ശേഷം ബഥാനിയ ധ്യാനകേന്ദ്രത്തിൽ സൗകര്യം ഒരുക്കുന്നതായിരിക്കും. എല്ലാ വൈദികരും സഹകരിക്കുമല്ലോ.

## ഇടവക മൈക്രോ സൈറ്റ് - പള്ളിയുടെ ചിത്രങ്ങൾ

രൂപതയുടെ പുതിയ വെബ് സൈറ്റിനൊപ്പം എല്ലാ ഇടവകകൾക്കും മൈക്രോ സൈറ്റുകൾ നിർമ്മിക്കുന്നുണ്ട്. അതിലേക്കായി എല്ലാ ഇടവകകളുടെയും ദേവാലയങ്ങളുടെ മുഖവാരത്തിന്റെയും അൾത്താരയുടെയും ഓരോ ഫോട്ടോസ് താഴെ തന്നിരിക്കുന്ന മെയിൽ ഐഡി യിലേക്ക് അയച്ചു തരുമല്ലോ. digidiocesetmsy@ gmail.com, melvinvellacka@gmail.com അല്ലെങ്കിൽ ഗൂഗിൾ ഡ്രൈവിൽ 9074980447 എന്ന നമ്പറിലേക്ക് ലിങ്ക് അയക്കുകയോ ഡോക്യുമെന്റ് ഫയൽ ആയി മുകളിലെ നമ്പറിൽ വാട്സ് ആപ്പിൽ അയച്ചു തന്നാലും മതിയാകും.

## ന്യൂ സെർവ്വർ, ഡാറ്റാ മൈഗ്രേഷൻ

രൂപത ഡിജിറ്റലൈസേഷന്റെ ഭാഗമായി രൂപതയ്ക്കായി പുതിയ ഡെഡിക്കേറ്റഡ് സെർവ്വർ ഹയർ ചെയ്തു. 24 കോർ കപ്പാസിറ്റിയുള്ള ഈ സെർവ്വറിൽ രൂപതയുടെ മുഴുവൻ ഡിജിറ്റൽ പ്രൊസസുകളും ഉൾക്കൊള്ളിക്കാനാകും. പുതിയ സെർവ്വറിലേക്ക് ഡാറ്റാ മൈഗ്രേഷൻ നടന്നു കൊണ്ടിരിക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ

# ജീസസ്സ്‌യൂത്ത്

### സ്‌റ്റെപ്പ് ടു പ്രോഗ്രാം

ജൂൺ 16 വൈകിട്ട് 5 മുതൽ 17 വൈകിട്ട് 3 വരെ PMOCൽ വച്ച് ഒൻപതാം ക്ലാസ്സ് കഴിഞ്ഞ കുട്ടികൾക്ക് വേണ്ടി നടന്ന പ്രോഗ്രാമിൽ 45 കുട്ടികൾ പങ്കെടുത്തു. വി. കുർബാനയും കുമ്പസാരവും കൗൺസലിംഗ് ശുശ്രൂഷയും കുട്ടികൾക്കു വേണ്ടി നടത്തി.

### Recommitment day

കഴിഞ്ഞ പന്തക്കുസ്താതിരുനാളിന് തങ്ങളുടെ സമർപ്പണം പുതുക്കാൻ സാധിക്കാതിരുന്ന 15 പേർ ജൂൺ 8 ന് കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപമുള്ള MCBS ചാപ്പലിൽ വച്ച് പുനഃസമർപ്പണം നടത്തി.

### പുതിയ മിനിസ്ട്രികൾ

കോഴിക്കോട് സോൺ ജീസസ് യൂത്ത് മ്യൂസിക്ക് മിനിസ്ട്രിയും കിഡ്സ് ടീമും പുതിയതായി രൂപീകരിക്കുന്നു. ഇവരുടെയും പുതിയ കാമ്പസ്, ടീൻസ്, ഇന്റർസെഷൻ മിനിസ്ട്രികളുടെയും അനോയിന്റിങ് ജൂലായ് 13ന് നടത്താൻ തീരുമാനിച്ചിരിക്കുന്നു.

**ഫാ. ഡൊമിനിക് കുഴിവേലിൽ**
ഡയറക്ടർ, ജീസസ്സ്‌യൂത്ത്

# ഇൻഫാം

### കിസാൻ ജെംസ് എക്സെലെൻസ് അവാർഡ്

SSLC, +2 പരീക്ഷകളിൽ ഉന്നത വിജയം നേടിയ കർഷകരുടെ കുട്ടികൾക്ക് ഇൻഫാം സ്വർണ നാണയവും മെമന്റോയും കുടയും, രക്ഷിതാക്കൾക്ക് പൊന്നാടയും പലഹാരപ്പൊതികളും നൽകി ആദരിച്ചു. കർഷകരുടെ മക്കളിൽ നിന്നും ഉന്നത വിജയം നേടിയ കുട്ടികളെ ആദരിക്കാനായി ഇൻഫാം സംഘടിപ്പിച്ച ചടങ്ങ് വ്യത്യസ്തമായി! കർഷകരുടെ മക്കൾ എന്ന നിലയിൽ വിദ്യാർത്ഥികൾ ഈ നാടിനോടും മണ്ണിനോടും പ്രതിബദ്ധതയുള്ളവരായിരിക്കണം എന്ന് കാഞ്ഞിരപ്പള്ളി രൂപത അധ്യക്ഷൻ ജോസ് പുളിക്കൽ ഇൻഫാം ദേശീയ സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കിസാൻ ജൻസ് എക്സലൻസ് അവാർഡ് ദാന ചടങ്ങ് ഉദ്ഘാടനം ചെയ്തു പ്രസംഗിച്ചു. ചടങ്ങിൽ ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റുമുണ്ടയിൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോസ് ചെറുകരകുന്നേൽ മറ്റ് ദേശീയ, സംസ്ഥാന ഭാരവാഹികൾ പ്രസംഗിച്ചു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## മാർച്ച് ഫോർ ലൈഫ്

18/06/2024 ന് തെയ്യപ്പാറ പള്ളിയിൽ വച്ച് ചേർന്ന താമരശ്ശേരി മരിയൻ പ്രോ-ലൈഫ് മുവ്മെന്റ് രൂപത എക്സിക്യൂട്ടീവ് മീറ്റിഗ്ങിൽ വച്ച് KCBC പ്രോ-ലൈഫ് സമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന കേരള മാർച്ച് ഫോർ ലൈഫ് ജീവ സംരക്ഷണ സന്ദേശയാത്ര ജൂലൈ ആദ്യവാരത്തോടെ, കോഴിക്കോട്, താമരശ്ശേരി രൂപതകൾ ഒന്നു ചേർന്ന് നടത്തുവാൻ തീരുമാനിച്ചു.

## സെന്റ് ജീയന്നാ ചാരിറ്റബിൾ ട്രസ്റ്റ്

വലിയ കുടുംബങ്ങളെ അവരുടെ അത്യാവശ്യ സാഹചര്യങ്ങളിൽ വിവാഹം, ഭക്ഷണം, വിദ്യഭ്യാസം, ഭവന നിർമ്മാണം സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിരിക്കുന്നതാണ് സെന്റ്. ജീയന്നാ ചാരിറ്റബിൾ ട്രസ്റ്റ്. ഇതിന്റെ പ്രവർത്തനങ്ങൾ എത്രയും വേഗം നടപ്പിൽ വരുത്തുവാൻ വേണ്ട ക്രമീകരണങ്ങൾക്കായ് മാസത്തിൽ രണ്ട് ഞായറാഴ്ച എന്ന ക്രമത്തിൽ പ്രോ-ലൈഫ് അംഗങ്ങൾ ഇടവക കൾ തോറും സന്ദർശനം നടത്തുന്നതാണ്.

## വിവര ശേഖരണം

പ്രോ-ലൈഫ് മുവ്മെന്റിനെ ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യ ത്തോടെ, മേഖലകൾ കേന്ദ്രികരിച്ച് മൂന്നും അതിൽ കൂടുതലും കുട്ടി കളുള്ള കുടുംബങ്ങളുടെ പേരുവിവരങ്ങൾ ശേഖരിക്കാൻ തീരുമാന മായി. ഇതിനായി ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

## യൂദിത്ത് ഫോറം - രുപത എക്സിക്യൂട്ടീവ്

2024 ജൂൺ 15 ന് തിരുവമ്പാടിയിൽ വെച്ച് രുപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിലിന്റെ അധ്യക്ഷതയിൽ യൂദിത്ത് ഫോറത്തിന്റെ രുപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. രുപതാ പ്രസിഡന്റ് ശ്രീമതി മേരി പൗലോസ് സ്വാഗതം ആശംസിച്ചു. രുപതാ ആനിമേറ്റർ സി. റെനി ജോസ് CMC റിപ്പോർട്ട് അവതരിപ്പിച്ചു. വിവിധ സന്യാസിനി സമൂഹത്തിൽ നിന്ന് ആനിമേറ്റർമാർ പങ്കെടുത്തു. സി. വിമല SH, സി. ലിസാ ജോസ് FCC, സി. ട്രീസ ജോസ് CMC, സി. റോസ് SD, സി. കുസുമം, സി. ഗീത, സി. ജെസ്ലിൻ CMC മറ്റ് രുപതാ പ്രതിനിധികളും പ്രസ്തുത യോഗത്തിൽ പങ്കെടുത്തു. 2024-25 വർഷ ത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള Action Plan തയ്യാറാക്കി. താമരശ്ശേരി രൂപതയിലെ

ഇടവകകളിൽ പ്രവർത്തിക്കുന്ന ഓരോ സന്യാസിനി സമൂഹത്തിൽ നിന്നും ആനിമേറ്റേഴ്സിനെയും യൂദിത്ത് ഫോറം രൂപത എക്സിക്യൂട്ടിവ് അംഗങ്ങളെയും ഉൾപ്പെടുത്തി ജൂലെയ് 13 ശനിയാഴ്ച തിരുവമ്പാടിയിൽ വെച്ച് മീറ്റിംഗ് നടത്തുവാൻ തിരുമാനിച്ചു. സ്വയം തൊഴിൽ സാധ്യതകൾ കണ്ടെത്താൻ പര്യാപ്തമായ സംഘങ്ങൾ രൂപീകരിക്കുന്നതിനെകുറിച്ച് ചർച്ചകൾ നടത്തി. കൊന്ത കെട്ടുക, ഡിസ്പോസിബിൾ ഗ്ലാസ്സ് നിർമ്മാണം, തയ്യൽ, തുടങ്ങിയ തൊഴിലുകൾക്ക് വേണ്ട പരിശീലനം ഓരോ യുണിറ്റിലെ അംഗങ്ങൾക്കും ലഭിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതിനുള്ള ക്രമീകരണം നടത്തുന്നു. രുപത സെക്രട്ടറി മിനി മാത്യു ഏവർക്കും നന്ദിയർപ്പിച്ചു.

### യൂദിത്ത് ഫോറം - മരിയാപുരം

ഫാത്തിമ മാതാ ഇടവകയിലെ യൂദിത്ത് ഫോറം അംഗങ്ങളുടെ സമ്മേളനം 8.6.24 ന് ബഹു വികാരിയച്ചന്റെ നേതൃത്വത്തിൽ നടത്തി. 35 അമ്മമാർ പങ്കെടുത്തു. പ്രസിഡന്റ് ശ്രീമതി മേരിക്കുട്ടി അധ്യക്ഷത വഹിച്ചു. 20 അമ്മമാരെ ചേർത്ത് COD യുടെ കീഴിൽ SHG ( Self Help Group) രുപീകരിക്കുകയും അതിന്റെ ഭാരവാഹികളെ തെരഞ്ഞെടുക്കു കയും ചെയ്തു. കൂടാതെ രോഗി സന്ദർശനം, വിധവകളുടെ ഭവനങ്ങളിലുള്ള ഒരുമിച്ചു കൂടൽ, വചന പഠനം, തീർഥാടനം എന്നിവയും യൂദിത്ത് ഫോറം അംഗങ്ങൾ നിർവഹിക്കുന്നു

### യൂദിത്ത് ഫോറം - തിരുവമ്പാടി

2024 ജൂൺ 5 ന് യൂദിത്ത് ഫോറം പ്രസിഡന്റ് ശീമതി പ്രസന്ന അഴകത്തിന്റെ അധ്യക്ഷതയിൽ യൂദിത്ത് ഫോറത്തിന്റെ പ്രതിമാസ മീറ്റിംഗ് നടത്തി. പ്രാരംഭ പ്രാർഥനയ്ക്ക് ശേഷം സി. ജെസ്‌ലിൻ വിശ്വാസജീവിതത്തെ അധികരിച്ച് ക്ലാസ്സ് നല്കി. 20 പേർ പങ്കെടുത്തു. രോഗി സന്ദർശനം, ആതുരാലയ സന്ദർശനം, എന്നിവ മുടക്കം വരാതെ നടത്തിവരുന്നു.

### യൂദിത്ത് ഫോറം - കൂടരഞ്ഞി

2024 ജൂൺ 6 ന് ബഹു. വികാരിയച്ചന്റെ അധ്യഷതയിൽ യൂദിത്ത് ഫോറം അംഗങ്ങളുടെ മീറ്റിംഗ് നടത്തി. അനിമേറ്റർ സി. കുസുമം ഏവർക്കും സ്വാഗതം ആശംസിച്ചു. കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിന്റെ ഭാഗമായി ഭവന സന്ദർശനം ഊർജ്ജിതമാക്കാൻ തിരുമാനിച്ചു. സാമ്പത്തികമായി സ്വയം പര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി ചിട്ടി കൂടുവാൻ തിരുമാനിച്ചു. യോഗത്തിൽ 25 പേർ പങ്കെടുത്തു. ശ്രീമതി മിനി ഏവർക്കും നന്ദി പറഞ്ഞു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ഇന്റർനാഷണൽ പ്രസിഡന്റ് ജനറൽ ബ്രദർ ജുവാൻ മാനുവൽ ഗോമസിന് കെ.ആർ.സി.സി യുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. ചാലക്കുടി സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ നടന്ന സ്വീകരണയോഗം സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. കെ ആർ സി സി കോഡിനേറ്റർ ബ്രദർ തോമസ് പുലിക്കോട്ടിൽ അധ്യക്ഷത വഹിച്ചു. ഇരിഞ്ഞാലക്കുട സി സി നടപ്പിലാക്കുന്ന പാവ പ്പെട്ട രോഗികൾക്കുള്ള ഡയാലിസിസ് സഹായ പദ്ധതി ബ്രദർ ജുവാൻ ഗോമസ് ഉദ്ഘാടനം ചെയ്തു. ഇരിഞ്ഞാലക്കുട ബിഷപ്പ് മാർ പോളി കണ്ണൂകാടൻ ആത്മീയ സന്ദേശം നൽകി. ദേശീയ പ്രസിഡണ്ട് ബ്രദർ ജൂഡ് മംഗൾരാജ് മുഖ്യ പ്രഭാഷണം നടത്തി.

മരുതോങ്കര ഏരിയ കൗൺസിലിന്റെ സുവർണ്ണ ജൂബിലി സമാപന സമ്മേളനം ജൂൺ 15ന് ശനിയാഴ്ച രാവിലെ 9 മണിക്ക് മരുതോങ്കര പാരിഷ് ഹാളിൽ വച്ച് ഫാ. ആന്റോ മൂലയിൽ ഉദ്ഘാടനം ചെയ്തു. എസി പ്രസിഡണ്ട് ബ്രദർ ജോസ് പുതുക്കുളങ്ങര അധ്യക്ഷത വഹിച്ച യോഗത്തിൽ സിസി സീനിയർ വൈസ് പ്രസിഡണ്ട് ബ്രദർ സിറിയക് പാലംതട്ടയിൽ സിസി വൈസ് പ്രസിഡണ്ട് ബ്രദർ ഐസക് പാറകുളങ്ങര എന്നിവർ പങ്കെടുത്തു. വിൻസന്റ് ഡി പോൾ സജീവ അംഗമായി 50 വർഷം പൂർത്തിയാക്കിയ മരുതോങ്കര കോൺഫറൻസ് അംഗമായ ബ്രദർ ആഗസ്തി പാലാക്കുന്നേലിനെ ആദരിച്ചു.

2024 ജൂൺ 16ന് ഓശാന ഭവനിൽ ചേർന്ന ദേവഗിരി ഏരിയ കൗൺസിൽ യോഗത്തിൽ പുതിയ എസി പ്രസിഡണ്ടായി ബ്രദർ ബെന്നി മാത്യു ഓലിയ കാട്ടിൽ സ്ഥാനം ഏറ്റെടുത്തു പ്രസിഡന്റ് സ്ഥാനം ഒഴിയുന്ന ബ്രദർ റോയി ചാക്കോയെ ആദരിച്ചു താമരശ്ശേരി സി സി ഭാരവാഹികളായ ബ്രദർ സിറിയക് പാലംതട്ടേൽ ബ്രദർ ഐസക് പാറക്കുളങ്ങര എന്നിവർ സത്യപ്രതിജ്ഞ ചടങ്ങിന് നേതൃത്വം നൽകി.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്

# ബഥാനിയ ധ്യാനകേന്ദ്രം

## ധ്യാനങ്ങൾ

ജൂൺ മാസത്തിൽ രണ്ട് ധ്യാനങ്ങൾ ആണ് ഉണ്ടായിരുന്നത്. 2-ാം തിയതി വെള്ളിയാഴ്ച മുതൽ 23 ഞായറാഴ്ച വരെ നടന്ന ധ്യാനം ബഥാനിയ ശുശ്രൂഷകർക്കുവേണ്ടി മാത്രമുള്ളതായിരുന്നു. 2024 ജൂലൈ മുതൽ 2025 ജൂൺ വരെ ബഥാനിയായിൽ ശുശ്രൂഷ ചെയ്യുവാൻ താൽപര്യമുള്ളവർക്കു വേണ്ടിയുള്ള ധ്യാനമായിരുന്നു ഇത്. നിലവിലുള്ള ശുശ്രൂഷകരോടൊപ്പം പുതിയതായി കടന്നുവന്നവരുമുൾപ്പടെ ഇരുന്നൂറോളം പേർ ധ്യാനത്തിൽ പങ്കെടുത്തു. ജീവിതത്തിലെ ഒരു വർഷമെങ്കിലും ഈശോയൊടൊപ്പം ദൈവരാജ്യ ശുശ്രൂഷ ചെയ്യുവാൻ ആഗ്രഹിച്ചു കടന്നുവന്നവർക്കുവേണ്ടി ഒരുക്കപ്പെട്ട ധ്യാനം വരും നാളുകളിൽ ബഥാനിയായ്ക്ക് പുത്തൻ ഉണർവ്വിന് കാരണമാകുമെന്ന് പ്രത്യാശിക്കുന്നു. ബഥാനിയ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുളിക്കൽ, സി. അമൽ തെരേസ് MSMI, സി. നിർമ്മൽ ജോയ് MSMI എന്നിവരടങ്ങിയ ടീമാണ് ധ്യാനം നയിച്ചത്.

ഈ മാസം 28-ാം തിയതി മുതൽ ജൂലൈ ഒന്നാം തിയതി വരെ യായിരുന്നു. ജീവിത വിശുദ്ധീകരണ ധ്യാനം. ചെയ്തുപോയ പാപ ങ്ങൾ ഏറ്റുപറഞ്ഞ സഭയുടെ ഔദ്യോഗിക വിടുതൽ ശുശ്രൂഷയിലൂടെ തിന്മയുടെ സ്വാധീനങ്ങളിൽ നിന്നും മോചനം പ്രാപിച്ച് പരിശുദ്ധാ ത്മാവിന്റെകൃപകളിൽ നിറയുവാനായി ഒരുക്കപ്പെട്ട ഈ ധ്യാനത്തിൽ ഇരുന്നൂറോളം പേർ പങ്കെടുത്തു. ബഥാനിയ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുളിക്കലാണ് ധ്യാനം നയിച്ചത്.

## ഏകദിന കൺവെൻഷനുകൾ

ഈ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും കൺവെൻഷനു കൾ നടന്നു. ആദ്യ വെള്ളിയാഴ്ചയിലെ ശുശ്രൂഷയിൽ പ്രത്യേക നിയോഗങ്ങളോടെ പങ്കെടുക്കുന്നതിനായി കുടുംബസമേതം വന്ന നിരവധി കുടുംബങ്ങൾ ഇത്തവണ ഉണ്ടാ യിരുന്നു. രാവിലെ 9 മണിക്ക് ആരംഭിച്ച വെള്ളിയാഴ്ച ശുശ്രൂഷകളിൽ കുരിശിന്റെ വഴി, ജപമാല, ദിവ്യകാരുണ്യ ആരാധന, സൗഖ്യ ശുശ്രൂഷ. ഡെലിവറൻസ്, ശുശ്രൂഷ, വി. കുർബ്ബാന, വചന സന്ദേശം, വിശുദ്ധ കുമ്പസാരം, സ്പിരിചൽ ഷെയറിങ്ങ് തുടങ്ങിയവ ഉണ്ടായിരുന്നു.

## സ്പിരിചൽ ഷെയറിങ്ങ്

വെള്ളിയാഴ്ചകളിലാണ് സ്പിരിചൽ ഷെയറിങ്ങ് നടക്കുന്നത്. രാവിലെ 9 മണി മുതൽ ആരംഭിക്കുന്ന ഈ ശുശ്രൂഷ നയിക്കുന്നത് പ്രത്യേകം പരിശീലനം നേടിയ ബഹു. സിസ്റ്റേഴ്സും അത്മായരുമാണ്.

## മദ്ധ്യസ്ഥ പ്രാർത്ഥന

ഈ മാസവും ബഥാനിയായിൽ എല്ലാ ദിവസവും മദ്ധ്യസ്ഥ പ്രാർത്ഥന

ഉണ്ടായിരുന്നു. ബഥാനിയായിലെ എല്ലാ ശുശ്രൂഷകളുടേയും അഭിഷേകത്തിന് കാരണം പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരുടെ ത്യാഗപൂർണമായ മദ്ധ്യസ്ഥ പ്രാർത്ഥനയാണ്.

**അഖണ്ഡ ജപമാല 2024**

ജൂലൈ 18-ാം തിയതി വ്യാഴാഴ്ച ആരംഭിക്കുന്നു അഖണ്ഡ ജപമാല സമർപ്പണത്തിനും ദിവ്യകാരുണ്യ ആരാധനയ്ക്കും വേണ്ടിയുള്ള ഒരുക്കങ്ങൾ പ്രാർത്ഥനകളിലൂടെയും പ്രവർത്തന ങ്ങളിലൂടെയും ആരംഭിച്ചു കഴിഞ്ഞു. 101 ദിവസങ്ങൾ നീണ്ടു നിൽ ക്കുന്ന രാത്രിയും പകലും ഇടമുറിയാതെ ദിവ്യ കാരുണ്യ ആരാധ നയും ജപമാല പ്രാർത്ഥനയും നടക്കുന്ന ദിനങ്ങളാണ് വരാൻ പോകു ന്നത്. ലോക സമാധാനവും കുടുംബ വിശുദ്ധീകരണവുമാണ് ഈ വർഷത്തെ അഖണ്ഡ ജപമാലയുടെ പ്രധാന നിയോഗങ്ങൾ.

അനേകർ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഈ ശുശ്രൂഷയിൽ 24 മണിക്കൂറും ആരാധന, ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വൈകിട്ട് 7 മണിക്കും ദിവ്യബലി, 12 മണിക്കുള്ള ദിവ്യബലിയോടനുബന്ധിച്ച് വചന പ്രഘോഷണവും രോഗശാന്തി ശുശ്രൂഷയും എല്ലാ ദിവസവും കുമ്പസാരത്തിനുള്ള സൗകര്യം, പകൽ സമയത്ത് സ്പിരിചൽ ഷെയറിങ്ങിനുള്ള സൗകര്യം, എല്ലാ ദിവസവും ഉച്ചയ്ക്കും രാത്രിയിലും നേർച്ച ഭക്ഷണം, എല്ലാ ദിവസവും പകൽ 3 മണിക്കും രാത്രി 3 മണിക്കും കുരിശിന്റെ വഴി തുടങ്ങിയവ ക്രമീകരിച്ചിരിക്കുന്നു.

**ജൂലൈ മാസത്തിലുള്ള ശുശ്രൂഷകൾ**

| | | |
|---|---|---|
| 05 ആദ്യ വെള്ളി | : | ഏകദിന കൺവെൻഷൻ |
| 07 ഞായർ | : | താമരശ്ശേരി രൂപതാവൈദികരുടെ ധ്യാനം (7-12) |
| 12 വെള്ളി | : | ഏകദിന കൺവെൻഷൻ |
| 18 വ്യാഴം | : | അഖണ്ഡ ജപമാല സമർപ്പണം ആരംഭം |
| 19 വെള്ളി | : | ഏകദിന കൺവെൻഷൻ |
| 26 വെള്ളി | : | ഏകദിന കൺവെൻഷൻ<br>ജീവിത വിശുദ്ധീകരണ ധ്യാനം (26-29) |
| 27 ശനി | : | അഖണ്ഡ ജപമാല സമർപ്പണം<br>10-ാം ദിവസം |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസന വേദി

സെന്റർ ഫോർ ഓവറോൾ ഡെവലപ്മെൻറ് (സി.ഒ.ഡി.) താമരശ്ശേരിയുടെ പുതിയ അമരക്കാരനായി ഫാ. സായി പാറൻകുളങ്ങര ചുമതലയേറ്റു.

## ആരോഗ്യസെമിനാർ

തിരുവമ്പാടി, വിലങ്ങാട്, പുതുപ്പാടി ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ ആരോഗ്യസെമിനാർ സംഘടിപ്പിച്ചു. മഴക്കാലരോഗങ്ങളെക്കുറിച്ചും, സ്ത്രീകളുടെരോഗങ്ങളെക്കുറിച്ചും, മുൻകരുതലുകളെക്കുറിച്ചും, പ്രധിരോധത്തെക്കുറിച്ചും അതാത് ഏരിയ PHC ഹെൽത്ത് ഇൻസ്പെക്ടർ ക്ലാസ്സ് നയിച്ചു. സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ നേതൃത്വം നല്കി.

## എൻ ജി ഓ കോൺഫെഡറേഷൻ സ്കൂൾ കിറ്റ് വിതരണം

സെന്റർ ഫോർ ഓവറോൾ ഡെവലപ്മെന്റ് (COD) താമരശ്ശേരിയുടെ ആഭിമുഖ്യത്തിൽ നാഷണൽ NGO കോൺഫെഡറേഷന്റെ 50% സാമ്പത്തിക സഹായത്തോടെ 227 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. പരിപാടിയുടെ വിതരണോദ്ഘാടനം താമരശ്ശേരി രൂപത ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. സി ഒ ഡി ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, പ്രോജക്ട് ഓഫീസർ സിദ്ധാർഥ് എസ് നാഥ്, പുതുപ്പാടി ഏരിയ കോർഡിനേറ്റർ ഡെയ്സി ജോയ് എന്നിവരുടെ സാന്നിധ്യത്തിൽ താമരശ്ശേരി ബിഷപ്പ് ഹൗസിൽ വെച്ച് പരിപാടി ഉദ്ഘാടനം ചെയ്തു. വിലങ്ങാട്, ചക്കിട്ടപാറ, കൂരാച്ചുണ്ട്, പുതുപ്പാടി, കോടഞ്ചേരി, തിരുവമ്പാടി, കൂടരഞ്ഞി എന്നീ സി ഒ ഡിയുടെ വിവിധ പ്രവർത്തന മേഖലകളിൽ പ്രാദേശിക തലത്തിലും പഠനോപകരണങ്ങൾ വിതരണം ചെയ്തുവരുന്നു.

## സൗജന്യ സ്കൂൾ കിറ്റ് വിതരണം

ഗ്രാമ വികസന സമിതികളുടെ നേതൃത്വത്തിൽ സഹായം ആവശ്യമായ സംഘ അംഗങ്ങളുടെ കുട്ടികൾക്കായി സൗജന്യ സ്കൂൾ കിറ്റ് വിതരണം നടത്തി. സെൻറ് മേരീസ് ആനക്കാംപൊയിൽ സ്കൂൾ ഹെഡ്മാസ്റ്ററിന്റെ ആവശ്യാനുസരണം 3000 രൂപയുടെ ബുക്കുകൾ നൽകി.

## വിനോദയാത്ര

കൂരാച്ചുണ്ട് ഗ്രാമവികസന സമിതിയിലെ കക്കയം എം സി സിയുടെ കീഴിലുള്ള കക്കയം അഫ്മ ഗ്രൂപ്പ് അംഗങ്ങൾ വിനോദ യാത്ര നടത്തി. കോഴിക്കോട് അണ്ടർവാട്ടർ ടണൽ അക്വേറിയം, കോഴിക്കോട് ബീച്ച് എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു.

## ഫുൾ A+ നേടിയ കുട്ടികളെ ആദരിച്ചു

പുതുപ്പാടി ജി വി എസ്ന്റെയും നേതൃത്വത്തിൽ എസ് എസ് എൽ സി, പ്ലസ് 2 ക്ലാസ്സുകളിൽ ഫുൾ A+ നേടിയ കുട്ടികളെ ആദരിച്ചു. കുട്ടികൾക്കുള്ള അവാർഡ് വിതരണം പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ഷിജു ഐസക്ക് നിർവഹിച്ചു.

## കുടുംബാദിനാഘോഷം

വെറ്റിലപ്പാറ ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ മെയ് 15 നു കുടുംബാദിനാഘോഷം സംഘടിപ്പിച്ചു. ശ്രീമതി മേഴ്സി ജെയിംസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ സി. വർഷ കുടുംബജീവിതത്തെക്കുറിച്ച് ക്ലാസ് എടുത്തു.

## സജീവം പ്രൊജക്റ്റ്

സി ഒ ഡി യുടെ ആഭിമുഖ്യത്തിൽ സജീവം ടാസ്ക് ഫോഴ്സ് ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. സായി പാറക്കുളങ്ങര ഉദ്ഘാടനം ചെയ്തു. കാരിത്താസ് സ്റ്റേറ്റ് കോർഡിനേറ്റർ ശ്രീ അബീഷ്, സജീവം സ്റ്റേറ്റ് കോർഡിനേറ്റർ ശ്രീ. സജോ ജോയ്, നിയമ വിദ്യാർത്ഥി ഇവാഞ്ചലൈൻ റോസ് എന്നിവർ വിവിധ വിഷയങ്ങൾ ക്ലാസ്സെടുത്തു. സി ഒ ഡി പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. ജോയ് കെസി സ്വാഗതം പറഞ്ഞ പരിപാടിയിൽ സജീവം DSS കോർഡിനേറ്റർ ശ്രീ. സിദ്ധാർഥ് എസ് നാഥ് നന്ദി അർപ്പിച്ചു.

## മരുന്ന് നിർമ്മാണം

ചുമ, കഫക്കെട്ട്, വയറുവേദന, ശ്വാസം മുട്ടൽ എന്നിവ കുറയാൻ സഹായിക്കുന്ന താലിസ് പത്രാദിചൂർണം കാറ്റുള്ളമല ദർശന മഹിളാസമാജംഗങ്ങൾ പരിചയപ്പെടുത്തി. കൂടാതെ മരുന്ന് ഉണ്ടാക്കുന്ന രീതിയും പഠിപ്പിച്ചു.

## സെൻറ് അൽഫോൻസാ ഡയാലിസിസ് സെന്റർ വേനപ്പാറ

നല്ലരീതിയിൽ മുന്നോട്ട് പോവുന്ന വേനപ്പാറ സെൻറ് അൽഫോൻസാ ഡയാലിസിസ് സെന്ററിൽ രണ്ട് ഡയാലിസിസ് രോഗികൾ ആണ് ഉള്ളത്. ഒന്നിടവിട്ട ദിവസങ്ങളിലാണ് ഇവർ ഡയാലിസിസിനായി എത്തുന്നത്. ഡോക്ടർ മാർട്ടിൻ ജൂൺ ഒന്നാംതീയതി രോഗികളെ സന്ദർശിച്ചു. അതോടൊപ്പം ഡോക്ടറിനെ എപ്പോഴും ഓൺലൈനിലും ലഭ്യമാണ്.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി

# യേശുനിധി

2024 മെയ് മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Chathangottunada | 10,000.00 |
| 2 | Kallanode | 8,000.00 |
| 3 | Manjeri | 15,000.00 |
| 4 | Panamplave | 15,000.00 |
| 5 | Poilomchal | 8,000.00 |
| 6 | Thiruvambady | 15,000.00 |
| 7 | Thottumukkam | 15,000.00 |

**Home**

| | | |
|---|---|---|
| 8 | Kalikavu | 10,000.00 |
| 9 | Manjakunnu | 5,000.00 |
| 10 | Maruthomkara | 10,000.00 |
| 11 | Muthappanpuzha | 15,000.00 |
| 12 | Palloor | 15,000.00 |
| 13 | Poilomchal | 15,000.00 |
| 14 | Theyyappara | 15,000.00 |
| 15 | Vilangad | 15,000.00 |

**Medical**

| | | |
|---|---|---|
| 16 | Balussery | 8,000.00 |
| 17 | Kakkadampoil | 5,000.00 |
| 18 | Kallanode | 10,000.00 |
| 19 | Kariyathumpara | 10,000.00 |
| 20 | Karuvarakundu | 12,000.00 |
| 21 | Karuvarakundu | 12,000.00 |
| 22 | Kodanchery | 15,000.00 |
| 23 | Kondotty | 15,000.00 |
| 24 | Koodathai | 15,000.00 |
| 25 | Koorottupara | 8,000.00 |
| 26 | Kundayithode | 12,000.00 |
| 27 | Kuppayakode | 8,000.00 |
| 28 | Manjakunnu | 10,000.00 |
| 29 | Manjakunnu | 10,000.00 |
| 30 | Maramchatty | 10,000.00 |
| 31 | Muthappanpuzha | 10,000.00 |
| 32 | Muthukad | 15,000.00 |
| 33 | Panamplave | 10,000.00 |
| 34 | Poothampara | 10,000.00 |
| 35 | Thamarassery | 20,000.00 |
| 36 | Theyyappara | 10,000.00 |
| 37 | Theyyappara | 15,000.00 |
| 38 | Valillapuzha | 15,000.00 |
| 39 | Vaniambalam | 8,000.00 |
| | **Total** | **4,59,000.00** |

**ഫാ. കുര്യാക്കോസ് മുകാല**
ഫിനാൻസ് ഓഫീസർ

# അജപാലനകുറിപ്പുകൾ

**മെയ്**

27. രാവിലെ പുല്ലൂരാംപാറ സെന്റ് ജോസഫ് ദൈവാലയത്തിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

രാവിലെ രൂപത ആലോചന സമിതി യോഗത്തിൽ ആദ്ധ്യക്ഷത വഹിച്ചു.

വൈകുന്നേരം തിരുവമ്പാടി ഇടവകയിൽ ഒരു രോഗിയുടെ ഭവനം സന്ദർശിച്ചു.

28. രാവിലെ, തിരുവമ്പാടി കർമ്മലീത്ത സന്യാസ സമൂഹത്തിന്റെ പ്രോവിൻഷ്യൽ ഹൗസ് കപ്പേളയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

29. രാവിലെ, താമരശ്ശേരി ചാവറ ഹോസ്പിറ്റൽ കോൺവെന്റ് കപ്പേളയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

30 ജൂൺ 30 വിദേശത്ത് അജപാലന ശുശ്രൂഷയിലും പഠനത്തിലും ആയിരിക്കുന്ന താമരശ്ശേരി രൂപതാംഗങ്ങളായ വൈദികരെയും സന്യസ്തരെയും സന്ദർശിച്ചു.





# GENERAL AUDIENCE

*Wednesday, 19 June 2024*



What makes the Psalms worthy of our attention is that they were the prayer of Jesus, of Mary, of the Apostles and of all the Christian generations that came before us. When we recite them, God listens to them with that grandiose “orchestration” that is the communion of Saints. According to the Letter to the Hebrews, Jesus, enters the world with a verse from a Psalm in his heart: “Lo, I have come to do thy will, O God” (cf. Heb 10:7; Ps 40:9). And according to the Gospel of Luke, he leaves the world with another verse on his lips: “Father, into thy hands I commit my spirit” (Lk 23:46; cf. Ps 31:6).

The use of Psalms in the New Testament is followed by that of the Fathers and the entire Church, which makes them a fixed element in the celebration of Mass and the Liturgy of the Hours. “All the Sacred Scripture breathes the goodness of God”, says Saint Ambrose, “but in particular the sweet book of the Psalms” [2] — the sweet book of the Psalms. I wonder, do you pray with the Psalms from time to time? Do you pick up the Bible and pray a Psalm? When you are a bit sad for having sinned, for example, do you pray Psalm 50? There are many Psalms that help us keep going. Form the habit of praying with the Psalms. I assure you that you will be happy in the end.

THAMARAMOTTUKAL

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 29-06-2024 |




Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 26, issue 07, July 2024, Pages 80.